കുട്ടമത്ത് കുന്നിയൂര് സാഹിത്യസമുച്ചയം

ദ്വിതീയവർഷം നമ്പ്ര് 4.

# അംശുമതീ ധർമ്മഗുപ്തം

(സംഗീതനാടകം)

ഒന്നാം ഭാഗം

146

കുഞ്ഞമ്പുക്കുറുപ്പ്

inted at the Sri Narayana Press,—Tellicherry.

and

ublished by K. K. Narayana Kurup, Tellicherry.

# വിജ്ഞാപനം.

കട്ടമത്ത് കുന്നിയൂര് സാഹിത്യസമുച്ചയം ദ്വിതീയവർഷം 4-ാംനമ്പ്ര "അംശുമതീധർമ്മഗുപ്തം" സംഗീതനാടകം ഇതാ പ്രസിദ്ധീകരിച്ചു കഴിഞ്ഞു 3-ാംനമ്പ്ര് പുസ്തകംവരെ അതാതു ഇംഗ്ലീഷുമാസം 15-ാംനു-യാണല്ലൊ പ്രസിദ്ധീകരിക്കുക പതിവ്. ചില ഗൌരവമേറിയ അസൌകൎയ്യങ്ങളെക്കൊണ്ടു ആ 15-ാംനു- ഭേദപ്പെടുത്തി അതാത് ഇംഗ്ലീഷുമാസാവസാനദിവസം പ്രസിദ്ധീകരിക്കാൻ പോസ്റ്റൽ ഡിപ്പാർട്ട്മെണ്ടിലെ അനുമതി ലഭിക്കുകയും അതുപ്രകാരം ഈ 4-ാംനമ്പ്ര് ഇന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തതാണ് ഇനി 5-ാംനമ്പ്രമുതൽ എല്ലാ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നത് **അതാത് മാസാവസാനദിവസമായിരിക്കും** എന്നു എല്ലാവരേയും അറിയിക്കുന്നു.

കടലാസ്സിനു മൂന്നിരട്ടി വില വൎദ്ധിച്ച ഈ ദുൎഭിക്ഷകാലം ഞങ്ങളുടെ പ്രയത്നത്തിൽ മാന്യവരിക്കാരുടെ അനുകമ്പാപ്രദൎശനം പിന്നോക്കം വെക്കുന്നത് അത്യന്തം സാഹസമാണ്. മാന്യമഹാശയന്മാരെ! സമുച്ചയത്തിന്റെ ബന്ധുക്കളായ നിങ്ങൾ അവനവന്റെ വരിസംഖ്യ ബോംബെ, മദ്രാസ്, ബൎമ്മ മുതലായ അന്യനഗരനിവാസികൾ മണിയോൎഡർ ചെയ്തും സമീപദേശവാസികൾ ഒപ്പിട്ടു അച്ചടി രശീതിയോടുകൂടി വരുന്ന ഞങ്ങളുടെ ഏജെന്റ്മാരുടെ കൈവശം അയച്ചും മററു സഹായോപായങ്ങൾ ചെയ്വാൻ ഈ വിജ്ഞാപനംമൂലം പ്രത്യേകം അഭ്യൎത്ഥിച്ചുകൊള്ളുന്നു.

ഇനിയത്തെ 5-ാംനമ്പ്ര പുസ്തകം കട്ടമത്തിന്റെ "അമൃതരശ്മി" മൂന്നാംഭാഗമായിരിക്കും.

പ്രവൃത്തകന്മാർ.


# ഹസ്തമുദ്രാശാസ്ത്രം.

ഹസ്തമുദ്രയുടെ ജ്ഞാനം ഇല്ലാതെ കഥകളികണ്ടാസ്വദിക്കുന്നത് എളുപ്പമല്ല; എ. സി. കൃഷ്ണൻനായരവർകൾ ഹസ്തമുദ്രാശാസ്ത്രത്തെ ലളിതഭാഷയിൽ അൎത്ഥത്തോടുകൂടി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഗ്രന്ഥവില ക. 1.

മേൽവിലാസം:— എ. സി. കൃഷ്ണൻ നായർ, വക്കീൽ

(വി പി ചാർജ്ജ് പുറമെ) പോസ്റ്റ് നാദാപുരം.

കുട്ടമത്ത് കുന്നിയൂര് സാഹിത്യസമുച്ചയം

ദ്വിതീയവര്ഷം നമ്പ്ര് 4

# അംശുമതീ ധര്മ്മഗുപ്തം

(സംഗീതനാടകം)

പ്രണേതാ:

**യശശ്ശരീരൻ**

കുട്ടമത്ത് കുന്നിയൂര് കുഞ്ഞമ്പുക്കുറുപ്പ്

പ്രസാധകൻ:

കെ. കെ. നാരായണക്കുറുപ്പ്

1940 ജൂൻമാസം

ശ്രീനാരായണപ്രസ്സ്, തലശ്ശേരി.

കോപ്പി 500

വില 0—8—0

സാഹിത്യസമുച്ചയം മുദ്രപതിയാത്ത പുസ്തകം

വ്യാജനിർമ്മിതമായിരിക്കും

# പ്രസ്താവന.

ഈ 'അംശുമതിധമ്മഗുപ്തം' സംഗീതനാടകത്തിൻെറ കത്താവ് കുട്ടമത്ത് കുന്നിയൂര് സാഹിത്യ സമുച്ചയം ഒന്നാമത്തെവഷം 8ഉം 9ഉം നമ്പരായി പ്രസിദ്ധീകരിച്ച "കീത്തിഭൂഷണചരിത്രം" മണിപ്രവാളകാവ്യത്തിൻെറ പ്രണേതാവായ കുഞ്ഞമ്പുക്കുറുപ്പവർകൾ എന്ന ഞങ്ങളുടെ ജ്യേഷ്ഠപാദർ തന്നെയാണ്. സാഹിത്യലോകത്തിലും, വൈദ്യപ്രാവീണ്യത്തിലും സുപ്രസിദ്ധി നേടിയ അവിടുത്തെ ജീവചരിത്രസംക്ഷേപം ശ്രീ. പി. കുഞ്ഞിരാമക്കുറുപ്പ്. ബി. എ., എൽ. ടി. അവർകളുടെ അവതാരിക വ്യക്തമാക്കീട്ടുണ്ട്.

എന്നാൽ ഈ 'അംശുമതീമ്മഗുപ്തം' നാടകനിമ്മാണത്തെപ്പററി പ്രസ്താവിപ്പാൻ എനിക്കു ഒരു പ്രത്യേകം കടമയുണ്ട്. ഈ ഗ്രന്ഥകത്താവു, വൈദഭീവാസുദേവം, ഉഷാനിരുദ്ധം എന്നീ രണ്ടു ശ്ലോകനാടകങ്ങൾ എഴുതി പ്രഖ്യാതിനേടി വിശ്രമിച്ച അവസരമായിരുന്നു ചില സംഗീതനാടകങ്ങളുടെ ആവിർഭാവം. സംഗീതത്തിൽ അവിടുത്തേക്ക് രാസിക്യമുണ്ടെങ്കിലും, അന്നു പ്രചരിച്ചിരുന്ന ചില സംഗീതനാടകങ്ങൾ, സാഹിത്യചമൽക്കാരം മതിയാവുകയാലോ എന്തോ അവിടുത്തേക്ക് അത്ര രുചികരമല്ലയായിരുന്നു. അങ്ങിനെയിരിക്കെ എൻെറ ജ്യേഷ്ഠൻ കുഞ്ഞികൃഷ്ണക്കുറുപ്പവർകൾ ഉണ്ടാക്കിയ "ദേവയാനീചരിതം" സംഗീതനാടകം, അഭ്യസിപ്പിക്കുന്ന കാലം, അഭിനയരംഗത്തിൽ വെച്ചു കാണുവാൻ സംഗതിവന്നു. കൊല്ലവഷം 1081ൽ ആയിരുന്നു ദേവയാനിചരിതത്തിൻെറ ഉത്ഭവവും പ്രചാരാരംഭവും ദേവയാനിചരിതത്തിൽ പല ഭാഗങ്ങളും അതിവാത്സല്യബുദ്ധ്യാ കുഞ്ഞമ്പുജ്യേഷ്ഠൻ പരിഷ്കരിച്ചിട്ടുണ്ട്. ആ നാടകം കളിച്ചു കാണുന്നതു്. അവിടുത്തേക്ക് അളവററ സന്തോഷവുമായിരുന്നു. ആ കാലത്താണ് ഈ 'അംശുമതിധമ്മഗുപ്തം' നാടകം അവിടുന്നു എഴുതുവാൻ തുടങ്ങിയതു്. ദേവയാനീചരിതത്തിലെ വണ്ണമട്ടുകൾ 'അംശുമതിധമ്മഗുപ്ത'ത്തിലും കാണാം. ആ വക വണ്ണമട്ടുകളെല്ലാം അവസരോചിതം അവിടുന്നു പാടിക്കേൾപ്പിക്കുവാൻ എന്നോടു ആജ്ഞാപിക്കുകയും, പ്രസന്നഗംഭീരങ്ങളും, ശ്രവണമധുരങ്ങളുമായ പാട്ടുകൾ നിമ്മിച്ചുതരികയും ചെയ്യുക പതിവായിരുന്നു. എന്നാൽ സുപ്രസിദ്ധനടനായ, ഭാഗവതർ എ. ചന്തുക്കുട്ടിനായരിൽ നിന്നും, മററു ഭാഗവതന്മാരിൽ നിന്നും അംഗീ

കരിച്ച വർണ്ണമട്ടുകൾക്കനുസരിച്ചാണ് ഈ നാടകത്തിലെ സംഗീതപാദപ്രവാഹം. 1081ാമാണ്ടുമുതൽ ഏകദേശം അഞ്ചുവർഷത്തിലധികകാലംവരെ ഈ അംശുമതീധർമ്മഗുപ്തം നാടകത്തിൽ നിരന്തരപ്രയത്നം ഉണ്ടായിട്ടുണ്ട്. ഈ നാടകംസമസ്തസാമഗ്രികളോടുകൂടി ഒരു പ്രത്യേക സംഘമാക്കി പ്രചരിപ്പിക്കേണമെന്നു അവിടുത്തേക്ക് ഉദ്ദേശവും ഉണ്ടായിരുന്നു. പക്ഷേ നിർഭാഗ്യവാന്മാരായ അസ്മാദൃശന്മാർക്ക് ആ ഉദ്ദേശം സഫലമായിക്കാണ്മാൻ സാധിച്ചില്ല. 1086 ഇടവം 26ാ-ംനു- ഞങ്ങളെയെല്ലാം അത്യന്തദുഃഖത്തിലാഴ്ത്തി അവിടുന്നു കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്തു.

പിന്നീടാണ് 'ബാലഗോപാലൻ' നാടകത്തിന്റെ ആവിർഭാവം 'ബാലഗോപാലൻ' നാടകം നീലേശ്വരം രാജാസ് ഹൈസ്കൂളിൽ കളിച്ച ശേഷം കുട്ടമത്ത്വെച്ച് എന്റെ സ്വന്തം മാനേജ്മെൻറിൽ ഒരു നാടകയോഗം നടത്തിയിരുന്നു. ആ യോഗത്തിൽ ഈ 'അംശുമതീധർമ്മഗുപ്തം' ഒന്നാംഭാഗം കൂടി നടന്മാരെക്കൊണ്ടു അഭ്യസിപ്പിക്കുകയും, കാസ്സറഗോഡുമുതൽ വടകരവരെ പല ഹൈസ്കൂളുകളിലും മററുമായി ഈ രണ്ടു നാടകങ്ങളും മഹാജനസമക്ഷം പ്രദർശിപ്പിക്കുകയുംചെയ്തിട്ടുണ്ട്.

'അംശുമതീധർമ്മഗുപ്തം' നാടകം ഒന്നും രണ്ടും ഭാഗങ്ങളായിട്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അവയിൽ ഒന്നാംഭാഗം മാത്രമാണ് ഈ പ്രസിദ്ധീകരണം. ഈ നാടകത്തിലെ കഥാവസ്തു 'ശിവപുരാണം' പ്രദോഷമാഹാത്മ്യത്തിൽ അന്തർഭവിച്ചതാണ്- സത്യരഥൻ എന്ന വിദർഭരാജാവു സാല്വൻ എന്ന ശത്രുരാജാവിനാൽ പോർക്കളത്തിൽ വെച്ചു വധിക്കപ്പെടുന്നു. സത്യരഥന്റെ പത്നിമാരിൽ പരിപൂർണ്ണഗർഭിണിയായ ഒരു പത്നി, ഭയപ്പെട്ട് ആ രാജ്യംവിട്ടോടി വനാന്തരത്തിൽ ചെന്നുചേർന്ന ഉടനെ ഒരു ആൺകുട്ടിയെ പ്രസവിക്കുന്നു. ദുസ്സഹമായ ദാഹംനിമിത്തം വെള്ളംകുടിപ്പാൻ ആ ബാലനെ രാജപത്നി പ്രസവസ്ഥലത്തു കിടത്തി അടുത്ത താമരപൊയ്കയിലേക്കു പോകുന്നു. വെള്ളം കോരിക്കുടിക്കുവാനൊരുങ്ങിയ അവളെ ഒരു മുതല കടിച്ച് സരസ്സിന്നടിയിൽ ആഴ്ത്തുന്നു അനാഥനായ ശിശു കാട്ടിൽ കിടന്നു കരയുന്നു. യദൃച്ഛയാ ഉഷ എന്ന ദരിദ്രയായ ഒരു ബ്രാഹ്മണസ്ത്രീ എട്ടുമാസം മാത്രം പ്രായമുള്ള തന്റെ ഉണ്ണിയോടൊപ്പം കടന്നുവരികയും ആ അശരണനായ ശിശുവെക്കണ്ടു വിസ്മയിച്ചും വിഷാദിച്ചും കൊണ്ടിരിക്കെ ഒരു സന്യാസി വന്നു ബാലനെ രക്ഷിപ്പാൻതന്നെ

പ്രോത്സാഹിപ്പിക്കുന്ന ഭിക്ഷാടനം ചെയ്തുകൊണ്ട് ബ്രാഹ്മണസ്ത്രീ കുട്ടികളെ പോററിവളത്തി അവക്ക അഞ്ചു വയസ്സായ അവസരം ആകസ്മികമായി ശാണ്ഡില്യമഹഷിയെ കാണ്മാനിടവരുന്നു. മഹഷിയിൽ നിന്നു ആ അനാഥശിശുവിൻെറ (ധമ്മഗുപ്തൻെറ) അച്ഛനമ്മമാരുടെ വിവരവും, മററും ബ്രാഹ്മണി മനസ്സിലാക്കുന്നു. ബ്രാഹ്മണിയുടെ അപേക്ഷപ്രകാരം രണ്ടുകുട്ടികൾക്കും ശാണ്ഡില്യമഹഷി ഉപനയനകർമ്മം കഴിച്ചു പ്രദോഷവ്രതാനുഷ്ഠാനം ഉപദേശിക്കുന്നു. ബ്രാഹ്മണിയുടെ പുത്രൻെറ നാമം ശുചിവ്രതൻ എന്നാണ് വ്രതാനുഷ്ഠാനഫലമായി ശുചിവ്രതന്നു പരമശിവപ്രസാദംകൊണ്ടു ഒരു നിധികുംഭം ലഭിക്കുന്നു. ധർമ്മഗുപ്തന്നാകട്ടെ കുറേമാസം കഴിഞ്ഞശേഷം 'അംശുമതി'യെന്ന ഒരു ഗന്ധവ്വകന്യകയുമായി സമ്മേളിപ്പാനും, പരസ്പരം ദാമ്പത്യസിദ്ധിയെ വ്യഞ്ജിപ്പിപ്പാനും സംഗതിവരുന്നു. അടുത്ത മൂന്നാംദിവസം ശ്രീപരമേശ്വരൻെറ ആജ്ഞപ്രകാരം അംശുമതിയുടെ അച്ഛനായ ദ്രമിളൻ എന്ന ഗന്ധവ്വൻ അംശുമതിയോടും പരിവാരങ്ങളോടും കൂടി ചേന്ന് ധർമ്മഗുപ്തനെയും ശുചിവ്രതനെയും ഉഷയെയും ചെന്നുകണ്ടു വനത്തിൽ വെച്ചു അംശുമതിയുടെയും ധർമ്മഗുപ്തൻെറയും വിവാഹം ആഘോഷിക്കുന്നു. പിന്നീട് ആ ഗന്ധവ്വരാജൻ സൈന്യസമേതം ധർമ്മഗുപ്തനോടൊപ്പം സാലപനെ പോക്കുവിളിക്കുകയും ഘോരസമരത്തിൽ സാലപനെ കൊന്നു വിദഭരാജ്യം കയ്ക്കലാക്കുകയും ചെയ്യുന്നു. രാജ്യം നവീകരിച്ച് അംശുമതിയും ധമ്മഗുപ്തനും പട്ടാഭിഷേകം കഴിച്ച് രാജദമ്പതിമാരായി ഉഷയോടും ശുചിവ്രതനോടും കൂടി സസുഖം വസിക്കുകയും ചെയ്യുന്നു. ഇങ്ങിനെയാണ് പുരാണത്തിലെ കഥാവസ്തുസംഗ്രഹം.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന നാടകം ഒന്നാംഭാഗം അംശുമതിധമ്മഗുപ്തന്മാർ ദാമ്പത്യത്തെക്കുറിച്ച് സംഭാഷണം ചെയ്യുന്ന ഘട്ടംവരെ മാത്രമാണ്. എന്നാൽ ശാകുന്തളം, ഉത്തരരാമചരിതം മുതലായ നാടകങ്ങളെപോലെ കഥാഗതിക്കനുകൂലമായി രസപുഷ്ടിവരുത്തിക്കുവേണ്ടി പല പാത്രങ്ങളെയും ഈ നാടകത്തിലും സ്വകപോലകല്പിതങ്ങളാക്കീട്ടുണ്ട്.

ഈ അംശുമതിധർമ്മഗുപ്തത്തെക്കുറിച്ച് ദേവയാനിചരിതം നാടകത്തിൻെറ അവതാരികയിൽ സാഹിത്യനായകൻ:— കെ. ടി. ചന്തുനമ്പ്യാരവർകൾ ഇങ്ങിനെ പ്രസ്താവിക്കുന്നു:—

"കുട്ടമത്ത് കുന്നിയൂര് തറവാട്ടുകാരെ സംബന്ധിച്ചേടത്തോളം വാണീഭഗവതി തുലോം സ്ഥിരപ്രതിപത്തിയോടെയാണിരിക്കുന്നത്. കുഞ്ഞുണ്ണിക്കുറുപ്പും, രാമക്കുറുപ്പും ഗീർവാണസാഹിത്യത്തിലെന്നപോലെ കുഞ്ഞമ്പുക്കുറുപ്പ് ഭാഷാസാഹിത്യത്തിലെ മർമ്മജ്ഞനായ കവിതിലകനായിരുന്നു. വൈദർഭീവാസുദേവം, ഉഷാനിരുദ്ധം, അംശുമതീധർമ്മഗുപ്തം എന്നീ സല്കാവ്യഹാരങ്ങൾ ഏതൊരു ഭാഷായോഷക്കും അമൂല്യങ്ങളായ അലങ്കാരങ്ങളല്ലെന്നു ആർക്കുംതന്നെ പറഞ്ഞുകൂട."

"മഹാകവി. കെ. സി. കേശവപ്പിള്ളയുടെ രാഘവമാധവവും, സദാരാമയും ഉൽകൃഷ്ടഗാനനാടകങ്ങളാണെന്നു ഇവിടെ വിസ്മരിച്ചിട്ടില്ല. എന്നാൽ താരതമ്യവിഷയങ്ങളിൽ ഉണ്ണായിയുടെ അനന്തരവസ്ഥാനം അംശുമതീധർമ്മഗുപ്തം മുദ്രണം കഴിഞ്ഞു പുറത്തിറങ്ങുന്നതുവരെ കുഞ്ഞികൃഷ്ണക്കുറുപ്പിന്നു നൽകാതെ ഗത്യന്തരമില്ല."

കുഞ്ഞമ്പുജ്യേഷ്ഠന്റെ ഒടുവിലത്തെ കവിതയായ ഈ അംശുമത്ധർമ്മഗുപ്തം; വിചാരംപോലെ അവിടുത്തേക്കിടവന്നില്ലെങ്കിലും ഒരു വിധേന രംഗപ്രവേശനം ചെയ്യിച്ചും ഇങ്ങിനെ അച്ചടിപ്പിച്ചും പ്രസിദ്ധീകരിപ്പാൻ, ആ വന്ദ്യജ്യേഷ്ഠപാദന്റെ അനുഗ്രഹം എനിക്ക് വേണ്ടപോലെ സാദ്ധ്യമായിട്ടുണ്ടെന്ന കൃതാർത്ഥതയേയും, അവിടുത്തെ കയ്യെഴുത്ത്കരട്കോപ്പിയായികിടക്കുന്ന ഈ ഗ്രന്ഥം അച്ചടിക്കത്തക്കവണ്ണം ടിപ്പണിയോടുകൂടി അസ്സലെഴുതിയും മറ്റും ഞങ്ങൾക്കു സഹായിച്ച ശ്രീ: കെ. കെ. കരുണാകരക്കുറുപ്പോടുള്ള നന്ദിയേയും ഈ ഗ്രന്ഥത്തെ മാത്രമല്ല ദേവയാനീചരിതം തുടങ്ങി പലേ ഗ്രന്ഥങ്ങളേയും അവതാരികകളാൽ ശോഭനീയങ്ങളാക്കിത്തീർത്ത ഞങ്ങളുടെ ആത്മമിത്രമായ മ. രാ. രാ. കെ. ടി ചന്തുനമ്പ്യാരവർകളോടു ഞങ്ങൾക്കുണ്ടായിവരുന്ന അകൈതവമായ ബഹുമാനചിന്തയേയും ഇവിടെ രേഖപ്പെടുത്തീട്ടും കൊണ്ടു ഞാൻ ഈ പ്രസ്താവനയെ അവസാനിപ്പിച്ചുകൊള്ളുന്നു.

തലശ്ശേരി,
30--6--1940.

കെ. കെ നാരായണക്കുറുപ്പ്,
പ്രസാധകൻ.

# അവതാരിക.

"സമുദായത്തിൻെറ പുരോഗതിസ്ഥാനത്തിൽ നിന്നു കരാറിലേക്കാണ്" എന്നു പ്രതിപദം തർജ്ജമ ചെയ്യാവുന്ന ഒരു പ്രമാണം ഇംഗ്ലീഷ് രാഷ്ട്ര ശാസ്ത്രത്തിലുണ്ട് "The progress of society is from status contract." ഈ പ്രമാണത്തിൻെറ താല്പര്യം ഏതാണ്ടിപ്രകാരമാണ് ആദികാലങ്ങളിൽ മനുഷ്യരുടെ യോഗ്യത കണക്കാക്കിയിരുന്നതു, ഒരു മനുഷ്യൻ ഇന്ന സമൂഹത്തിലെ (കുലത്തിലെ) ഒരംഗമാണ് എന്നുള്ളതുകൊണ്ടായിരുന്നു. എന്നാൽ ക്രമേണ ക്രമേണ ആ നില പോയി; ഇക്കാലത്താണെങ്കിൽ ഒരു മനുഷ്യൻെറ വില അവൻെറ വ്യക്തിപരമായ യോഗ്യതയെ ആശ്രയിച്ചാണിരിക്കുന്നതു. അവൻ ഇന്ന സമൂഹത്തിലുള്ള ആളാണെന്നതുകൊണ്ടല്ല അവൻ ഇന്നിന്നതെല്ലാം സാധിച്ചവനാണെന്നതുകൊണ്ടാണ് അവനെ സമുദായം ബഹുമാനിക്കുന്നതു.

ഈ പരമാർത്ഥം മഹാകവി കുട്ടമത്ത് എന്നെ പലപ്പോഴും അനുസ്മരിപ്പിക്കാറുണ്ട് രാമക്കുറുപ്പ്, കേളുക്കുറുപ്പു കുഞ്ഞുണ്ണിക്കുറുപ്പ്, കുഞ്ഞമ്പുക്കുറുപ്പ് എന്നിങ്ങിനെയുള്ള സരസ്വതീപ്രസാദസമ്പന്നന്മാരുടെ ജന്മഗേഹമായ കുട്ടമത്ത് കുന്നിയൂര് തറവാട് സ്ഥാനത്തിൻെറ കാലത്തു നിന്നും തുലോം പുരോഗമനം ചെയ്തു ഇപ്പോൾ സാക്ഷാൽ "കുട്ടമത്തി"ൻെറ വ്യക്തിപരമായ മഹാകവിത്വത്തിൽ കയറിക്കഴിഞ്ഞിരിക്കയാണ്.

ആ മഹാകവിയുടെ രക്ഷാധികാരത്തിലും മേൽനോട്ടത്തിലും കെ. കെ. സാഹിത്യസമുച്ചയത്തിലെ ദ്വിതീയവർഷം 4-ാം ഗ്രന്ഥമായി ഈ അംശുമതീധർമ്മഗുപ്തമെന്ന വിശിഷ്ടഗ്രന്ഥത്തെ അവതരിപ്പിപ്പാൻ എനിക്കു വളരെ സന്തോഷമുണ്ടു. ഇതിന്റെ പ്രണേതാവായ കുട്ടമത്ത് കുന്നിയ്യൂര് കുഞ്ഞമ്പുക്കുറുപ്പ് വളരെ വ്യുൽപന്നനും സരസനുമായ ഒരു മഹാകവിയുമായിരുന്നു അദ്ദേഹത്തിന്റെ കൃതികളായ വൈദർഭീവാസുദേവം, ഉഷാനിരുദ്ധം, കീർത്തിഭൂഷണചരിത്രം മുതലായി മുദ്രണം ചെയ്തു പ്രസിദ്ധീകൃതങ്ങളായിക്കഴിഞ്ഞിട്ടുള്ള സരസഗ്രന്ഥങ്ങൾ മാത്രമല്ല അദ്ദേഹം പല സന്ദർഭങ്ങളിലായി ഉണ്ടാക്കീട്ടുള്ള പല ഒററശ്ലോകങ്ങളും ഉത്തരകേരളീയരുടെ ഇടയിൽ ഇന്നും അദ്ദേഹം സ്നേഹത്തോടും ബഹുമാനത്തോടും അഭിമാനത്തോടും കൂടി സ്മരിക്കപ്പെടുവാൻ കാരണങ്ങളാകുന്നുണ്ട്. അദ്ദേഹം തന്റെ ഒരുത്തമസ്നേഹിതനായ ഒരു പ്രഭുവിന്റെ വീട്ടിൽ ഒരു വെളുത്തവാവുനാൾ സന്ധ്യാസമയത്ത് കയറിച്ചെന്നു. സ്നേഹിതൻ അവിടെ ഉണ്ടായിരുന്നില്ല സ്നേഹിതന്റെ ഭാര്യക്ക് കവിയെ നല്ല പരിചയമുണ്ടായിരുന്നില്ല. അവർ കിഴക്ക്ഭാഗത്തെ വാതിലിന്നടുക്കെവന്ന് വാതിലിന്റെ മറവിൽ നിന്ന് കവിയോടു "ലോഗ്യം" ഭാവിച്ചു അപ്പോൾ അദ്ദേഹം തൽക്ഷണം ഉണ്ടാക്കി ആ സ്ത്രീക്കു സമർപ്പിച്ച ഒരു ശ്ലോകമാണിതു: —

ശോണാധരീകലമഴന്നഭവദീയഭർത്തൃ-
പ്രാണാധികപ്രണയമാർന്നൊരുസേവകൻഞാൻ;
കാണാമെനിക്കുഭവദാസ്യ മതല്ലയായ്കിൽ
ഏണാങ്കബിംബമിതുകണ്ടുരസിച്ചുകൊള്ളാം.

ഇതുപോലെ സന്ദർഭോചിതങ്ങളും സരസങ്ങളുമായ പല ശ്ലോകങ്ങളും കുഞ്ഞമ്പുക്കുറുപ്പിന്റെ വകയായിട്ടുണ്ടു.

കുഞ്ഞമ്പുക്കുറുപ്പന്റെ ജീവിതചരിത്രസംഗ്രഹം എന്റെ മാന്യസ്നേഹിതൻ ശ്രീ: പി. കുഞ്ഞരാമക്കുറുപ്പ് ബി. എ, എൽ. ടി. അവർകൾ "കീർത്തിഭൂഷണചരിത്ര"ത്തിന്ന് താനെഴുതിയ അവതാരികയിൽ കൊടുത്തിട്ടുള്ളതിനാൽഞാനിവിടെ അതിനെക്കുറിച്ചൊന്നുംപറയേണ്ടതായിട്ടില്ല. ഞാൻ മഹാകവികുട്ടമത്തിന്റെ ദേവയാനീചരിതം സംഗീതനാടകത്തിന്നെഴുതിയ അവതാരികയിൽ ഈ അംശുമതീധർമ്മഗുപ്തത്തെ പററിയും പ്രസംഗവശാൽ പ്രസ്താവിച്ചിട്ടുണ്ട്. ഉണ്ണായിയുടെ അനന്തരവസ്ഥാനം ഈ ഗ്രന്ഥം പുറത്തുവരുന്നതുവരെ ദേവയാനീചരിതകർത്താവിന്നു നൽകിയതായിട്ടാണവിടെ പ്രസ്താവിച്ചതു. എന്നാൽ ഈ രണ്ടു ഗ്രന്ഥങ്ങളും താരതമ്യം ചെയ്യുന്ന സഹൃദയന്മാർക്കു ഒരു പരമാർത്ഥം വിശദമാകും. അതു മറെറാന്നുമല്ല:— മഹാകവി കുട്ടമത്തിന്റെ ശബ്ദങ്ങളെപ്പോലെ സുഗമങ്ങളും ലളിതങ്ങളുമല്ല മഹാകവി കുഞ്ഞമ്പുക്കുറുപ്പിന്റെ ശബ്ദങ്ങൾ; അവപ്രായേണ കഠിനങ്ങളും ചിലേപ്പാൾ ദൂൽപനാതയാൽ ക്ലിഷ്ടങ്ങളുമാണ് എന്നുള്ളതാണ്. വിസ്താരഭയത്താൽ ഞാനിവിടെ ഉദ്ധാരണത്തിന്നു മുതിരുന്നില്ല വാ

യനക്കാക്ക് അനുഭവപ്പെട്ടുമെന്നു തന്നെ സമാധാനിക്കുക യാണ്. അനുപ്രാസം, യമകം മുതലായവ അംശുമതിധാമ്മ ഗുപ്തത്തിലും വളരെ സുലഭങ്ങളാണ്. വായിച്ചു രസിപ്പാനും പഠിപ്പാനും വളരെ കൊള്ളുന്നതാണീഗ്രന്ഥം. ഇതഹ്ിക്കു ന്ന ആദരവും അഭിരുചിയും സഹൃദയന്മാർ ഇതിന്നു നേ രെ കാണിക്കുമെന്നുള്ള ആശയോടും അഭ്യത്ഥനയോടും കൂ ടി ഞാൻ ഈ ഗ്രന്ഥത്തെ സഹൃദയ ഹസ്തങ്ങളിൽ സമ്മാ നിച്ചു കൊള്ളുന്നു.

രവിമന്ദിരം,
28—6—'40.

കെ. ടി. ചന്തുനമ്പ്യാർ.

K.K. Karunakara Kurup
"Sahridayasadan"
Thimiri
3.6.40.

# അംശുമതീധർമ്മഗുപ്തം.

—സംഗീതനാടകം—

ഒന്നാംഭാഗം

പ്രസ്താവന.

നാന്ദി:—

ഭക്തന്മാർചിത്തരംഗസ്ഥലമതി, ലമല-
ജ്ഞാനദീപംകൊളുത്തി
ശ്രോത്രാളിങ്ങൾക്കുമായായവനികമാറവെ-
ത്തീപ്രമോദത്തെനൽകാൻ;
പ്രത്യക്ഷപ്പെട്ടുഗൌരീനടിയൊടു മമൃത-
ക്രീഡയാം നാടകത്തിൽ,-
കൃത്താട്ടംസൂത്രധാരൻ ശിശുശശിധരനി-
ങ്ങാർത്തിയെത്തീർത്തിടട്ടെ.

എന്നുമാത്രമല്ല:—

ശ്ലോ: 2. വൃത്രാരിനാട്ടിനുവധൂവരയോഗവും, തൻ-
ഭക്താഖിലാഭിലഷിതാർത്ഥവു മേകുവാനായ്,
നേത്രാന്തലീലയൊടിരിപ്പൊരു "കൃഷ്ണഭദ്ര-
ക്ഷേത്രാ"ധിവാസിനി! തൊഴാംകഴൽത്തേ ഭവാനി!

---

*ഭക്തന്മാർ ചിത്തരംഗസ്ഥലം=ഭക്തന്മാരുടെ ചിത്തമാകുന്ന രംഗസ്ഥലം. 2. ശിശുശശിധരൻ=ബാലചന്ദ്രചൂഡൻ= (ശ്രീപരമേശ്വരൻ) 3. മായായവനിക=മായയാകുന്ന തിരശ്ശീല.

*കൃഷ്ണഭദ്രം=കുട്ടമത്ത്.

നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചിട്ട്:—

പ: 1. ബിഹാക്ക്. = ചെമ്പട.

പല്ലവി: തരികീശ! താരകാരിതാത! താപശാന്തിദ.

ച: 1. ദുരിതശോഷകര! നിമേഷരഹിതതോഷണ!
സ്ഫുരിതവേഷ! പരമപുരുഷ! ഫണിവിഭൂഷ
ണ! —തരികീശ—

ച: 2. മരണമെന്നു വരുവത, ന്നുകരുണചെയ്തുനീ
പരിണതേന്ദുവദന! വന്നു കരളിൽനിന്നുകൊൾക.
—തരികീശ—

പദം: 2. നവരസം ചെമ്പട.

പല്ല: പ്രൌഢരായിട്ടും സഭ്യരേ! ഭവൽപദതാരിണക്കിതാ
കുപ്പിടുന്നേൻ കൈകൂപ്പിനേൻ കൈകൂപ്പിനേൻ
[പിന്നെ.

ച: 1. പാടിമോടിയോടാടീടുന്നതിൽ
പാടവംകുറഞ്ഞിടുമെങ്ങൾതൻ_
നാടകത്തിലേ കേടകററുവാൻ പദതാരിണക്കിതാ
കൂപ്പിനേൻകൈകൂപ്പിനേൻകൈകൂപ്പിനേൻപിന്നെ
(അണിയറയേ നോക്കിക്കൊണ്ട്.)
ഓഹോ! ആശ്ചര്യം. വട്ടം!! നേരം വൈകുന്നുവ
ല്ലോ. ഇതെന്തൊരുകഥ. ആട്ടേ.

പദം: 3. ബിഹാക്ക്=ആദി.

പല്ലവി: അണിയറയിൽനിന്നിങ്ങണയരുതേ വന്നീ-
ടണിമതിമുഖി! നന്നിപ്പണിതനപീ! ||അണി||

ച: 1. അണിഞ്ഞുകഴിഞ്ഞില്ലേ ഇനിയുമയ്യോ! കല്ല്യ!
കൊണിഞ്ഞുകാർധമ്മില്ലേ! വാ മെല്ലേ.
സഭമൂഷിയാസ്സിലേ അഭിനയകൌശലേ!
ശുഭതവക്രുബാലേ! സുകപോലേ! ||അണി||

2. താമസമിനിയെന്തേ? ഹേമസമാനകാന്തേ!
വാ മടിയാതേകാന്തേ! മദ്ദപാന്തേ.
സമയമിതേറുന്നു സമാജമിതുനന്നു
സാമജഗതേ! വന്നുകാണ്കൊന്നു. ||അണി||

ഛ: 4. കാപ്പി = ത്രിപട.

പല്ലവി: 1. ഗൌരീജാനേ! പാലയ! പരമ്പന! കരുണാവരു
ണാഗാര! പുരാനേ!

ച: 1. ദുരിതനികരദവദാരുണതരദാവ! ശരവണസംഭവ
താത! ഭവ ഖേദാ, ദവ ||ഗൌരി||

2. പരിഹൃതനതാമയ! പാവനാത്മക! മായാ-
വിരഹിത! ചിന്മയ! മൃത്യുഞ്ജയ! നിത്യംജയ!
||ഗൌരി||

ആര്യ്യ! ഇതാ ഞാൻ വന്നുവല്ലോ എന്താണിത്ര
ബന്ധപ്പെട്ടുവിളിച്ചത്.?

---

*ദുരിതസമൂഹമാകുന്ന കാട്ടിന്നു കാട്ടുതീയായിട്ടുള്ളവൻ.

ഭവഖേദാൽ-അവ=അങ്ങു രക്ഷിക്കേണമേ.

*പരിഹൃതനതാമയ!=ഭക്തന്മാരുടെ ദുഃഖത്തേ നശിപ്പിക്കുന്നവനേ!

സൂത്ര:........ഇനിയും ബദ്ധപ്പെടേണ്ടതില്ലെന്നോ ഭവതി പറയുന്നത്? ചിത്രംതന്നേ എത്രനേരമായി! ഈ സഭാവാസികരം ഭവതിയേ പാത്ത് മുഷിയുന്നതു മഹാനുഭാവന്മാരായ ഈ സാമാജികരെ ഇനിയെങ്കിലും ഒരു രസകരമായ നാടകം അഭിനയിച്ചു വിനോദിപ്പിക്കുവാൻ ഉത്സാഹിക്കുകയല്ലേ?

നടി:......സംശയമുണ്ടോ? എന്നാൽ ഏതുനാടകമാണിവിടെ നടിപ്പാൻ തീച്ച്പ്പെട്ടത്തേണ്ടത്-

സൂത്ര:......ഏതായാലും വേണ്ടതില്ല—എന്നാൽ—

ശ്ലോ: 3. കമ്മകാണ്ഡമതിലേതുതന്നിലും,
"ധമ്മഗുപ്ത"കഥയെന്നി,യൊന്നിലും
ധമ്മഭേദനമതിചെൽകിൽ മുന്നിലും-
നിമ്മലാംഗി! ഗതിയില്ലപിന്നിലും.

നടി:......എന്നാൽ ആ മഹാൻെറ ചരിത്ര ചിത്രിതമായ നാടകത്തെ തന്നേ നടിക്കേണമല്ലോ.—

സൂത്ര:......ഏതുമഹാൻെറ?

നടി:......ധമ്മഗുപ്തൻെറ.

സൂത്ര:......ഓഹോ ഭവതികണ്ടെത്തിയ അത്ഥം തരക്കേടില്ല- നിൻെറ വാക്കു "കാകാക്ഷിഗോളക" ന്യായത്തേ അനുസരിച്ചു പോയിരിക്കുന്നു.- ആട്ടേ. കുറവില്ല- പരമധാമ്മികധമ്മവും, പരമേ

---

ധമ്മഗുപ്തകഥയെന്നി= ധമ്മത്താൽ രക്ഷിക്കപ്പെട്ട കഥയല്ലാതെ.

*കാക്കയുടെ ഒരേ നേത്രഗോളം മാററി മാററി രണ്ടു നേത്രപുടങ്ങളിലേക്കും വെക്കുന്നു എന്നന്യായം.

ശ്വര പരിചാരകകർമ്മവും കൊണ്ടു ജന്മസാഫല്യം വരുമെന്നു നിസ്സംശയം വിശ്വസിപ്പിക്കുന്ന "അംശുമതീധർമ്മഗുപ്തം" കേരളഭാഷാ സംഗീതനാടകത്തെത്തന്നെയാണിന്നു നടിക്കേണ്ടത്.

നടി......ഇതാരുടെ കൃതിയാണു ?

സൂത്ര:......എന്താണിത്രവേഗം മറന്നുപോയോ?

പദം: 5. ബിഹാക്ക് രാഗം. രൂപകം. താളം.

പല്ലവി. കുട്ടിമാനേലുംനയനേ! വിഷ്ടപൈകമോഹനേ!

ച: 1. വട്ടണിസ്തനി! കമനി! കേട്ടുകൊൾകെനിക്കിനി.
പിഷ്ടപേഷണത്തിനുടനവട്ടമേകിടുന്നുനീ.
-കുട്ടിമാനേലും.-

2. "കുട്ടമത്തു കുന്നിയൂര് കുഞ്ഞമ്പുക്കുറുപ്പ്"നാൽ
സൃഷ്ടമാണിതെന്നു ചൊന്നതൊട്ടു മോർമ്മയില്ലയോ?
-കുട്ടിമാനേ.-

നടി:......അതു'ഉഷാനിരുദ്ധ'മെന്ന ഭാഷാനാടകമല്ലേ?

സൂത്ര:......ഇതും അദ്ദേഹത്തിന്റേതുതന്നേ.

നടി:......അല്ല. ഇദ്ദേഹത്തിന്റെ അനുജൻ കുഞ്ഞികൃഷ്ണക്കുറുപ്പിന്റേതായിരിക്കണം.

സൂത്ര...... അതു ദേവയാനീചരിതമാണ്.

നടി:......... കുഞ്ഞമ്പുക്കുറുപ്പിന്നു സംഗീത നൈപുണ്യം ഉണ്ടോ? പിന്നേ ഇതിൽ പണിപ്പെടേണ്ടുന്ന ആവശ്യം എന്താണ്?

സൂത്ര:......പാലിപ്പതപ്പെട്ടമൊരുജ്ജ്വലകീത്തി,ദിക്കി-

ശ്ലോ: 4. ന്മേലാട്ടമാട്ടമൊരുജാംഗലികാഗ്രഗണ്യൻ;

"പാലാട്ടുരാമനടിയോടി" പറഞ്ഞവാക്കി-

ന്മേലിഷ്ടമററി,ക്കവിതയിക്കവിതാൻരചിച്ചാൻ.

നടി:......സംഗീതരീതിയിൽ ഭംഗിയുള്ള പദങ്ങളെ രചി

ഷ്പാൻ ഇദ്ദേഹത്തിന്നു സാധിക്കുമോ! മുടവൻ ന്നു

ത്തംവെക്കുംപോലെയിരിക്കും.

സൂത്ര:......ഭവതി ആലോചിക്കാതെ ഈ വിധം പറയ

രുതേ!

ശ്ലോ: 5. ധീമാന്മാർമുടിചൂടിടും പടുവച-

സ്സ്തോമപ്രസൂനോത്ഭവാ

രാമാഭൻഭവബന്ധമററു പരചി-

ദ്ധാമാശ്രയം ചെയ്യുവൻ;

രാമാഖ്യൻഗുരുമാതുലൻെറകനിവാൽ

മുപ്രമത്തൊടീമത്ത്യനിൽ

സാമാന്യംകൃതിമിക്കവാറുമണയും

താനേസ്സുധാമേൻമൊഴി.

നടി:......എന്നാൽ അതിനേയിന്നൊന്നഭിനയിച്ചു നോ

ക്കുകതന്നേ.

---

*ധീമാന്മാർ മുടി.........ആ രാമാഭൻ=വിദ്വാന്മാർ ശിരസ്സിൽ ചൂടത്തക്ക യോഗ്യതയുള്ള സമത്ഥകളായ കവിതകളായ പുഷ്പങ്ങളുടെ ഉത്ഭവസ്ഥാനമായ ഉദ്യാനശോഭയുള്ളവൻ—ഈ സമാസം പഴയമണിപ്രവാളരീതിയെ അനുസരിച്ചതാണ്.

സൂത്ര:......ഭവതി ഈ സഭാവിനോദത്തിന്ന വേണ്ടി ഒരു
സംഗീതം തുടങ്ങേണമല്ലോ.

നടി......ഏതൃതുവിനെക്കുറിച്ചാണ് പാടേണ്ടത്.

സൂത്ര......ചെഞ്ചുരുട്ടി=ആദി.

പ: 6. പല്ലവി: കാമിനി! നാമിനി.
കാമിപ്പൊന്നിതെന്തുരചെയ്യേണമോ ചൊൽനീ
-കാമിനി നാമിനി-

അ: പ: കാമനും കാമിക്കു മൃതുവിതുനീകണ്ടിതല്ലി
കളകണ്ഠനിനാദിനി! -കാമിനി. നാമിനി-

ച: 1. കമലസായകവൈരിതലയിൽചാർത്തി
വിമലനായലിവൊട്ടുവിലസും രാത്രീ-
രമണൻതൻരുചിക്കേറെ ശുചിവളർത്തി-
ത്തീക്ഷ്മീ്ളുതുവിതല്ലി സുഗാത്രി!

ച: 2. ശരത്താകമൃതുവിതിങ്ങണഞ്ഞു, മല്ലീ-
ശരാത്തിയാസ്സിലസീട്ടും ശബരിചുല്ലി,
തരത്തിലിങ്ങിരിക്കയിത്തരം നീ ചൊല്ലി-
ത്താമസിപ്പതുവിചിത്രമതല്ലി -കാമിനി-

നടി:......കമാശി=ചെമ്പട.

പ: 7. പ: ശാരദസമയമിത,തിമധുരം സുമുഖ നടതിലക!
-ശാരദ-

---

*ശബരിചുല്ലി=കാട്ടാളസ്ത്രീകളുടെ അടുപ്പ് (എപ്പോഴും ജ്വലിച്ചു) കൊണ്ടിരിക്കുന്നത് എന്നു വ്യംഗ്യം—കാട്ടിൽ ചന്ദനവിറകു സുലഭമാകയാൽ അതിൻെറ സൌരഭ്യമെന്നുമാവാം.

അ: പ: സാരസശരനൊടെ സരസതയതിനൊടെ
സാരമൊക്കെവിലസുന്നതുമിവിടെ. -ശാരദ-

ച: 1. ജലദപടലികളിലൊളിയുമളിരുചികളഖിലംപെന്നു
ജായകംമുടികളിലോടിയൊളിച്ചുകളിച്ചീടുന്നു
കലിതകുതുകമിത! നിശിശശിയുടെരുചി-
കേളികാങ്കിൽവളരും ഹൃദിരതിരുചി. ||ശാര||

ച: 2. മട്ടമലർമുഖമതിലിളകുമളിമിഴികളാലേമെല്ലെ
മാടിവിളിച്ചുവരുത്തും ഹംസവിടന്മാർമല്ലേ
ഝടിതികളയുമൊരുരതിസുഖമൊട്ടുപകൽ
ജാഡ്യമററുവിലസുന്നിഹ നളിനികാം -ശാരദ-

ച: 3. തടിനികളുമമലമൃദുതര"നവരസ"മോട്ടും കൂടി.
താണ്ഡവമാടിവിളങ്ങന്നെന്നൊടനിലതേടി.
പട്ടതയൊട്ടുമിവയിൽവിലസിനപാവനന്നു
പാവനാത്മക! ഭവാൻസദൃശൻനനു. -ശാരദ-

സൂത്ര:......സദ്വൈരമിപ്പൊഴുതു നിൻമൃദുഗാനരീത്യാ-

ശ്ലോ: 6. സത്ഭാഷിണി! പ്രമദമാൻവലഞ്ഞിടുന്നു
ഗർഭംധരിച്ചമഹിഷീതനുരോചിഷാ വൈ-
ദർഭൻനരേന്ദ്രനിഹ സത്വരമൻകണക്കേ-
എന്നാൽ ഇനി വേണ്ടുന്ന കാര്യത്തിൽ ജാഗ്രത
ചെയ്യാനായി നാം പോവുകയല്ലേ?

നടി......അങ്ങിനേതന്നേ (എന്നുപോയി) വിധി വൈപ
രീത്യം എന്ന പ്രസ്താവന കഴിഞ്ഞു.

---

*ഹംസവിടന്മാർമല്ല=ഹംസവിടന്മാരുടെ മല്ലിനേ. തനുരോ
ചിഷാ=ദേഹശോഭകൊണ്ടു.

# ഒന്നാം അങ്കം.

(വിധിവൈപരീത്യം)

(അനന്തരം സത്യരഥനും ദീഘദർശ്ശി എന്ന മന്ത്രിയും പ്രവേശിക്കുന്നു).

സത്യ: (അല്പം ദൂരെ നിന്ന് കാണ്മാൻ തരമുണ്ടോ എന്നു ആലോചനയോടുകൂടിയ മന്ത്രിയേക്കണ്ടിട്ട് പതുക്കെ)- ആരാണത് ദീഘദർശ്ശിയല്ലേ?

ദീഘ: റാൻ. അടിയൻതന്നേ.

സത്യ: നമ്മുടെ പാലനംകൊണ്ടു പ്രജകൾക്കൊക്കേയും ക്ഷേമം തന്നേയല്ലേ?

ദീഘ: റാൻ.

സത്യ: ദുർഭിക്ഷം മുതലായ പീഡകളൊന്നുമില്ലല്ലോ.

ദീഘ: ഇല്ല സുഭിക്ഷംതന്നേ.

സത്യ: ഇപ്പോൾ ആ സാലൻെറ നിലയെന്താണാവോ?

ദീഘ: രണ്ടുമൂന്നുവട്ടം നമ്മോടേററുതോററുപോയതുകൊണ്ടുണ്ടായ അപമാനംകൊണ്ട് ശ്മശാനഭദ്രകാളിയെ സമാരാധിപ്പാനാരംഭിച്ചിരിക്കുന്നുവെന്നാണിപ്പോഴത്തെ കിംവദന്തി

സ. ര: ഓ ഹോ! കളിയും ചിരിയും വിട്ടു കുളിയും തേവാരവുമായി വിദ്ധ്വി! എന്തെങ്കിലും കാണിക്കട്ടേ. രണ്ടുനാലുദിവസമായിട്ട് അന്തഃപുരത്തിലേ അന്വേഷണത്തിൽ അത്ര മനസ്സു വെക്കാറില്ലെന്നുണ്ടോ?

ദീഘ: അന്വേഷിക്കാറുണ്ട്.-

സ. ര: ബിഹാക്ക് —ത്രൂപകം

പ: 8. പല്ല: മന്ത്രസാര! തന്ത്രതല്പര! മന്ത്രിപുംഗവ! വരി
കന്തികേ ഭവാൻ.

അ: പ: കാന്തയാംമൽകാന്തയോമൽ അന്തർവ്വത്നിയാം-
ക്കന്തരംഗേചിന്തിതങ്ങളെന്തറിയണം
ഗർഭ്രാന്തിതീർക്കണം. -മന്ത്ര-

ച: 1. മണ്ണിനേമാൻകണ്ണിതിന്മാൻ നണ്ണുന്നധീമൻ!
നാണംപൊഴിഞ്ഞാണൻ തോഴികാണികൊതിവ
ഴിയേതും കാണിക്കാത്തതും. -മന്ത്ര-

ദീഹ്ല: കമാശ് ത്രിപട.

പ: 9. പല്ല: തരികെന്നമേശ്രീമൻ! മത്സ്വാമിൻ!

അ: പ; ദയയേ മയിസോമാനന! രാമാജനകാമാ!
രണഭീമ! ഭ്രമൻ. -തരികെ-

ച: 1. ഗർഭിണിയിസ്സുമുഖിക്കുപചരിക്കുന്ന സഖി-
മാരോടെല്ലാപേരോടും വെവ്വേറെചോദിക്കാം.
-തരികെ-

ച: 2. ഇഷ്ടമറിഞ്ഞേകാമൊട്ടുമിനിവൈകാ,തിഷ്ടനാഥ!
ശോകപ്പെട്ടിടാതേവാഴ്ക! -തരികെ-

അണിയറയിൽ-വൈതാളികൻ

ശ്ലോ: 7. മാലന്യേകാങ്കേ!“സാല്വാവൃതി” “പരമസുഖം-”
കോലുവാൻമൂലമാമി-

---

അന്തർവ്വത്നി=ഗർഭിണി.

ക്കാലം 'കാലൻവിരോധി', 'സ്മൃതി',യതിലിനിയെ-
ന്നാലുമേവേലചെയ്ക!
മാലിന്യംതങ്ങു "മംഗ"ങ്ങളിലിലഴകകൊട്ട-
ത്താലുമാലസ്യമെന്യേ,
മേലെന്നാൽ "ദേവ,സൌഖ്യം"തരുമഖിലജഗൽ
പാലകൻനീലകണ്ഠൻ.

ദീഘ്: (ആത്മഗതം) ഈ വൈതാളികൻെറ വാക്ക് മറെറാരൎത്ഥത്തെക്കൂടി പ്രകാശിപ്പിക്കുന്നുണ്ടല്ലോ- എന്തെന്നാൽ - സാല്വൻ വിദൎഭരാജ്യം വളയു മെന്നും സേനകളെ ജാഗ്രതപ്പെടുത്തി നിൎത്തേണ മെന്നും രാജാവു മരിക്കുമെന്നും സ്വൎഗ്ഗപ്രാപ്തിക്കു വേണ്ടി പരമേശ്വരസേവ ഇനിയെങ്കിലും ചെയ്തു കൊള്ളേണമെന്നുമാണല്ലോ - ഈ അന്തരാൎത്ഥം ദൈവചോദിതമായിട്ടല്ലാതെ ഇവൻെറ വാക്കിൽ സ്ഫുരിക്കുവാൻ കാരണം കാണുന്നില്ലല്ലോ. "യൽ ഭാവി തത്ഭവതു" എന്നല്ലേ, നാം തയ്യാറായിരിക്കുകതന്നെ (പ്രകാശം) സന്ധ്യാവന്ദനത്തിന്നെഴുന്നെള്ളാറായില്ലേ പരമേശ്വരനേ വഴിപോലെ സേവിക്കേണ്ടുന്ന കാലമാണിപ്പോൾ അതുകൊണ്ടു മഹാ മൃത്യുഞ്ജയം ഒന്നു തുടങ്ങിക്കാമെന്നു വിചാരിക്കുന്നു

സ ര. തരക്കേടില്ല - നാളെമുതൽക്കുതന്നേയാവട്ടേ. (ഒരു കഞ്ചുകി പ്രവേശിച്ചിട്ട്) - തമ്പുരാന്നു നമ

സ്കാരം. തിരുമനസ്സുകൊണ്ടു അന്തഃപുരത്തിലേ ക്കെഴുന്നെള്ളണമെന്നു അമ്മത്തമ്പുരാൻ കല്പി ക്കുന്നു.

സ: ര: സന്ധ്യാവന്ദനംകഴിച്ചു ഉടനെ വരാം. ചെന്നു പറയൂ.

കഞ്ചുകി: റാൻ (എന്നു പോയശേഷം)

സ: ര: എന്നാൽ സന്ധ്യാവന്ദനത്തിന്നു പോകയല്ലേ (എന്നു രണ്ടുപേരും പോയി.)

---

(അനന്തരം രാജധാനിയിൽ സത്യരഥനും ഭാൎയ്യയും പ്രവേശിക്കുന്നു.)

സ: ര: ദേവി! എന്തൊരു ജള്ളതയാണീകാണിക്കുന്നതു? ധൈൎയ്യപ്പെട്ടിരിക്കൂ!

പദം 10 ഹിന്തുസ്ഥാനിതോടി-ത്രിപട

കണ്ണികൾ

1. അഴലാലുഴലായ്കാ, ഴിമകൾപുകഴ ത്താ
   അഴകാൎന്നകന്യേ!മന്യേ!
2. തഴകാംമെഴകിത്തോഴി! മാന്മിഴി! മധു-
   തൊഴുംമൊഴി! നിന്മേൽമേന്മേൽ
3. വടപത്രോദരി! വാട്ടവതെന്തുതവ-
   വടിവിനപാത്രംഗാത്രം.
4. മടിയോചൊടിയോമാടണിസ്തനി! മൌന-
   മൊട്ടുവാഴ്‌വതെന്തേകാന്തേ!

5. സുതനോ! സുതനോസാദവുമുദിക്കുമി
സ്ഥിതിയതിലാര്യേ!ഭാര്യേ!

6. വിശദേ!വദ!തേവീശണോ? മുദ്ദമുദ്ദ-
വിശറിതന്നാലേബാലേ!

7. അശ്രുഭംഭരികില്ല.ശപസിച്ചിരിക്കുക!
പശ്രുപതിദുഃഖംപോക്കും.

രാജ്ഞി: നാഥനാമക്രിയ—ചെമ്പട

പദം 11. പ: ക്ഷോണിപാല!കാലോകയ്യോ
ത്രാണിയില്ലനക്കാനയ്യോ!!

അ: പ: ക്ഷീണിക്കുന്നെനിക്കുമെയ്യോ
കാണിക്കില്ലല്ലോഞാൻപൊരുയ്യോ. -ക്ഷോണി-

ച: 1. നിന്തിരുവടികാൽത്താരേ
സന്തതംകണ്ടാലെൻചാരേ-
ഭ്രാന്തിയൊന്നുംവരാകുറേ
ശാന്തിയുണ്ടി,ല്ലിപ്പോൾതീരേ. -ക്ഷോണി-

ച: 2. പണ്ടുകണ്ടിടാത്ത വല്ലാതിണ്ടലേകുംകിനാവെല്ലാ-
മുണ്ടുകാണുന്നിതുചൊല്ലാനുണ്ടുദുഃഖംകഴികില്ല.
-ക്ഷോണി-

സ: ര: കരഹരപ്രിയ—തിസ്രജാതിരൂപകം

പദം 12 പല്ല: കളകിണ്ടലേ,ണീമിഴി!കളകണ്ഠവാണീ

അ: പ: ലളിതേ!രമണീരലോകറാണീ! കളിയൊട്ടു
വാണീടലംലുശ്രോണീ! -കളകിണ്ട-

---

സുതനോ = ഹേ സുന്ദരി! സുതനോ = മകനോ വദ = നീ പറഞ്ഞാലും.

ച: 1. വേണ്ടതിന്നതെന്നുചൊൽക വിശാരദശീലേ അഗ്ര
[ഞാൻനൽകാം
കണ്ടിവാർവേണി! നീസുഖമാൻവാഴ്ക!!
ഗർഭിണിമാരിഷ്ടംപോലെ നിർഭരംഭുജിക്കുകിലേ
അർഭകന്മാർസുഖത്താലേ ഉത്ഭവിക്കുശുഭശീലേ!
-കളകിണ്ട-

—അണിയറയിൽ—

ശ്ലോ: 8 നല്ലാപത്തിന്നുനല്ലവല്ലഭർവരും
കല്യാണഭൂഷാദ്ധുരാ-
മുല്ലാസത്തോടുവാഴ്‌വിനെന്നമരിമാ-
രെല്ലാരൊട്ടും,സത്വരം
ചൊല്ലീടുംചെറുഞാണൊലിസ്ഫുരിതമാം
വില്ലുദ്ധരിച്ചിന്നുഞാൻ-
സാല്വൻനിൻപ്രതിമല്ലനെത്തിയതുക-
ണ്ടില്ലല്ലി!നില്ലി,ങ്ങുവാ!!

ശ്ലോ: 9. ഭണ്ഡാഗാരംമുതൽക്കുള്ളതുപലതുമെന്നി-
ക്കെണ്ണിയേല്പിച്ചിടായ്കിൽ-
പൊണ്ണാക്കാര!പ്രരോഹത്തരശരശിഖിദോ-
ർദ്ദണ്ഡകണ്ഡത്തിൽനിന്നോ-
വെണ്ണീറാക്കുന്നതുണ്ടെന്നറികരിപുസമിൽ-
കാണ്ഡചണ്ഡാനലൻഞാൻ-

---

പ്രരോഹത്തര . . . . . ദോർദ്ദണ്ഡകണ്ഡത്തിൽ = കൂടക്കൂട വരുന്ന ശരങ്ങളായ അഗ്നി ജ്വലിക്കുന്ന ബാഹുക്കളായ തീക്കുഴിയിൽ.

കണ്ണീരല്ലാതെമററില്ലിന്നിഗതിതവമാൻ
കണ്ണിയാംപെണ്ണിനയ്യോ!!

രാജ്ഞി: (പരിഭ്രമിച്ചു) ഇതെന്തൊരു ഘോഷമാണ് കേ‌ൾക്കുന്നതു? ഭൂമി ആസകലം ഞെട്ടുന്നുണ്ടല്ലോ. ഒരു യുദ്ധകോലാഹലംപൊലെ തോന്നുന്നു.

സ: ര: സാരമില്ല - ആ സാല്വൻ വന്നു പോർവിളിക്കുകയാണെന്നു തോന്നുന്നു. ഉടനെ ഞാൻ ചെന്നു അവനെ ആട്ടിക്കളെഞ്ഞുവരാം.

രാജ്ഞി: (പരിഭ്രമത്തോടും) ഭവാൻ പോയെങ്കിൽ ഞാൻ എങ്ങിനേയാണ് ജീവിക്കുന്നതു? പോകരുത്!! (എന്നു പിടിക്കുന്നു)

സ: ര: ഭവതി എന്താണിത്ര പരിഭ്രമിക്കുന്നതു് ഇവൻ ചിലപ്പോ‌ൾ എന്നോ വന്നു യുദ്ധത്തിന്നു വിളിക്കുകയും തോററോടുകയും ചെയ്യുന്നതു പതിവായ വേലയാണെന്നു ഭവതിക്കറികയില്ലേ?

രാജ്ഞി: ഇപ്പോ‌ൾ പോകരുത്

സ: ര: ശത്രുക്ക‌ൾ വന്നു യുദ്ധത്തിന്നുവിളിക്കുമ്പോ‌ൾ ഒളിച്ചിരിക്കുന്നതു ക്ഷത്രിയധർമ്മമാണോ?

രാജ്ഞി: എന്നാൽ ഞാൻ വല്ലവിധത്തിലും:-

സ: ര: ഭവതി എന്താണിങ്ങിനേ അസംബന്ധം പറയുന്നതു്. അപകടമൊന്നും പിണക്കാതിരിക്കണേ!

ശ്ലോ: 10. താർത്തേന്മൊഴി! തവജാരത്തിങ്കലിത്തിങ്ക‌ൾവംശ-

---

താർത്തേ......നന്മൊഴി = പൂന്തേൻ.......വാക്കോടുകൂടിയവളേ—ഭാഷാശൈലി.

പ്രത്യത്ഥ്യത്ഥനാശത്തിൻ,മനുപമമീ
"ധാത്രിയേ"കാത്തിടാനും;
കത്താവത്രേവസിപ്പോനി,വനുടെജനനം-
"മാത്ര"മിങ്ങത്രമേന്നേ.
ലോത്തിഗ്ഗാത്രത്തെരക്ഷിച്ചിടുകതഥടുതിഞാ,
"നെത്തിട്ടും" പാത്തിടാതേ.

"അതുവരെ" ഭവതിയേ പരമേശ്വരൻ പരിപാലിക്കും. അകത്തുചെന്നു സഖിമാരോടുകൂടി സുഖമായിരിക്കുക പോക (എന്നു രാജ്ഞിയെ പറഞ്ഞയച്ചിട്ട്)

ശ്ലോ: 11. അദഭ്രപ്രാഗത്ഭ്യംപെരുകിമരുവും
സത്യരഥ,നീ-
വിക്ഷ്മാപാലൻ വിലസുമളവി-
സ്സാല്പ്പ,നബലൻ;
എതിപ്പാനിപ്പോഠംവന്നതുമതിവിചി-
ത്രം!!ഗരുഡനേ-
യദിപ്പാനായ്പോംപാമ്പി,നിയുടനെയെ-
ന്തെന്തിതുകഥ'!

എന്നാൽ ഒന്നുകൂടിക്കണ്ടുപോട്ടേ- ആരാണവിടെ (അണിയറയിൽ) ഞാൻ അടിയൻ ബോധനൻ-

സ: ര: അന്തഃപ്പുരത്തിൽചെന്നു ദേവിയെ സമാശ്വസിപ്പിപ്പാൻ വേണ്ടുന്ന ചട്ടങ്ങഠംചെയ്യണം. പോ!

---

പ്രത്യത്ഥി = ശത്രു. അദഭ്രം = അനല്പം. അദിപ്പാൻ = ഭക്ഷിപ്പാൻ.

(അണിയറയിൽ) റാൻ അടിയൻ വിടകൊള്ളുന്നു.

സ: ര: എന്നാൽ വേഗം പോയ്ക്കളയാം — (എന്നു പോയി)

—വിധിവൈപരീത്യം എന്ന ഒന്നാം അങ്കം കഴിഞ്ഞു—

:o:

## രണ്ടാം അങ്കം.

ശോകകരുണസമ്മിശ്രം.

(അനന്തരം രഞ്ജിനി, വ്യസനിച്ചു തലക്കു ഒരുകയ്യും വെച്ചു ഇരുന്നുംകൊണ്ടു പ്രവേശിക്കുന്നു)

—അണിയറയിൽ—

ദീർഘദർശിയേയും സത്യരഥന്റെ ഭാര്യമാരേയും സാർവ്വഭൌമമഹാരാജാവിന്നു കീഴടങ്ങാത്തവരേയും തടവിലിടുവിൻ!! ഭണ്ഡാഗാരങ്ങൾക്കു മുദ്രവെക്കുവിൻ! പട്ടമഹിഷിക്കു ഗർഭമുണ്ടെങ്കിൽ പ്രസവിക്കുന്നതുവരേ തടവിൽ പാർപ്പിക്കുകയും പ്രസവിച്ചാൽ ആൺകുട്ടിയാണെങ്കിൽ അതിനെ കൊലപ്പെടുത്തുകയും ചെയ്യുവിൻ!

രഞ്ജിനി: എന്താണൊരു വലുതായ മുറവിളികേൾക്കുന്നതു? ജഗദംബികേ! പ്രാണനാഥനു:- (എന്നു മോഹിച്ചുവീണു ഓർത്തുംകൊണ്ടിരിക്കുമ്പോൾ ഒരു വൃദ്ധ ബദ്ധപ്പെട്ടു പ്രവേശിച്ചിട്ടു വേഗത്തിൽ ചുററി നടന്നുംകൊണ്ടു) ശിവ! ശിവ!! പാഞ്ഞുപാഞ്ഞു

വലഞ്ഞുവല്ലോ! നടപ്പാൻതന്നെ നന്നേ പ്രയാസം പിന്നെ പറഞ്ഞാലോ!! (പുറററും നോക്കി രാജ്ഞിയേക്കണ്ടു വ്യസനിച്ചു കണ്ണീർതുടച്ചുകൊണ്ടു) ഈ പെൺകിടാവോടെങ്ങിനേയാണ് ഞാ, നീ സങ്കടവാർത്ത പറയേണ്ടതു!!? ഇതിന്നു ദൈവം എന്നെ ഉഴിഞ്ഞിട്ടുവല്ലോ!! ഇത്ര കഠിനയായ എന്നെ ഇത്രവരേയും ഇങ്ങിനേ ബാക്കിയാക്കിയതു് ഈവക കഠിനവേല എടുപ്പിപ്പാൻതന്നേയാണ്. ദൈവത്തോടാരെതിര് - പറയാതിരുന്നാൽ ശത്രുക്കൾ വന്നു ഇവളെ ദ്രോഹിക്കുകയും ചെയ്യുമല്ലോ - (എന്നു മെല്ലേമെല്ലേ അടുക്കൽ ചെന്നു തടവുന്നു)

രാജ്ഞി: (ബദ്ധപ്പെട്ടിട്ടു) എന്താ വല്ല വിവരവും അറിഞ്ഞുവോ?

വൃദ്ധ: മകളേ! വ്യസനിക്കേണ്ട!! അറിയേണ്ടതൊന്നുമില്ല മകളേ!

രാജ്ഞി: (വ്യസനിച്ചുകൊണ്ട്) പറയൂ! പറയൂ!! ഭവതിയുടെ ഭാവം കാണുമ്പോൾ എനിക്കു വല്ലാത്ത പരിഭ്രമംവരുന്നു!!

വൃദ്ധ: പരിഭ്രമിച്ചിട്ടെന്തുഫലം മകളേ!?

പദം 13. (അതിഭീഷണകടുഭാഷണയമകിങ്കരപടലീ എന്നമട്ട്.)

1. ഒരിക്കൽപൊങ്ങി, യൊരിക്കൽതാണ, ങ്ങിരിക്കുംനിലഭവിക്കും_

ചരിക്കംതേരിന്നരുളിൻകളി-
കണ്ണക്കേതന്നെനമുക്കും;

2. ശരിക്കെൻമകാ൦സുഖദുഃഖങ്ങാ൦
മുറയ്ക്കിങ്ങിനെനടക്കും-
നരക്കിങ്ങിനെഗതിയാണവർ-
ജനിക്കുംപിന്നെമരിക്കും.

എന്നാൽ യുദ്ധത്തിൽ "മരിക്കുന്നതു" ക്ഷത്രിയ ധമ്മവുമല്ലേ മകളേ!? ഈ വയററിലുള്ള കുട്ടിക്കു വല്ല കേടും തട്ടാതേ നല്ലവണ്ണം സൂക്ഷിക്കണേ! മകളേ! (എന്നു പോവാൻ ഭാവിക്കുന്നു)

രാജ്ഞി: (ഉച്ചത്തിൽ) പാവ്വതീപതേ! പരമേശ്വരാ (എന്നു മോഹിച്ചുവീഴുമ്പോാ൦)

വൃദ്ധ: (പിടിച്ചിട്ട്) "വിപദിധൈയ്യം" എന്നല്ലേ മകളേ! (എന്നുപറഞ്ഞു പോയി)

രാജ്ഞി: ഘണ്ടാരം—രൂപകം

പാദം 14. പ: ശിവനേ!ഇനിഞാ,നെന്തുചെയ്യേണ്ടു!!

ച: ദൈവമേ!യിനിചെയ്യുന്നതെന്തെനിക്കേ,
വമോകനിഞ്ഞേതകിനീ!? -ശിവനേ-

ചെന്തീയിൽചെന്നു വെന്തിടാമെന്നുചി-
ന്തയിങ്ങൊന്നുചിന്തുന്നു. -ശിവനേ-

സന്തതീനഷ്ടംസന്ധിക്കുംതിട്ടംഎന്തു
ഞാൻകാട്ടുംഹാ!കഷ്ടം!! -ശിവനേ-

—അണിയറയിൽ—

ശ്ലോ: 12. ഉഗ്രപ്പൂവിലാത്തിമതിയേ!, മതിയേറിട്ടംനീ-
യിപ്പൂർവ്വഭാഗമതിലേ, മതിലേകരേറി;
കെല്ലോട്ടുചെയ്യഗതിയേ, ഗതിയേകവാനാ-
യുല്പന്നനാംതവസുതൻ, വസുതൻപ്രഭാവി.

രാജ്ഞി: (ചെവിയോത്തുകൊണ്ടു) എന്നോടിങ്ങിനേ പറയുന്ന ആൾ ആരാണീശ്വര! (കിഴക്കുനോക്കീട്ടു) ഇടിഞ്ഞുപോയ ഈ മതിൽ കയറിപ്പോവാൻ നല്ല വഴി കാണുന്നുണ്ട്.—എവിടെയാണ് പോകേണ്ടതു്.? (നെഞ്ചുതടിച്ചുകൊണ്ടു) എനിക്കൊന്നും തിരിയുന്നില്ല.

—അണിയറയിൽ—

ശ്ലോ: 13. ശശധരമുഖി! കളവാണീ-
മൊഴിയെന്നോക്കായ്പോക! നീകളവാണി!
ശിവകൃപപോരും, വഴിയേ-
തവകാട്ടുവതിന്നി,തൊത്തുപോരുംവഴിയേ.

രാജ്ഞി: ഇനി മടിക്കാനില്ല ഇതിലെക്കൂടി പോകതന്നെ ഈശ്വരൻ ചെയ്യിക്കുന്നതെല്ലാം ചെയ്യതന്നെ (എന്നു് പോയി)

(അനന്തരം ഒരു കാട്ടിൽ രാജ്ഞി ഇരുന്നുംകൊണ്ടു പ്രവേശിക്കുന്നു) ഹര! ഹര! (തലക്കും നെഞ്ചത്തും അടിച്ചുകൊണ്ടു) നടപ്പാൻ കഴിയുന്നില്ലല്ലോ!!

---

ഇതൊത്തുപോരുംവഴിയേ=ശിവകൃപനിന്നോടൊത്തു പിന്നാലെവരും.

ശിവനേ!! മനുഷ്യശബ്ദംകൂടി എങ്ങുന്നും കേൾപ്പാ
നില്ലല്ലോ എന്തുകാട്ടും

പദം 15. നാഥനാമക്രിയാ—രൂപകം

പല്ല: കാടിൻനടുവിൽചാടിക്കൂടിപേടിയോടുപാഞ്ഞോ
[ടിയിത്തടി

ച: ആട്ടുന്നുനടന്നീടുവാൻമടിതേടി മമകാലടി
മുള്ളോടിക്കുട്ടമുൾക്കൊടിയുടലാകെമൂടിവാടുന്നേ-
[നിപ്പടി. -കാടിൻനടു-

ഈ മഹാസങ്കടം അനുഭവിക്കത്തക്ക മഹാപാപം
ഞാൻ എന്താണ് ചെയ്തുപോയതീശ്വര! ഒന്നും
തിരിയുന്നില്ല!! (ചുററും പരിഭ്രമിച്ചുനോക്കീട്ട്)
സമീപത്തുകാണുന്ന താമരപ്പൊയ്കയുടെ കരക്ക
ചെന്നിരിക്കുകതന്നെ (ചുററിനടന്ന്)

പദം 16. ബിഹാക്ക്—ആദി

പല്ല: എന്തുചെയ്‌വൂ കഴിവെന്തുമേപീഡയാമേ.

അ: പ: ജീവനാഥ,മാവുന്നുനോവിന്നു -എന്തുചെ-

ച: ഹന്തോദരംഭൃശമോ നൊന്തീടുന്നുമെയ്യോ-
ടൊ,രസുഖമൊരുകയ്യൊന്നരുളുന്നാരെനിക്കയ്യോ
ഈവനേഒരുത്തിതാനെമേവുന്നൊങ്ങിനെ?
ശിവനേ! സവനേ! -എന്തുചെ-
(പ്രസവവേദനനടിക്കുന്നു.)

---

സവനേ=പ്രസവകാലത്ത്.

(തിരശ്ശീല താണപ്പോൾ - അണിയറയിൽ-ങെ, ങേ, ഇങ്ങേ.)

(തിരശ്ശീല പൊന്തുമ്പോൾ.)

രാജ്ഞി: (ഇരുന്ന കുട്ടിയെ എടുത്തുകൊണ്ട്)

പദം 17. ബിഹാക്ക്—തിസ്രജാതിരൂപകം.

കണ്ണികാം

1. വൈദർഭവംശത്തെവിളക്കും മുത്തേ!
ജാത!മമഹസ്തേവാതേനൊഴും മുത്തേ! -വൈദർ-

2. നീരിന്നെന്നിക്കാത്തിന്നെടുതായെത്തി
നീരുവതിൽശക്തി നേരായ്മമനാസ്തി -വൈദർ-

3 ഇപ്പെത്തലെത്തന്നേഇ വിടെത്തന്നേ-
ഇപ്പോൾവെച്ചിട്ടന്നേനപ്പിന്നപോകുന്നേൻ
-വൈദർ-

(കുട്ടിയെ കിടത്തി പോവാൻ നടിച്ചിട്ട്)

4 ആരി,വന്നുഗതി അരുതെൻഗതി
ഘോരവനമിതിലേറീടുമേഭീതി -വൈദർ-

(കുട്ടിയെ ചുംബിച്ചുകൊണ്ട്, നിന്നേ ഇവിടെ തനിയേഇട്ട് ഞാൻ എങ്ങിനെ മകനേ! പോകുന്നു? മെല്ലെ ഇവിടെ കിടത്തി വേഗത്തിൽ അല്പം വെള്ളംകുടിച്ചുവരാം (കിടത്തി പോവാൻഭാവിക്കുമ്പോൾ)

അണിയറയിൽ - ക്രൂർ.

---

ജാത!=കുഞ്ഞേ!. തന്നേ=തനിയേ. ഗതി=തുണ. ഗതി=യാത്ര.

രാജ്ഞി: (പരിഭ്രമിച്ചിട്ട്)

പദം 18 നാഥനാമക്രിയ—ആദി

കണ്ണികരം കടുശബ്ദമീവല്ലിക്കുടിലിലില്ലല്ലൊരുത്ധില്ലി
കോലുംകുഴപ്പമല്ലി
കടുവ, വൻപുലി, നരി, കിടി, കാട്ടി, കുറുനരി
കാടി, തിലല്ലിഭ്രരി.
മൃഗമാഗ്ഗമിതു, കൊച്ചുമകനേഞ്ഞാനിഹവെച്ചു
പോകിൽകാര്യംപിഴച്ചു.
വികടമീദുരാഗ്രഹംസുഘടമല്ല, ഹോ!! ദേഹം-
വാടുന്നേ, റുന്നദാഹം.
തരസാപോയ്ജലകണംപെരുമാറിവരാം
"തണ്ണീർതാൻ പ്രാണിപ്രാണം" [ക്ഷണം
കരയാശ്ശ്ലോമനമുത്തേ! കരുതിക്കാമിനീചിത്തേ-
കാരുണ്യംശ്ശൂന്യമത്രേ.

(എന്നു അല്പം നടന്നു പിന്നേയും കുട്ടിയുടെ അടുത്തുചെന്നിരുന്നു തലോടിക്കൊണ്ടു)

ശ്ലോ: 14. സ്നേഹംപൊന്മകനന്തികത്തെയു, മഹോ
ദാഹംതടാകത്തെയും-
ദേഹംതന്നെമമാനയിക്കുമതിനാ-
യാഹന്ത! നോക്കീടനാൽ;
ഗേഹംവെന്തിടുമപ്പൊഴങ്ങുനിധിതൻ
മോഹംനിമിത്തംശിഖി-

---

പൊന്മകനന്തികം=പൊന്മകന്റെ സമീപത്തെ.

ദ്രോഹംകൊണ്ടുവലഞ്ഞിടുന്നകൃപണോ-
ത്സാഹംവഹിക്കുന്നഹം.

എന്തായാലും ഇവനെ ഞാൻ പിരിഞ്ഞുപോകയില്ല - അയ്യോ!!

പദം 19. ഭൈരവി=ചെമ്പട

പല്ലവി: തളരുന്നഹം ദാഹംദുസ്സഹം

അ: പ: തളിരൊളിഗാത്ര! കുളിർമതിവക്ത്ര!
നാളീകദളനേത്ര! കേളീമൊഴിയേപുത്ര! -തളരു-

ച: കാട്ടിൽഭവാനേവിട്ടിഹതാനേ,
കഷ്ടമേജലസ്ഥാനേദൃഷ്ട്വാഞാൻപോകുന്നേനേ
-തളരു-

ജീവനമെന്യേ പാവനംപിന്നെ
ജീവനിലൊന്നുംതന്നേജീവനില്ലെന്നുമന്യേ -തളരു-

നന്ദനത്രാണംതന്നിൽഞാൻവേണം
എന്നാൽനീർകുടിക്കേണം ഒന്നുപോല്ലരാംക്ഷണം
-തളരു-

(കുട്ടിയുടെ തലക്കു കൈവെച്ചിട്ടു്) പൊന്മകനേ!

ശ്ലോ: 15. പിരിഞ്ഞിടുന്നേൻഗിരിശാംഘ്രിനണ്ണി-
കരഞ്ഞിടാതിങ്ങുകിടന്നിടുണ്ണീ!
ചൊരിഞ്ഞിടുംവൻകൃപനിന്നിലേ,വം-
നിറഞ്ഞവാത്സല്യപയോധിദൈവം.

(കുട്ടിയെ അവിടെ കിടത്തി തൊഴുതുകൊണ്ടു്

ശ്ലോ: 16. മൃഗാങ്കമൌലേ! കനിവാനിനക്കു-
യകാണ്ഡമുണ്ടായ്മരുവൂകനക്കേ

മൃകണ്ഡുതൻനന്ദനനിൽകണ്ണക്കേ
മകൻകൽമേല്പ്രേമമതെഃന്നാണക്കെ.

ഇതൊരുട്ടവഴിയാണെന്നുതോന്നുന്നു. ക്രൂരജന്തുക്കൾ ഇനി അധികം വരികയില്ല. * ഉഷഃപ്രകാശം വരുന്നുണ്ടല്ലോ. (പിന്നേയും കുട്ടിയെ ചുംബിച്ചു) മകനേ! ഞാൻ വേഗംവരും. (എന്നു കുട്ടിയേ തിരിഞ്ഞുനോക്കിക്കൊണ്ടു മെല്ലേമെല്ലേ പോയി) (അണിയറയിൽ-ഉച്ചത്തിൽ) മഹാദേവ! ഗൌരിപതേ!

ശ്ലോ: 17. തിന്നിതു, കണ്ണവൻമുത,ലാ-
സകലവുമെൻവസ്തു, സാല്പകണ,വൻമുതലാ
തിന്നുന്നെ,ന്നെയു,മേശാ-
തെന്താ,ണീവാത്ത, ഹന്ത!!നിന്നെ,യുമേശ!!

ഹര! ഹര! ശിവ! ശിവ! ശങ്കര! എന്നുച്ചത്തിൽ തുടങ്ങി മെല്ലേമെല്ലേ അവസാനിപ്പിക്കുന്നു.

—അനന്തരം അണിയറയിൽ—

ഹേ! ബ്രാഹ്മണി! ആ വഴി കാട്ടുവഴിയാണ് അതു വിട്ടു വലത്തെ ഊട്ടുവഴിയിൽക്കൂടി പോയ്ക്കൊള്ളൂ! (ഉഷ എന്ന ബ്രാഹ്മണി പ്രവേശിച്ചു ചുററിനടന്നുകൊണ്ടു)

---

* അരുണോദയം, ഉഷയുടെ പ്രവേശനമെന്നു വ്യംഗ്യം.

കണ്ണവൻ . . . . . എൻവസ്തു=ഭത്താവുതുടങ്ങിയുള്ള എൻെറ എല്ലാ വസ്തുക്കളും - സാല്പകണ=സാല്പൻെറ ശരം. വന്മുതല=വലിയമുതല.

ഹര! ഹര! ശിവ! ശിവ! (പാന)

ശ്ലോ: 18 ഗിരിസുതാപതേ! നിൎവൃതതാപ!തേ-
ചരണതാരതിലാസേവിതാരതി
വരണമേമതിക്കിത്രതാൻമേമതി,
തരികസമ്പദേ ക്രുപ്പാൻരസംപദേ.

(അണിയറയിൽ) ഇങ്ങേ!, ഇങ്ങേ!

ഉഷ: (തിരിഞ്ഞുനോക്കി കിടക്കുന്ന കുട്ടിയെ കണ്ടിട്ടു പരിഭ്രമിച്ചിട്ട്)

പദം 20. നീലാംബരി—ത്രിപട

പല്ല: ഹാ!ശിവനേ! കാണ്മതെന്തീവിപിനേ
ചെറുതാമൊരുശിശുവിനേ

അ: പ: പശുവുംതൻശിശുവിനെപ്പിരിഞ്ഞുവസിക്കയി-
ല്ലി,വന്നടെസവിത്രിയേയുദ്ബുദ്ധി -ഹാ!ശിവനേ-

ച: 1. പെററനാളാണിവനി,തുപാക്കിൽ
ചുററിഞ്ഞാലുന്നത്രേ പൊക്കിൾ
മാററികൾക്കുണ്ടാവുകിൽമക്കൾ-
ക്കേററീട്ടമീനില,യോക്കിൽപററായ്കിനിമററുദി-
[ക്കിൽ -ഹാ!ശിവനേ-

2. ഉന്നതത്വംപെരുകിനതോളം, ചന്ദ്രമണ്ഡലമതി-
[നെക്കാളും-
മിന്നിടുന്നൊരുമുഖവും, കവിളും

നിൎവൃതതാപ!=സന്താപനാശന!-ആസേവിതാരതി=സേവനതാല്പൎയ്യം.
സമ്പദേ=സമ്പത്തിനുവേണ്ടി.

സുന്ദരൻതൻകണ്ണുതോളംചെന്നിട്ടന്നിക്കണ്ണിൻ-
[നീളം -ഹാ!ശിവനേ-

3. ഏതുവംശത്തിങ്കലതെന്നും ജാതിയേതാണെന്നതു-
[മൊന്നും
ബോധമേകാതിങ്ങിനെമിന്നുംജാതനെവിട്ടവ-
[തിന്നും
തോന്നുന്നില്ലെട്ടപ്പതിന്നും. -ഹാ!ശിവനേ-

ഇനി എന്താണ്വേണ്ടത് ആരോട്ടചോദിക്കും ഒരാളേയും വരുന്നതുകാണുന്നില്ലല്ലോ. എന്താണൊരു തേജസ്സുകാണുന്നത്? (എന്നു നോക്കിക്കൊണ്ടിരിക്കേ മററെ തിരശ്ശീല പൊന്തുമ്പോൾ ഒരു സന്ന്യാസി പ്രവേശിക്കുന്നു.)

സന്ന്യാസി:

ശ്ലോ: 19. വിശദസുഗുണസമ്പാന്തേ! സന്താനമെ-
ന്നതുപോലെയി-
ശ്ശിശുവിനെമടിക്കേണ്ടാ കൊണ്ടങ്ങുപോ-
ക!വളർത്തുക!
അശുഭമിനിമേലില്ലാനില്ലായ്കെട്ട-
ത്തിട്ടഭഷേ!ശുഭേ!
പശുപതികൃപാപൂരം പാരംനിണ-
ക്കുഭവിക്കുമേ!

(കുട്ടിയുടെനേരെ കയ്യുയർത്തിക്കൊണ്ട്)

ശ്ലോ: 20. ദീർഘായുരാരോഗ്യമൊടൊത്തു ഭർഗ്ഗൻ-
ത്തൃക്കാലണക്കട്ടെ!! നിണക്കസൌഖ്യം!!
ഇക്കാലമിബ്രാഹ്മണിതന്നിൽനിന്നേ-
യുറക്കാമ്പലിഞ്ഞീശ്വരനേകിടുന്നോൻ!!

(തിരശ്ശീല താണപ്പോറ)

ഉഷ: (കുട്ടിയുടെ അടുത്തുചെന്നിട്ട്)

പദം 21. ചെഞ്ചുരുട്ടി—തിസ്രജാതിരൂപകം

ഓമനപ്പൈതലേ! നീമമകൈതലേവാമനസ്സുഖക്കാതലേ!
ഹേമകന്നേ!എന്തിന്നുകോമള!കരയുന്നുനീമാഴ്കാതെയ്യോട്ട-
[മിന്നു
ഈമകന്നൻജനായ്സുമതേ! നീമതിന്നുവളരെൻസവിധേ
താമസിച്ചിടരുതെ ഇനിവെറുതേ -ഓമനപ്പൈ-
ഇന്ദുവീമന്നിലേക്കിന്നുവന്നതുപോലേ
മിന്നുമെൻഭാഗ്യവാതിലേ!
ഇന്നുചൂഡ,നയോനിതന്നപൊൽനിധിയോനീ
വന്നീടെൻകയ്യി,ലിനി
എന്നിലേറമഴലെക്കളവാൻതന്നു നിന്നേമകനേ!ഭഗവാൻ
ദൈന്യഹാനിപരവാൻ കിമുപറവാൻ -ഓമനപ്പൈ-

നീവളൎന്നാൽ എന്റെ ദാരിദ്ര്യംതീൎന്നു. ഇങ്ങിനെ ഭിക്ഷാടനംചെയ്തു നിന്നേയും വളൎത്താം (എന്നു കുട്ടിയേയുംഎടുത്തു പോയി)

---

ഭർഗ്ഗൻതൃക്കാൽ=പരമേശ്വരന്റെ പാദാരവിന്ദം.
അയോനി=ജനനമരണ്മില്ലാത്തവൻ. ദൈന്യഹാനിപരൻ=ദു:ഖത്തെ നശിപ്പിക്കുന്നതിൽ തല്പരനായവൻ.

(അനന്തരം രണ്ടു കുട്ടികളോടുംകൂടി ഉഷപ്രവേശിക്കുന്നു)

ഉഷ: ശിവ! ശിവ! ശംഭോ! ഹര! ഹര! ശംഭോ! ധമ്മമേ ജയം. ശങ്കര! ശശാങ്കശേഖര! ധമ്മമേജയം!! (ചുററിനടന്നുകൊണ്ടു)

ശ്ലോ: 21. കന്മഷനികൃന്തന! ചിരന്തന!പുരാണേ!
ജന്മമൃതിനാശകരനേ! ഭുവനയോനേ!
നന്മകളെനൽകുവതിനായിത! ഭവാനേ-
താഴ്മയൊടുകൈതൊഴുതിടുന്നുഭഗവാനേ?

മകനേ! ഇവിടെഇരിക്കൂ! ഞാൻ അല്പം ഇരിക്കട്ടെ നടന്നു നടന്നുതളൎന്നു. ഉണ്ണീ! കരയൊല്ലേ!! ധമ്മമേജയം!! ശിവ! ശിവ! മഹാദേവ! (എന്നു അല്പം ജപിച്ചു എഴുന്നേററിട്ടു്)

പദം 22. ബിഹാക്ക്=തിസ്രജാതിരൂപകം

പല്ല: വല്ലതെന്നാലുംതന്നാലുംനിങ്ങൾ -വല്ലതെ-

അ: പ: നെല്ലോയിന്നുറിയരിടത്തല്ലോനൽകുവിൻ!വാരി -വല്ലതെ-

ച: മുററുമിക്കുമാരരേ പോരേററണമിരുപേരേ
ഉറേറാരാരുമേവേറേമററില്ലിങ്ങലോകരേ! -വല്ലതെ-
നാട്ടിലിങ്ങിനെതെണ്ടി കിട്ടീടുന്നതുകൊണ്ടി-
കുട്ടികളിവർരണ്ടിന്നഷ്ടിനൽകുവാൻവേണ്ടി -വല്ലതെ-
ഇല്ലങ്ങളതോറുംചെല്ലുന്നൊങ്ങളിലേറും
അല്ലലെങ്ങിനേമാറും ഇല്ലിങ്ങാശ്രയമാരും -വല്ലതെ-

ഉണ്ണീ! എഴുന്നേല്ക്ക! ഇന്നു ഇതുകൊണ്ടൊക്കേയും കഴിച്ചുകൂട്ടാം. നാളേത്തേകഥ പിന്നെ തീച്ചപ്പെടുത്താം ഈ

വെയിൽകൊണ്ടു ന്മമ്മം നന്നേതളൎന്നില്ലേ? മക്കളേ! ഈ നട്ടുച്ചക്കു എങ്ങിനേസഞ്ചരിക്കും!! ആദിത്യരശ്മി നോക്കി ക്കൂടുന്നില്ല.

(പാന)

ശ്ലോ: 22. ചൊല്ലേഴും'കര'പ്രൌഢപ്രതാപമോ-
ടല്ലൂ,ലിജ്ജഗത്തിങ്കലെല്ലാടവും;
പല്ലവിപ്പിച്ചുപാൎക്കുന്നു സൂൎയ്യ,ന-
സ്സാല്വനെപ്പോലെവല്ലാത്തനിൎദ്ദയൻ!!

അതുകൊണ്ടു അടുത്തുകാണുന്ന അമ്പലത്തിന്റെ ഗോപുരത്തിൽചെന്നു വെച്ചൂണുംകഴിച്ചു ഇന്നാവിടെക്കൂടാം.

പോക - (എന്നു പോയി)

—ശോകകരുണസമ്മൎദ്ദം എന്ന രണ്ടാംഅങ്കം കഴിഞ്ഞു—

◆⟶ I ⟵◆

# മൂന്നാം അങ്കം.

## ശുചിവ്രതഫലം.

———(I)———

(അനന്തരം സാല്വൻ പ്രവേശിക്കുന്നു.)

ഭദ്രകാളിയുടെ കടാക്ഷത്താൽ ഈ ത്രൈലോക്യത്തിൽ എനിക്കു നേരായ പരാക്രമശാലി ആരഃ ഞങ്ങളുതു ആരുമില്ല.

ശ്ലോ: 23. വില്ലെ,ൻകരത്തിലുടനെത്തുകിലിന്ദ്രനേയും
പുല്ലെ,ന്നുപേടി മമപാൎക്കിലുപേന്ദ്രനേയും;
വെല്ലേണ്ടശക്തി പെരുതാമൊരുസാല്വകീൎത്തി-

കല്ലേറ്താഴേണ്ട,തി,തുദിക്കതിലൊക്കെ-
[യെത്തി!!

എന്താണൊരു പാട്ടുകേൾക്കുന്നുണ്ടോ?

പദം 23. അണിയറയിൽ-

ഹംസധ്വനി=ആദി

പല്ല: കാലാരിരവതുമാംകപാലീ
ക്ഷാന്തിശാലീക്ഷയാൽബലീ -കാലാരി-

സാല്പ: അതിമനോഹരംതന്നെയാണീഗാനം!!(ചെവിയോൎത്തിട്ട്) ശിവകീൎത്തനമാണ്. (അണിയറയിൽ)

കാലാരിരവതുമാംകപാലീ

ച: 1. ബാലേന്ദുശേഖരമമലം ഫാലലോചനം
തമീശമതുലം
ശീലപേശലംശിവമചഞ്ചലം ചിന്തയാമ്യലം
ചിൽഘനോജ്വലം. -കാലാരി-

സാല്പ: ലോകമാസകലം ജ്വലിക്കുന്ന തേജസ്സോടുകൂടിയ ഒരു ശിവഭക്തൻ വരുന്നുണ്ടെന്നുതോന്നുന്നു.

(നാരദൻ പ്രവേശിച്ചു നടന്നുംകൊണ്ടു)

"കാലാരിരവതുമാംകപാലീ"

ച: 2. നേത്രാഗ്നിഭസ്മീകൃതമദനം ഗോത്രനന്ദിനീ
വിലാസസദനം

---

ക്ഷയാൽ അവതു=ആപത്തിൽനിന്നു രക്ഷിക്കട്ടെ. നേത്രാഗ്നി . . . . . . മദനം=തീക്കണ്ണിൽ കാമനേ കരിച്ചവനേ. ഗോത്ര . . . . . . . സദനം= ശ്രീപാൎവ്വതിയുടെ വിലാസത്തിന്നു രംഗമായവനേ.

ന്ദത്തമോദിനംനിഗമശോഭിനം നമ്രപാലി-
നംനൌമിശൂലിനം -കാലാരി-

സാല്വ: (കണ്ടിട്ടു) ഓ! ഹോ!! (എന്നു മെല്ലെ എഴുനേററു തൊഴുതുപിടിച്ചുകൊണ്ടു) കണ്ടതു വളരെസന്തോഷം! എവിടുന്നാണിപ്പോൾ ഇവിടേക്കു കെട്ടിച്ചാടിയതു? ഇരിക്കുക! (നാരദൻ മടിക്കുമ്പോൾ അടുക്കേച്ചെന്നിട്ടു) ഞാൻ പറഞ്ഞാൽ ഇരുന്നുകൂടേ? (എന്നു പിടിച്ചിരുത്തിട്ടു) ഇങ്ങിനേ നാട്ടുതീരേ ചുററിനടക്കുകതന്നെ അല്ലേ?

നാരദൻ: അതി ശൂരന്മാരായ നിങ്ങളിൽചിലരെ കണ്ടു സന്തോഷിക്കുകയുംചെയ്യാമല്ലോ!!

സാല്വ: ശരിശരി നമുക്കൊരു നേരമ്പോക്കിന്നും ഇടവരുമല്ലോ!! ഭവാൻ ചെല്ലാത്തദിക്കൊന്നുമില്ലല്ലോ. എന്നാൽ:—

പദം 24. കാമാശി—ത്രിപട

പല്ല: ശൂരരാരിങ്ങശരിയായ്നില്പവർഭുവനേ ശരാഭ്യാ-
[സംകൊണ്ടുമുനേ!

അ: പ: ഈരേഴലോകത്തി,ലാരാണെൻെറശക്തി
ഓരാത്ത,തെൻസൽകീൎത്തി പാരിലൊക്കേയു-
[മെത്തി. -ശൂരരാരി-

ച: സത്യരഥനെന്നമൎത്ത്യേന്ദ്രനെക്കൊന്ന
ശക്തൻഞാനിരിക്കുന്നധാത്രിക്കുണ്ടോനിന്ദ!!
-ശൂരരാരി-

---

നൌമി=ഞാൻനമസ്കരിക്കുന്നു.

നാരദൻ: ശിവ! ശിവ! സംശയമുണ്ടോ!!? ഭവാൻ എന്തോരു വീരനാണ്!!?

പദം 25 കാമ്ബോജി—ത്രിപട

പ ല്ല: ചതുരൻനീശൂരൻഭൂപതേ! ശതമുഖസമ! സുമതേ!

അ: പ: മഹിതംനിൻചരിതം മാന്യന്മാർസന്തതം

മാനിച്ചുമോദിച്ചുമേവുന്നു മതിന്നു -ചതുരൻ-

ച: വിദർഭൻമകനില്ലിഭ്യൻ ബാലനൊന്നുണ്ടേഭ്യൻ

നിന്നെയുംനിന്ദയുംചെയ്യുന്നുചകന്നു -ചതുരൻ-

സാല്വ: (പരിഭ്രമിച്ചിട്ട്) ഏ!! സത്യരഥന്നു സന്താനമുണ്ടോ?

നാരദൻ: ഓ,ഹോ!! അറികയില്ലേ!!? ആശ്ചര്യംവട്ടം!! ഭവാൻ അവനെക്കൊന്നപ്പോൾ അവന്റെ പട്ടമഹിഷി-പത്തുമാസംതികഞ്ഞ ഗർഭിണി കാട്ടിലേക്കോടിച്ചെന്നു പിറേറദിവസം രാവിലെ ഈ കുട്ടിയെ പെററ് ഉടനെ വെള്ളം കുടിപ്പാനായി അടുത്തുള്ള ഒരു താമരപ്പൊയ്കയിലേക്കുപോയി.അപ്പോൾ ഒരു മുതലകടിച്ചു മരിച്ചുപോയി.

സാല്വ: ഹാ! (എന്നു ചിരിക്കുന്നു) ഉടനേ ആ കുട്ടിയും മരിച്ചുവായിരിക്കാം

നാരദൻ: കേ‌ംക്രൂ!! ദൈവത്തിന്റെ കളി!! അപ്പോൾ ഭിക്ഷാടനംചെയ്യുന്ന ഒരു ബ്രാഹ്മണിവന്ന് ഈ കുട്ടിയെ എടുത്തു തന്റെ മകനോടുകൂടെ വളത്തി.

സാല്വ: (ആത്മഗതം) ഈ വിരൂപിണി വന്നിട്ടില്ലെങ്കി

ങ്കിൽ അതിൻെറ കഥ കഴിയുമായിരുന്നു!!

(പ്രകാശം) അപ്പോഴത്തേക്കും ഈ ദുർമ്മൂർത്തിയെ എവിടു ന്നാണവിടേക്കു കെട്ടിയെളിച്ചതു്? അവളുടെ മകനാരാ ണു്?

നാരദ:- "ശുചിവ്രതൻ" എന്ന ഒരു കുട്ടി.

സാല്വ:- അന്തകനാൽ പരിപാലിക്കപ്പെട്ടവൻ- എന്താ യാലും മരിക്കാത്തവൻ!— ഏ!! വലിയ ആയുസ്സുള്ളവ ൻ — എന്നാണു് അർത്ഥം. അല്ലേ? ആട്ടെ. എവിടെയാ ണിപ്പോൾ ഉള്ളതു്?-

നാരദ:- ഇപ്പോൾ ഇവര് ഈ വിദർഭരാജ്യസാമീപ്യംവിട്ടു് ഏകചക്രയിൽ ചെന്നുകൂടീട്ടുണ്ടു്.

സാല്വ:- എനിയ്ക്കത്തെ ബകൻ ഇവൻതന്നേ!! എന്നി ട്ടോ?

നാരദ:- ഈ ബ്രാഹ്മണി ശാണ്ഡില്യമഹർഷിയെകണ്ടു്, ഈ കുട്ടിയുടെ വിവരം അറിഞ്ഞു്, ക്ഷത്രിയോചിതകർമ്മം- കൊണ്ടു ഉപനയനം കഴിപ്പിച്ചശേഷം:-

സാല്വ:- പൊടി പൊടിതന്നേ വട്ടം:-!!

നാരദ:- ആ മഹർഷിയെക്കൊണ്ടു് പ്രദോഷോപവാസക്രമ വും മന്ത്രവുമുപദേശിപ്പിച്ചു:- ഇപ്പോൾ-

ശ്ലോ:- 24. ശാണ്ഡില്യൻതാൻ പ്രദോഷവ്രതവിധി-
വിധിയാംവണ്ണമങ്ങുള്ളിലേററി,-
ച്ചണ്ഡീശൻ സേവചെയ്യാനരുളിയ മുത, ല-
ട്ടൌണ്ഡരാം ബാലകന്മാർ,

തണ്ണീരുംകൂടവിട്ടങ്ങതികൃശവപുഷാ
ദണ്ഡമററീശപാദം-
നണ്ണിസ്സേവിച്ചിരിപ്പാണിവരുടെ ചരിതം
നിൎണ്ണയം വൎണ്ണനീയം!!

എന്നാൽ ഞാൻ പോകട്ടേ; ഭവാന്നു സദാമംഗളം വൎദ്ധിക്കട്ടേ!!

സാല്വ:- ഇങ്ങിനെ ഇടക്കിടക്ക് ഓരോന്നു കാണണം!!

നാരദ:- ഓ. ഹോ! തരത്തിലെത്തിക്കൊള്ളാം.

സാല്വ:- എന്നാൽ അങ്ങിനെയാട്ടേ. (നാരദൻ പോയപ്പോൾ)

സാല്വ:- (ആത്മഗതം) ശിവപ്രസാദം സിദ്ധിച്ചാൽ പിന്നേ ഇവനോടാൎക്കും അടുത്തുകൂടാ!! ഉടനെ ഇവന്റെ ക്രിയ കഴിക്കണം. രാക്ഷസഭടന്മാരേ ഏല്പിക്കാം. "നഖാഗ്രലാവ്യസ്തരുരങ്കുരാത്മാ പരശ്വധസ്യാപിതതോതിഭ്രമി" എന്നല്ലേ ശത്രുവിനേയും രോഗത്തേയും വളൎത്തിക്കൂടാ അതിന്റെ ആലോചനചെയ്യും പോകതന്നെ (പോയി.) (അനന്തരം 'വിക്രമ'നെന്നും 'നക്രമുഖ'നെന്നും രണ്ടു രാക്ഷസഭടന്മാർ പ്രവേശിക്കുന്നു.)

പദം 26. നാഥനാമക്രിയ രാഗം. ഏകതാളം.

കണ്ണികൾ

നക്രമുഖൻ- വിക്രമ! വരികരികേ വേഗമേകചക്ര-
യിൽപോകനാം പ്രാണസഖേ!

വിക്രമൻ- അക്രമമുരച്ചിടാതേ പോകപോ-
കനക്രമുഖ! നമുക്കിന്നരുതേ!

നക്രമു:- നിന്നുടെയഭിപ്രായമോനടപ്പതു
മന്നവൻ തന്നുടെ ശാസനമോ

വിക്ര:- എന്നാലതുരച്ചീടേണ്ട പറകെടൊ
വന്നാലും വേഗംമമോപകണ്ഠേ.

നക്രമുഖ:- ദുർമ്മദമുടയശഠൻ മേവുന്നുണ്ട
'ധർമ്മഗുപ്താ'ഖ്യനാം ബാലൻമൂഢൻ.
നമ്മൾചെന്നവനെ കൊന്നുവന്നിടേണ
മുണ്മതിനിങ്ങേകുതന്നെയിന്നു

വിക്ര:— നമ്മൾക്കിന്നാൎത്തിപൂൎവ്വം സ്വാമിയോട്ട
സമ്മാനംവാങ്ങാം കൾഷോല്പ്പസവ്വം

നക്രമുഖ:- ചങ്ങാതി! നമ്മൾ വെവ്വേറേപോയ്തിരയണം! പൂപ്പറിപ്പാൻ ഉച്ചക്കു കാട്ടിലേക്കുവരും.

വിക്ര:- അപ്പോൾ നല്ലലാക്കാകും. ചങ്കിന്നുതന്നെ ഒരു കൊത്തുകൊടുക്കണം!!

നക്രമുഖ:- രണ്ടുകണ്ടമാക്കണം അല്ലേ.

വിക്രമ:- അതേ- പോക- (എന്നു രണ്ടുപേരുംപോയി)

(അനന്തരം കാട്ടിൽ ധർമ്മഗുപ്തനും ശുചിവ്രതനും പ്രവേശിക്കുന്നു.)

ധർമ്മഗുപ്ത- ഈ കാട്ടിൽ ചൂടു കഠിനമായിപിടിക്കുന്നു. ഇലകൾ സകലം ഉതിൎന്നുപോകയാൽ മരങ്ങൾ ഓലകെ

ചങ്കിന്നു=കഴുത്തിന്നു. (ദേശ്യം)

ട്ടാത്ത പന്തലിന്റെ തൂണുകൾപോലെ നില്ക്കുന്നു. വെയിലിന്നു ചൂടു കഠിനംതന്നെ. നോക്കെടോ! മദ്ധ്യാഹ്നത്തിന്റെ ക്രൂരത. കാട്ടുകൾഎല്ലാം ഇളാകാതെ നില്ക്കുന്നു ഒരാട്ടവുമനക്കവുമില്ല—.

ശ്ലോ: 25. പരുന്തോ,ട്ടം തോട്ടംതൊടുകി,-
ല,രികേ മക്കളെയണ-
ച്ചിരിക്കും നൽകോഴിസ്ഥിതിയൊ-
ട്ടിളകാതാകുലതയാ;
മരക്കൂട്ടം കഷ്ടംരവികരഭയാൽ
തൻനിഴൽകളെ—
മരട്ടിൽക്കൂട്ടിച്ചേർത്തരുൾവതിത! കാ-
ണ്കൊ, ണ്കുലമണേ!

ശുചിവ്ര:—

ശ്ലോ: 26. മുക്കണ്ണൻതമ്പൂരാനപ്രളയമതിൽ മഹാ-
മുഷ്ക്കോടും തൻലലാട-
ത്തുക്കണ്ണിൻകേളിയാലിത്രിഭുവനമുടന-
ങ്ങൊക്കെ ഭസ്മീകരിപ്പാൻ;
നിൽക്കുമ്പോലുഷ്ണനാകാശവുമിത! കടുതാ
മക്തേജസ്സിനാലി-
ട്ടിക്കിന്നാലസ്യമേകുന്നധികമിഹമഹാ-
ദ്ദഹ്ലടംപാക്കേടോ! നീ.

ധൎമ്മ:- ഇവിടെ നിന്നാലെരിഞ്ഞുപോകും. അതാ കാണുന്ന

---

പരുന്തോട്ടം=പരുന്തിന്റെ ഓട്ടം.

കാവിലേക്കുപോക. അവിടെ വെയിലിൻെറചൂടു ലേശംപോലുമേശുകയില്ല. (എന്ന് അല്പംനടന്നിട്ട്) എന്താണ് മടിക്കുന്നത്? വേണ്ടപ്പെട്ട പൂക്കൾ ഒക്കേയും അവിടെയുണ്ട്. അതാ! നോക്കു!

പദം. 27 കല്യാണി = ഏകതാളം.

പല്ലവി: വരു! ശുചിവ്രത! സുചരിത! (വരു ശുചിവ്രത)

അ: പ: തരുതല്ലിത്തു, താർചാർത്തുതാൻചീർത്തു,
തേൻപാർത്തുവണ്ടാർത്തുകൊണ്ടെത്തുന്നുണ്ടോർത്തു
-വരു-

ചര: കമലശരൻ തീകനലിൻപന്തികലിതയാം കാന്തി
ഇളയിൽനീന്തിയിരുളിൻശാന്തി അരുളിടുന്നന്തി,
വിഗതക്ലാന്തി പാരന്തിവിളങ്ങുന്നന്തികെചേമ-
[ന്തി—
വിപിനപംക്തി തന്നിൽചിന്തിവാണിടുന്നിതി-
ലെന്തി,പ്പാണിക്കുമടിയേന്തി. (വരുശുചി)
നെടിയൊരു ഗിരിതടിയിൽ ചിതറിച്ചേരും
[തേൻതധരി
കുടിയി,ലുഴറിനടക്കും ഭ്രമരിക്കൂട്ടം, മഞ്ജരീ-
വിടരുന്നോരിപ്പാതിരിവിടപിമാധുരിമാതിരി-
തടവി,പാരി,! ത,ടവിപാരിലാടൽതീർപ്പതു,
പോരിങ്ങിടാന്ന മലർഭ്രരി. (വരുശുചി)

ശുചിവ്ര:- ഭയത്തോടും 'ധർമ്മഗുപ്ത'ൻെറ കൈ പിടിച്ചുവ

---

വിഗതക്ലാന്തി=വാട്ടമില്ലാത്ത. പാരന്തി=ചെക്കിപ്പൂവ്. പാര് ചകഞ്ഞ.

ലിച്ചുകൊണ്ടു്

പദം. 28. ബിഹാക്ക് = രൂപകം.

പല്ല: വീര! വരിക, സുന്ദര!

ചര: 1. ഘോരമീമഹാവനം ക്രൂരജന്തുജീവനം,
ചേരുകില്ലിതിൽയാനം; ധീര! പോക! നാം

ധർമ്മഗുപ്ത:- വീര! വിടുക! സുന്ദര!

ച: 2. പ്രതിലതാതരുകലമതിലിതാ! മലർക്കുല,
ഇതുപോലെങ്ങുമേ പലേവിധ, മൊത്തുകാണ്മാൻ
[വേല. (വീരാവിടുക)

ശുചിവ്രത:- വീരാ! വരിക! സുന്ദര!

ച: 3. ധരിക്കിക്കാനനംഭീമം നരക്കിതുസ്സുദുർഗ്ഗമം
തിരിക്ക! നാം മതിസുമം വിറക്കുന്നെന്നംഗം
[വാമം. (വീരവരിക)

ധർമ്മഗുപ്ത:- വീരാ! വിടുക! സുന്ദര!

ച: 4. നല്ലപൂക്കളേപറിച്ചല്ലൽവിട്ടു ഞാൻതിരി-
ച്ചില്ലത്തിൽവരാം;-വൈരിയില്ലെ,നിക്കറി! (വീ)

ശുചിവ്ര:- വേണ്ടാ! വത്സ!! ഇന്നേക്ക് ഈ പൂക്കളെക്കൊണ്ടു മതിയാക്കാം. ആകപ്പാടെ എനിക്കൊരു ഭയം. എന്തെങ്കിലും വല്ല ആപത്തും വന്നുവെങ്കിലോ? വത്സ!! (എന്ന് കൈപിടിച്ചുവലിക്കുമ്പോൾ)

ധർമ്മഗുപ്ത:- ഒരാപത്തുംവരികയില്ല. നമുക്കു ഗൌരീസഹായൻ സഹായമില്ലേ?!! നമുക്കന്യന്മാരിൽനിന്നും വരുന്ന ആപത്തിനേ പരമേശ്വരൻ സമ്പത്താക്കിത്തീൎക്കും.

ഭവാൻചെന്നു പൂജാപാത്രം വടിക്കുമ്പോഴേക്കു പുഷ്പങ്ങ ളോടുകൂടി ഞാൻ എത്തും,

ശുചി:- എന്തുചെയ്യും. പറഞ്ഞാലനുസരിക്കാഞ്ഞാൽ!, അങ്ങിനെയാട്ടെ. ഞാൻ നടക്കാം. പരമേശ്വരകൃപയാൽ ഭവാന്ന് ഒരാപത്തുംവരാതെ സുഖമായിവരട്ടെ! (എന്നുപോയി.)

ധൎമ്മ:- (ചുററിനടന്നു പുഷ്പംപറിച്ചുകൊണ്ടു്)

ശ്ലോ: 27. പ്രസീദ! മാരശാസന! പ്രണമ്രപങ്കജാസന!
പ്രസീദ! ഫാലലോചന! പ്രപന്നപാപ-
[മോചന!
സുരാസുരാഹിതസ്തുതേ! ചരാചരാത്മകാ,-
[സ്തുത-
പരാപരാ! നതിഃപദേ ധരാധരാത്മജാപതേ
അണിയറയിൽ— (മുൻമട്ടു്.)

പദം 29. ബാലകനിവിടെയുണ്ടേ വരു സുമജാലങ്ങളറു-
[ക്കുന്നുണ്ടേ.

ധൎമ്മ:- എന്താണൊരു ഘോരകശബ്ദം കേൾക്കുന്നതു്.
അണിയറയിൽ (മുൻമട്ടു്)
മേലാകെവിഭൂതിയുണ്ടേ! വരു! ജപമാലിക
[കരത്തിലുണ്ടേ!

ധൎമ്മ:— വേട്ടയാടുന്ന കാട്ടാളന്മാരായിരിക്കാം.
അണിയറയിൽ (മുൻമട്ടു്)
വാളൊന്നിങ്ങണച്ചിടട്ടെ അശനിയെക്കാളൊന്നു
[വെടിപ്പാക്കട്ടേ.

ആളൊന്നുമിവിടെയില്ലേ അറികയില്ക്കൊളിന്നു
[പഴുതാക്കൊല്ലേ!

(രാക്ഷസഭടന്മാർ പ്രവേശിക്കുന്നു)

ധമ്മ:- (കണ്ടിട്ട്) ശങ്കര! ഹാ! ഹാ! മഹാദേവ! (ഓടാൻ ഭാവിക്കുമ്പോൾ)

പദം 30. പന്തുവരാളി=ത്രിപട.

വിക്രമ:— കൊല്ലാതെ വെറുതെവിടില്ലെടാ! നിന്നെ

പല്ല: നില്ല,വിടെ നിൽക്ക! നിൽക്കെടാ!! -കൊല്ലാ-

ചര: 1. ബലാത്തൊട്ടുതെറിപ്പോകാമെന്നൊ
ഖലത്വമോത്തുമെന്തി. തുനന്നോ!!?
നിലത്തുവീണുരുളേണ്ടനിവനന്നോ!!
മലത്തിടാംവായ് മണ്ണിതുതിന്നൊ!! -കൊല്ലാ-

ധമ്മ:- ഹാ ഹാ മഹാദേവ! ഈ മഹാപാപികളോടു ഞാൻ എന്തുകാട്ടും?

പദം 31. ആനന്ദഭൈരവി=ത്രിപട.

പല്ല: പുരരിപോ! നെരമിന്നിൻപത്തേ ശംഭൊ!
പരിഹരിക്കാപത്തേ ശംഭോ! പരിഹരിക്കാപത്തെ

ചര: മരണഭീതിയേമാററിത്തരേണമേ മമ ചെററി-
ച്ചരണതാരെന്ന്യേമററില്ലൊരുഗതി പാഹിപോററി
-പുരരിപോ!-

കൃതാന്തകിങ്കരന്മാക്കും നിതാന്തഭീതിയേചേക്കും
മദാന്ധരാമിവർനോക്കുന്നാതെന്തിവക്കാരെതിക്കും
-പുരരിപോ!-

നക്രമുഖ: (മുൻമട്ട്) കൊല്ലാതെവെറുതെവിടില്ലടാ

ച: 2. കരത്തിൽമേവിടുമിക്കരവാളം
കരുത്തനാംനി,ന്ദ്യുളനാളം
അറുത്തുരുധിരംമതിയാവോളം
തരത്തിലുണ്ണുംകാണ്ക!കരാളം!! -കൊല്ലാതെ-

ധർമ്മ: ദുർബ്ബലനായ എന്നെ കൊന്നിട്ട് നിങ്ങൾക്കെന്താണൊരു പ്രയോജനം!!? ചെയ്യരുതേ!! ഹാ! ഹാ! മഹാദേവ!

വിക്രമ: സാല്പൻതമ്പുരാന്റെ കല്പനയാണെടാ! നിന്നെ കൊന്നു ചോരകാട്ടിയാൽ ഞങ്ങൾക്കു നല്ല സമ്മാനം കിട്ടും നക്രമുഖ! പിടി പിടി!!

ധർമ്മ: (ആത്മഗതം) ഏതുവിധത്തിലും ഇതുകൊണ്ടിനി പ്രയോജനമില്ല-"അദ്യവാബ്ദശതാന്തേവാ മൃത്യുർവ്വൈ പ്രാണിനാംധ്രുവഃ" എന്നല്ലേ. (ഇരുന്നു തലതാഴ്ത്തി തൊഴുതുകൊണ്ടു)

ശ്ലോ: 28. ഹര!മേദുരിതം സോമാ-
ങ്കോത്തമാംഗാചലാ,ലയ!

---

ശ്ലോ: 28. സമുൽഗയമകം:- അർത്ഥം. ഹേ! ഹര! സോമാങ്കോത്തമാംഗ!=മടിയിൽ ഉമയുടെ വാസംകൊണ്ടു ശ്രേഷ്ഠമായ ശരീരത്തോടുകൂടിയോവെ!; അചലാലയ=ഗിരീശ!. സോമാങ്കോത്തമാംഗ=സോമാങ്കമായ ഉത്തമാംഗത്തോടുകൂടിയോവെ! (ചന്ദ്രശേഖരൻ എന്നുസാരം.) അചല!=സ്ഥാണു, അലയ!=നിത്യനായുള്ളോവേ!. മേദുരിതം-മേദുരിതം=പ്രവൃദ്ധമായ എന്റെ പാപത്തെ. ത്വംഹര!=അങ്ങ് ഹരിച്ചാലും! (നശിപ്പിക്കണമേ! എന്നർത്ഥം.)

ഹര!മേദുരിതം സോമാ-
ങ്കോത്തമാംഗാചലാ,ലയ!

(ജപിച്ചു കണ്ണടച്ചിരിക്കുന്നു)

(ഒരുവൻ കഴുത്തുപിടിച്ച് മറേറവൻ വെട്ടാൻഭാവിക്കുമ്പോൾ)

(അണിയറയിൽ – ഭൂം!!)

(കയ്യിൽനിന്നു വാൾ തെറിച്ചു രാക്ഷസഭടന്മാർ ചുററും നോക്കിനില്ക്കുമ്പോൾ)

നന്ദികേശ്വരൻ: (പ്രവേശിച്ച്)

പദം: 32. കല്യാണിരാഗം=ത്രിപടതാളം

പല്ല: ദുഷ്ടരേ! കഷ്ടമിനിയിക്കുട്ടിയിൽഗോഷ്ഠി-
കാട്ടിടാതങ്ങകലേനില്പിൻ! ദുഷ്ടരേ!

ചര: വിട്ടുപോകുവിൻനാണംകെട്ടദുഷ്ടരേ! ക്ഷീണം-
കുട്ടിക്കേകെയാൽ പ്രാണംനഷ്ടമാക്കുവൻക്ഷണം!
–ദുഷ്ടരേ–

ധാർമ്മികനായുള്ളൊരുധർമ്മഗുപ്ത! നീവരു!
നന്മയോടൊത്തുചേരു, കർമ്മയേചെന്നുചാരു
–ദുഷ്ടരേ–

(എന്നു ധർമ്മഗുപ്തനേ അയച്ചിട്ട്)

ദുഷ്ടരേ!കഷ്ടമിനിയാക്കുട്ടിയിൽ ഗോഷ്ഠി-
കാട്ടീടാതങ്ങകലെനില്പിൻ! –ദുഷ്ടരേ–

(എന്നു നോക്കിയപ്പോൾ രാക്ഷസഭടന്മാർ മരിച്ചു രണ്ടു ഗന്ധർവ്വന്മാർ പ്രവേശിക്കുന്നു.

ഗന്ധർവ്വന്മാർ: (തൊഴുതുകൊണ്ടു)

പദം 33. മലഹരി—രൂപകം

പല്ലു: നാമിരുവരുമിത! നാഥ!നന്ദികേശ!തൊഴുന്നേൻ [നിന്നെ

അ: പ: നാമസുഖിതസുജന! ഭൂതനാഥ!സുകൃതഹേതുഭൂത!

-നാമിരു-

ചര; നമദാർത്തിശമപൂർത്തി ചെയ്യൊരുതവഭക്തി-

ക്രമമോതിപ്പരിപാലയ! കാലാരിപ്രിയ!ചിരായ

-നാമിരു-

ഘനതാപംമുനിശാപം തീർന്നിതു, തവരൂപം-

മനതാരിൽ കുടികൊള്ളുകവേണമീശപാർഷദേശ!

-നാമിരു-

പ്രഹസനെന്നും വിഹസനെന്നും പറയപ്പെടുന്ന ഗന്ധർവ്വന്മാർ അടിയങ്ങളാണ്. ഒരുദിവസം ദുർവ്വാസാവിനെ പരിഹസിച്ചപ്പോൾ "രാക്ഷസരായിപ്പോവി" നെന്നു ശപിച്ചനേരം ഞങ്ങൾ അദ്ദേഹത്തോടു അപേക്ഷിച്ചു ശാപമോക്ഷംവാങ്ങിയതു നിന്തിരുവടിയേകണ്ടാൽ തീരുമെന്നായിരുന്നു. ആയതു ഇപ്പോൾ ഫലിച്ചു. ഇനിഞങ്ങൾ വേണ്ടതെന്താണെന്നൊന്നരുളിചെയ്യാനപേക്ഷ.

നന്ദികേ: നിങ്ങൾ ഇനി നിങ്ങളുടെ സ്ഥാനത്തുചെന്നു പരമേശ്വരനെ സേവിച്ചുകൊണ്ടു ഈ ധർമ്മഗുപ്തനും ഇവൻെറ ഉപമാതാവായ ഉഷയ്ക്കും അവളുടെ മകനായ

ശുചിവ്രതന്നും ശുഭസമ്പ്രാപ്തിക്കു പ്രാൎത്ഥിച്ചുംകൊണ്ടു സുഖമായിരിപ്പിൻ! പോകുവിൻ! ഞാനും ഇതാ പോകുന്നു. (അപ്പോൾ തിരശ്ശീല താഴുന്നു.)

(അനന്തരം ഉഷയും ധൎമ്മഗുപ്തനും പ്രവേശിക്കുന്നു)

ഉഷ: ഉണ്ണീ! നീ ഇന്നലെ വരാനെന്താണിത്ര താമസിച്ചതു മകനേ!? എനിക്കു നിങ്ങളെപിരിഞ്ഞു അരനാഴിക പോലും ഇരിപ്പാൻ കഴിയുന്നില്ല. നിങ്ങളുടെ സന്നിധിതന്നെയാണെൻെറസന്നിധി! ശുചിവ്രതൻ എവിടെ? (അണിയറയിൽ)—അമ്മേ! ഞാൻ വരുന്നു.

ശുചിവ്ര: (പ്രവേശിച്ചു)

പദം 34. സുരുട്ടി—രൂപകം

പല്ല: ധൎമ്മശാലിനീ! വരികംബ! കാണ്കനീ

അ: പ: അംബികാപതിതന്നൊരിമ്മഹാനിധി! -ധൎമ്മശാ-

ചര: ഉണ്മചേൎന്നശൎമ്മമാൎന്നു കന്മഷംതീൎന്നു-
കാണ്മിനൊന്നുനമ്മൾക്കിന്നു നന്മവന്നനാൾപ-
[കൎന്നു -ധൎമ്മശാ-
ഇന്നാദിയതിൽനിന്നാണിന്നിധിഗതി
നീരിൽക്കൂടിനേരെയോടിപ്പോരുമിഘടി
ദൂരധാടിചേരുംപടിചാരെചാടിചെന്നുനേടി.
-ധൎമ്മശാ-

ഉഷ: ഉണ്ണീ! ധൎമ്മഗുപ്ത! നീ കണ്ടില്ലേ!!? ഇതാ!! കണ്ടില്ലേ!! നോക്കു!!

പദം 35. യമുനകല്യാണി—ത്രിപടതാളം

കണ്ണികൾ

ഇത്രദാരിദ്ര്യത്തെവഹിച്ചെത്രനാളായ:നമ്മൾദേഹീ-
ത്ര്യാത്തിയോടെയാചിക്കുന്നു! പുത്രരെ!നടന്നുഴന്നു
ഇത്രകാലംദാരിദ്ര്യത്തിൽപാത്തിടാനായ് ജാതകത്തിൽ
പൊത്തുകണ്ടാലുണ്ടായീട്ടുമത്രേയെന്തുചെയ്യട്ടു!!?
സങ്കടപ്പുഴക്കുതോണി ശങ്കരൻകടാക്ഷമാണി-
ത,ങ്കുരിക്കിലെന്തുപിന്നെ; തൻകഴൽക്കുക്രൂപ്പിട്ടുന്നേൻ
രണ്ടുഭാഗമായ് പകുത്തുകൊണ്ടിതിനെയൊത്തൊട്ടത്തു
രണ്ടുപേരുംവാഴ്‌വിൻമോദംപൂണ്ടുനിങ്ങൾനിർവ്വിവാദം
-ഇത്ര-

ധൎമ്മ:- ബിഹാക്ക്—ചായ്പ്പ്

പദം. 36. പല്ല: ഏന്നോമൽതായേ!

അ: പ: നിന്നിഷ്ടമതെന്നിയേ, ഏന്നിൽമററില്ലയേ! (ഏ)

ചര: ഏന്നാൽ ഞങ്ങൾരണ്ടാളും ഒന്നല്ലല്ലി, വാരാ,ളും-
ധന്യേ! യെന്തിനുനീയോ ഭിന്നരാക്കീടുന്നയ്യോ?
(ഏന്നോമൽ)

ഇന്ദുശേഖരൻനോക്കുമെന്നേയു, മെങ്കിൽരോക്കം-
ദൈന്യംപോ, മതല്ലല്ലി മന്യനാരീമതല്ലി! (ഏ)

ഉഷ: ഏതുവിധമായാലും തരക്കേടില്ല മക്കളേ! നിങ്ങൾ രണ്ടാളും ഐകമത്യത്തോടുംകൂടി സുഖമായിരിക്കുന്നതും കണ്ടുംകൊണ്ടിരിക്കേണമെന്നേ ഈയുള്ളവൾക്കു വിചാരമുള്ളൂ. ഇഷ്ടംപോലെ ചെയ്തുസുഖിച്ചുകൊള്ളുവിൻ!!

ശുചി:- ഞങ്ങൾ അമ്മയുടെ ഇഷ്ടംപോലെ നടന്നുകൊ ള്ളാം!!

ഉഷ:- തേവാരത്തിന്നൊരുക്കീട്ടില്ല. പോക- (എന്നു എ ല്ലാവരും പോയി)

"ശുചിവ്രതഫലം" എന്ന മൂന്നാം അങ്കംകഴിഞ്ഞു.

——:o:o:——

# നാലാം അങ്കം

(രാഗാങ്കുരം)

അനന്തരം കുഞ്ചുക്കുട്ടിയും ഒരു ജൌളികച്ചവടക്കാര നും കിടന്നുകൊണ്ടു പ്രവേശിക്കുന്നു.

കുഞ്ചുക്കുട്ടി- സാംബശങ്കര! ചന്ദ്രശേഖര! സച്ചിദാനന്ദ പ്രഭോ! (എന്നു എഴുനീററിരുന്നു കണ്ണുംതിരുമ്മിക്കൊ ണ്ടു്)

പദം 37. ഭൂപാളം രാഗം. ചായിപ്പു.

കണ്ണികം;-

ശൈലജാവര! ശൈലമന്ദിര! നീലകന്ധര! നിർജ്ജര-
പാല! സുന്ദരശീലമേദുര! പാലയേശ്വര! ശങ്കര!
പ്രീതിനൽകുക! ഭീതിതീർക്കുക നാഥ! മൂലോകപാലക
ഭൂതനായക! ഭൂതിദായക! ചൂതസായകഘാതക!
തുമ്പയു,മെല്ലു,മമ്പിളിത്തെല്ലും, വൻപുലിത്തോലും,
[ചാമ്പലും,

പാന്ഥം ഭൃഷണമാംപ്രഭോ! ക്ഷണംനിപദം-
[ത്തുണയാമ്പണം
നിന്തിരുവടിതന്തിരുവടിച്ചെന്തളിര,ടിയൻ തടി-
ക്കന്തുകാലത്തു ചിന്തയിലെത്തുവാൻതരമസ്തു
[നേരൊത്തു

ജൈ: ക: (കിടന്നുംകൊണ്ട്) എന്തൊരു ദ്രോഹമാണിതു്. അനാഥപ്രേതംപോലെ അൎദ്ധരാത്രിയിൽ ഇനയുന്നതു്. ഈ പിശാചി ഉറങ്ങാൻ വിടില്ല.

കുഞ്ചു:- എന്താ ഹേ! സാമി!? അൎദ്ധരാത്രിയോ? കോഴി കൂകിക്കഴിഞ്ഞു ഇനിയും ഉറക്കം മതിയായിട്ടില്ലേ? എഴുനീററപൊവിൻ സാമി!

ജൈ: ക: എന്തെടി! മിണ്ടാതിരിക്കെടി പിടക്കോഴിയുണ്ടോ കൂകൽ. അതിപ്പുലൎച്ചക്കളിരിന്നടങ്ങിക്കിടക്കയായിരിക്കും. (എന്നു ശൃംഗാരചേഷ്ട കാണിക്കുന്നു)

കുഞ്ചുക്കുട്ടി: പൂവൻകോഴി കാപ്പിൽകിടപ്പാനാണ് ഭാവമെങ്കിൽ പിടക്കോഴിക്കു കൂകാതെകഴിയുമോ? എന്തായാലും ഇനി പുലരാനേറെത്താമസമില്ല സാമി!

ജൈ: ക: എയ്യ്! നമ്മൾ ഇപ്പോഴല്ലേ ഇവിടെ കിടന്നതു? എന്താ നിനക്കു ഭ്രാന്തുണ്ടോ? (എന്നു കൈനീട്ടി പിടിടിപ്പാൻഭാവിക്കുന്നു)

കുഞ്ചുക്കുട്ടി: ഇതെന്തസംബന്ധമാണ് സാമി! ഞാൻ പോണു സാമി!

ജൌ: ക:- എൻെറ ഉറക്കം തെററിപ്പോയെടി.

കുഞ്ചു:- സാമിക്ക് ഊക്കേടെകാലത്തും ഉറക്കഭ്രാന്തുതന്നെ. ഇതെന്തസംബന്ധം. കഷ്ടം! എനിക്ക ഉണ്ണിനമ്പൂതിരിയുടെ ഇല്ലത്ത് കുറേനേരത്തെ പണിയുണ്ടു" (എന്ന് പോവാൻ ഭാവിക്കുമ്പോൾ)

ജൌ: ക:- (എഴുനീററ് കൈപിടിച്ചിട്ട ചിരിച്ചുകൊണ്ടു) എന്നാൽ സംബന്ധംതന്നെ ആയിക്കളയാം.

കുഞ്ചു:- സാമി! എനിക്ക താമസിപ്പാൻ തരിമല്ല- ആ ഇല്ലം അടിച്ചുതളിക്കേണമെങ്കിൽതന്നെ നാലുനാഴികനേരം കൂടാതെ കഴികയില്ല.

ജൌ: ക:- ഏതില്ലം?

കുഞ്ചു:- ആ ശുചിവ്രതസ്വാമിയുടെ ഇല്ലം!!

ജൌ: ക:- (ചിരിച്ചുകൊണ്ടു) ആ കുടിലോ. അടിച്ചുതളിക്കാനൊ നാലുനാഴിക?

കുഞ്ചു:— സാമി പണ്ടത്തെ കഥയാണ് പറയുന്നതു്! നിധികിട്ടിയശേഷം പണിത ഇല്ലം സാമികണ്ടിട്ടുണ്ടോ?

ജൌ: ക:— ശിവ! ശിവ! നിധികിട്ടിയോ? എന്ത്?

കുഞ്ചു:— പിന്നേയോ?

ജൌ: ക:— പുത്തുതായി ഇല്ലവുംകെട്ടിയോ?

കുഞ്ചു:— ശിവ! ശിവ! അറിയേയില്ല! കഥ!! അറിഞ്ഞിട്ടെന്തുവേണം? ലാഭമില്ലല്ലോ. എന്നാൽ കേൾക്കൂ!!

പദം 38. ബലഹരി—ചെമ്പട

കുഞ്ഞി:- ശുചിവ്രതമന്ദിരം എന്തൊരു സുന്ദരം!

ശുചിമണിമയോത്തരം രുചിരതരം! (ശുചിവ്ര)

സ്ഥടമണിമാളികാംഘടിതമാംമാളികാ —
മുടിയിൽമേവും കേളികളോടുകാളികഃ (ശ്രുചി)
അതിരുചിതങ്ങും പുതിയകിടങ്ങും
മതിലുമിതുപോൽ പൊങ്ങുവതില്ലിങ്ങെങ്ങും (ശ്രു)
കുളിർമതിതന്നോളം തെളിമ, മിന്നു മോളം-
കളികളംകളിക്കും കുളമതികോമളം. (ശ്രുചി)

ജ്യേഃ ക:- ദരിദ്രൻ എത്രവേഗം ധനവാനായിപ്പോയി. ഈശ്വരകൃപയാണുണ്ടാകേണ്ടതു്. ഇനിപരമശിവനെ സേവിക്കുകതന്നേ. (ആത്മഗതം)

ശ്ലോ: 29. കഷ്ടം പട്ടുറുമാല്വ, മുണ്ടു, പുട, ക-
ച്ചുട്ടങ്ങളിത്യാദിവൻ-
കെട്ടും തോളതിലിട്ടു, നാട്ടിൽനടകൊ
ണ്ടുട്ടുണ്ടരിഷ്ടിച്ചഹോ
പൊട്ടന്മാരൊടിരട്ടിലാഭമതെടു
ത്തിട്ടുംനമുക്കിങ്ങു കാൽ —
ത്തുട്ടുംനേട്ടവുമില്ലപുല്ലി,നിജപി
ക്കട്ടേ! കുളിക്കട്ടെ! ഞാൻ!

ഇനിയിക്കച്ചോടവുംമറവും മതിയാക്കി ഈശ്വരസേവ ചെയ്യാമെന്നുറച്ചു. ഒന്നു മുറുക്കട്ടെ. എന്നിട്ടു വേഗം ചെന്നു് സ്നാനംകഴിക്കട്ടെ.

കുഞ്ചു:- എനിക്കു താമസിപ്പാൻവയ്യാ. ഈ വസന്തംവന്ന ശേഷം നേരത്തെ തേവാരവുംകഴിച്ചു് ഉണ്ണിനമ്പൂതിരി

---

മാളിക=മാലിക (മാല)=സമൂഹം. കാളിക=മേഘസമൂഹം.

യും അനുജനും പൂപറിപ്പാൻ കാട്ടിലേക്കു പോകാറാ ണ്പതിവ്. അതുകൊണ്ടു വേഗംപോയി പുലരുംമു മ്പേ പ്രവൃത്തികഴിക്കണം. വരിൻ!

ജൈ: ക: ഭാണ്ഡം എടുക്കട്ടെ. ആ വെളിച്ചം ഒന്നിങ്ങട്ടു കൊണ്ടുവരൂ!!

കഞ്ചു: (ഇതാ! എന്നു വിളക്കു നീട്ടിപ്പിടിച്ചിട്ടു്) കാണു ന്നില്ലേ ഇതാ! ഇതിൻെറ അംശു അങ്ങെല്ലാമെത്തും.

ജൈ: ക: ഓഹോ! മതിമതി ഈ അംശുമതി നല്ലവണ്ണം പ്രകാശിക്കുന്നുണ്ട്. (ഭാണ്ഡവും എടുത്തിട്ട്) നടക്കൂ! (എന്നു രണ്ടുപേരും പോയി)

അനന്തരം അംശുമതി പ്രവേശിക്കുന്നു.

(ഒരു കുണ്ഠഭാവത്തോടും ഇരുന്നുകൊണ്ടു)......പ്രഹസ വിഹസന്മാർ പണ്ടേതന്നെ ഒരു തുറവായന്മാരാണ്. ഇശ്ശി ധൂസ്തുപുറപ്പെട്ടുവിക്കാം

(അല്പം ആലോചിച്ചിട്ടു്) എന്നാൽ ഇതു ആവിധത്തി ൽ ഒന്നായിവരികയില്ല. ശാപമോക്ഷംകഴിഞ്ഞുവന്നാ ഉടനെ അങ്ങിനെ ഇനിയും ഒരു പാഴ് വെടിപൊട്ടിക്കു കയില്ല - എന്നാൽ മനുഷ്യരിൽ ഇത്ര സുന്ദരൻ സംഭ വിക്കുമോ എന്ന ശങ്ക. എന്തുകൊണ്ടുണ്ടാവാൻപാടി ല്ല! പുരൂരവസ്സ്, നളൻ മുതലായവര് എത്ര കോമള ന്മാരാണ് - അവര് മനുഷ്യരല്ലേ!!? കണ്ടാൽമാത്രമേ തീർച്ചപ്പെടുത്തിക്കൂട്ടു. എങ്ങിനെയാണ് കാണുന്നതു്!!?

---

അംശു,മതി=വെളിച്ചം, നതി. 'അംശുമതി' നായികാ എന്നു വ്യംഗ്യം.

അദ്ദേഹത്തിന്നു ഇങ്ങട്ടു വരാൻ തരമില്ലല്ലോ. അങ്ങട്ടു തന്നെ പോകണം ഒന്നു കണ്ടല്ലാതെ മനസ്സമാധാനം വരികയില്ല; എന്നാൽ-

പദം 39. ചെഞ്ചുരുട്ടി=തിസ്രജാതിരൂപകം

പല്ല: ഇവനെച്ചെറു ഇവളെന്നുകാണുന്നു!

ചര: എവിടെയിസ്സുന്ദരൻ ഭൂപുരന്ദരൻ

ഏവനിസ്സുവൃത്തനിത്രപാവനാകാരൻ! -ഇവ-

ശ്രുതിക്കിവൻതൻധൃതിശൈത്യനിർവൃതി

ചേർത്തുതന്നിട്ടുന്നിതെന്നിലെത്രയുംപ്രീതി -ഇവ-

ഇതിന്നെന്താണൊഴിച്ചൽ - മനസ്സു വല്ലാതെ പരിഭ്രമിക്കുന്നു. ഈശ്വരി! ശ്രീപാർവ്വതി! (എന്നു ദീർഘനിശ്വാസത്തോടും സ്തബ്ധയായിരിക്കുമ്പോൾ)

പത്മിനി: (പ്രവേശിച്ചു അംശുമതിയെ നോക്കിക്കൊണ്ടു ആത്മഗതം) എന്താണിവൾ ചിന്താമഗ്നയായിട്ടിങ്ങിനെ അനങ്ങാതെ ഇരിക്കുന്നതു്! എന്തോ ഒരു വല്ലാതായ വിചാരം ഇവളെ വിടാതെ കൂടീട്ടുണ്ടു് - ചോദിക്കതന്നെ. (അടുത്തു്ചെന്നിട്ടു് പ്രകാശം)

പദം 40. ബലഹരി=ആദി

പല്ല: എന്തൊരുവിചാരത്താലേ

വെന്തുരുകുന്നു നീബാലേ!

അ: പ: ഹന്ത!!നേരുചൊൽ തന്നിലേ-

ചിന്തിതമിതെന്നോമലേ!

ക്ലാന്തിതേടി, മേനിയിലേ-
കാന്തി, തേക്കമനിമൌലേ!! -എന്തൊ-

ചര: ചഞ്ചരീകകേശി! മഞ്ജു-
പുഞ്ചിരിയതെങ്ങുമാഞ്ഞു?
ചഞ്ചലാക്ഷിചൊൽനിൻകുഞ്ഞു
കൊഞ്ചലെങ്ങുപോയ്മുള്ളഞ്ഞു?
കുണ്ഠതക്കുഹേതുചൊൽനീ
ശണ്ഠതേടിവാഴായ്കിനി
വേണ്ടതെന്തുചൊൽക കനി-
വാണ്ടുതേതരുംജനനി -എന്തൊ-

അംശുമ: (ആത്മഗതം) ഈ വൃദ്ധകളെ എങ്ങിനെയാണി വളെ അറിയിക്കുന്നതു്! ഏതായാലും കള്ളി വെളിച്ച ത്താക്കേണ്ട എന്തെങ്കിലും പറഞ്ഞു ബോധിപ്പിക്ക തന്നെ.

പദം 41. തോടി=ആദി

പല്ല: എന്തോ? ഏതോ?
എന്തെന്നരുതിതുപറവതി -നെന്തോ-

അ: പ: എൻതനപാംഗി! ക്ലാന്തിപൊങ്ങി
കിടക്കുമ്പോഠംനടപ്പാനും നടക്കുമ്പോഠംകിട-
[പ്പാനും
ഇടക്കുതോന്നും: തടിക്കൊന്നിന്നുംമടിതാനും!
-എന്തോ-

ചര: അരുചിപാരംഭക്ഷണേ സുരുചിരാംഭോജേക്ഷണെ!
പെരുകിഞാൻവിചക്ഷണേ മറകിട്ടന്നേനിക്ഷണെ

പരമഹേതു പെരിയധൂരിതോക്കിതു
പരിചൊടേതു വരവധൂവരിപ്പതു — എന്തോ—

പത്മി: ഏകാകിനിയായി ഇങ്ങിനെ വെറുതേ ഇരിക്കുന്നതുകൊണ്ടായിരിക്കാം. നാഗീയാരാമത്തിലേക്കു പെല്ലുക. പാട്ടും പാടിക്കളിച്ചുംകൊണ്ടു ഓരോ രസങ്ങളും കണ്ടു അല്പം വിനോദിക്കാമല്ലൊ.

അംശുമ: അതൊക്കെയും നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നതല്ലേ?

പത്മി: എന്നാൽ, ഭവതികാണാത്ത വസ്തു ഭൂലോകത്തിൽ മാത്രമേ ഉണ്ടാകയുള്ളു.

അംശുമ: അവിടെ നമ്മെ ആനന്ദിപ്പിക്കത്തക്കതായ വസ്തു എന്താണുള്ളതു?

പത്മി: ഭീമാരണ്യമെന്ന ഒരു മനോഹരമായ വനമുണ്ടത്രെ; അതിലെ കുസുമങ്ങളുടെ സൌകുമാൎയ്യവും, മയിൽ, കുയിൽ, വണ്ടു മുതലായവകളുടെ വിളയാട്ടവുംമററും കണ്ടാൽ നന്ദനവും ചൈത്രരഥവും എത്രയും നിസ്സാരമെന്നു നിസ്സംശയം ഭവതിക്കുതോന്നും.

അംശു: ഏതുദിക്കിലാണതു്?

പത്മി: ഏകചക്രയുടെ കിഴക്കേഭാഗത്താണ്. സഖിമാരെല്ലാവരോടുംകൂടി നാം അവിടെയൊന്നു ചെന്നുവരിക.

അംശു: (ആനന്ദത്തെ ഒളുക്കീട്ടു്) അങ്ങിനെയാവട്ടെ.

പത്മി: ഭവതിക്കു കാണേണ്ട വസ്തു അവിടേ കാണാനിടവരും. ഈ കുണ്ഠിത ദൂരെ മണ്ടിപ്പോകും.

അംശു: (സന്തോഷത്തെ ഒതുക്കീട്ട് - ആത്മഗതം)

ഇതു നല്ലതരം!! ഈശ്വരി നേർവ്വഴികാട്ടിത്തരും. ഇവളുടെ വാക്ക് ഇരുട്ടിൽപെട്ടവൎക്ക് കിട്ടിയ വിളക്കുപോലെ എനിക്കു പരമാനന്ദത്തെ വളൎത്തുന്നു. "കാണേണ്ടുവസ്തു കാണ്മാനിടവരും" എന്നുംമററും ഇവളുടെ വായിൽനിന്നു ആകസ്മികമായി പുറപ്പെട്ടതു സത്യമായിട്ടേവരാൻ തരമുള്ളു. അതു ശ്രീപാൎവ്വതി പറയിച്ചതാണ്. അല്ലാതിവൾക്കിങ്ങിനെ തോന്നേണ്ടതിന്നു സംഗതിയെന്താണ്? അതുകൊണ്ടു ധൎമ്മഗുപ്തൻ പതിവായി പൂപ്പറിപ്പാൻപോകുന്ന വനം ഇതുതന്നെയായിരിക്കണം. ഈ സന്ദൎഭത്തിലല്ലാതെ ഇവനെ കാണ്മാൻപോകാൻ എനിക്കു സാധിക്കയില്ല ഇതുകൂടാതെ ഞാൻ തനിയെ ചെന്നു ഈ കാൎയ്യം സാധിച്ചുവരുന്നതും അത്ര എളുപ്പമല്ല. ഒന്നു പോസ്സൂരികതന്നെ. ധൎമ്മഗുപ്തനെ ഉടനേ കാണ്മാനിടവന്നുകൂട്ടും.

പത്മി: എന്താണാലോചിക്കുന്നതു്?

അംശു: ഭവതിയുടെ ഇഷ്ടം പ്രവൎത്തിപ്പാൻ ഞാനെപ്പോഴും തയ്യാറാണല്ലോ.

പത്മി: എന്നാൽ സഖിമാരെല്ലാവരേയും പ്രോത്സാഹിപ്പിപ്പാൻ നാം പോക.

അംശു: അങ്ങിനെതന്നെ (എന്നു പോയി.)

[അനന്തരം ധൎമ്മഗുപ്തനും ശുചിവ്രതനും പ്രവേശിക്കുന്നു.]

ധൎമ്മ: വിരഹികൾക്കു ദുരന്തമാണെങ്കിലും ഈ വസന്തകാലം എന്തൊരു സന്തോഷമാണ് തരുന്നതു്!!

ശുചി: പുഷ്പങ്ങൾ ധാരാളം ഉള്ളതിനാൽ സഹസ്രനാമം കൊണ്ടു നിത്യം പുഷ്പാഞ്ജലിചെയ്യുന്നതിൽ ഒരു തരക്കേടും നേരിടുകയില്ല. അല്ലേ?

ധൎമ്മ: അതേ ഏതെല്ലാംവകയാണുള്ളതെന്നു തിരിഞ്ഞു നോക്കുക. വരൂ (എന്നു ചുററിനടന്നിട്ട് പരിഭ്രമത്തോടെ) സഖേ! ആനന്ദംതന്നെ! പരമാനന്ദം!!

ശുചി: ബ്രഹ്മാനന്ദം പരമസുഖദം!! അല്ലേ!!

ധൎമ്മ: അതിരിക്കട്ടെ. നോക്കൂ!

പദം 42. ഭൂരികല്യാണി—ത്രിപട

പല്ലവി: കാന്താരംകാണുക! ബന്ധുരം!

അ: പ: ബഹുമാതിരിമാധുരിപെരുകിമരുവുമൊരു
-കാന്താരം-

ചരണം: സുരഭിലതരസുമനിരയിൽവിലസുമൊരു
സരസപവനഗതികണ്ടു,
മിരണ്ടുവണ്ടുകൾമുരണ്ടുപോയ്മധുപിരണ്ടുമണ്ടിട്ട-
മൊരുകളിപൂണ്ടൊരു -കാന്താരം-
കളരവതതി, മൃദുകളരവമൊടുനിജലളിത-
ഗളമുരളിമുളി
വിളിച്ചു, കൌതുകമിളച്ചിടാതിതകളിച്ചിടുന്നി-
കളികൾകലൎന്നൊരു -കാന്താരം-
അവിടേചെന്നുപുഷ്പങ്ങളെ അറു-
ത്തുകൊണ്ടുവരാമല്ലോ

---

കളരവതതി=കുയിൽക്കൂട്ടം.

പോക! (ചുററിനടന്നിട്ട്) സഖേ! ഹാ! കണ്ടില്ലേ!!

പദം 43. കാമോദരി=ത്രിപട

പല്ല: നല്ലൊന്നീവനതലം നലമേറുംസുമസങ്കുലം

അ: പ: മല്ലികപിച്ചകതെച്ചികുലം ഗിരി-
മല്ലികാദിസുമതല്ലജവിമലം -നല്ലൊ-

ചര: മലയാനിലനതിമന്ദതരം ഗതി-
കലരുവതതുമതിമോദകരം
രുചിമേദുരംശ്ശുചിഭ്രധരം
വിലസിടുന്നസുന്ദരാകൃതേ!മധുരം -നല്ലൊ-
മലയജമൃഗമദഘുസൃണകണം വന-
തലമതിൽവിലസിടുമാറുമണം
വരുംകാരണം പരമോരണം
മലൎതന്നിലില്ലതെല്ലുമിസ്സുഗുണം -നല്ലൊ-

ശ്ശുചി: കാട്ടിൽ കളഭക്കൂട്ടുണ്ടാകുമോ — എന്തൊരാലോചനയാണിതു്! (ചിരിച്ചുകൊണ്ടു) കാട്ടിലല്ലേ കളഭക്കൂട്ടിൻെറ ഇരിപ്പ്!! പിന്നെ കാട്ടാളന്മാൎക്കു കുറിക്കൂട്ടും മററും കൂടാതെകഴികയും ഇല്ലല്ലോ.

ധൎമ്മ: അതെന്തോ-ഇതൊരു കളഭക്കൂട്ടിൻെറമട്ടിൽ തോന്നുന്നു.

ശ്ശുചി: ഛേ അതൊന്നുമല്ല.

പദം 44. ശങ്കരാഭരണം=ത്രിപട

പല്ല: സൌരഭമിതുനല്ല ചാരുസുമത്തിനല്ലാതില്ലില്ല-

ഗിരിമല്ലിക=കുടകപ്പാല.

ചര: പാരമായ്മണംതങ്ങും താരിതാണ,ഴൽനീങ്ങും-
വാറൊന്നിതു പാരൊന്നിതുണ്ടിങ്ങെങ്ങും -സൌര-
ഇഗ്ഗിരിയിൽനിന്നു വെക്കമെതിങ്ങുപോന്നു
ദിക്കേവെലപ്പിക്കേണ്ടതിന്നോക്കുന്നു -സൌര-
നേരംതിരിഞ്ഞു,പോക! പാര,ന്തിപൂജാവക
പാരന്തിയെപ്പാരം തിരിഞ്ഞുനോക്ക!! -സൌര-

ധമ്മ: എന്നാൽ ആ പവ്വതമുകളിൽ ഉണ്ടാകും. അവിടെ ചെന്നാൽ കാണേണ്ടതെല്ലാം നമുക്കു കാണ്മാൻ പരമേശ്വരൻ ഇടവരുത്തും പോക. (എന്നു പോയി)

(അണിയറയിൽ:) മാലിനി! അംശുമതിയേക്കൂട്ടി ഇങ്ങട്ട് വരു!! പുതിയ പന്തു കൈക്കലില്ലേ പത്മിനി! ഉണ്ട് വരുവിൻ!

(അനന്തരം അംശുമതിയും, പത്മിനിയെന്നും, മാലിനിയെന്നും രണ്ടു സഖിമാരും പ്രവേശിക്കുന്നു.

അംശു: പുഷ്പങ്ങളറുത്തതു മതി ഇതു നല്ല സ്ഥലം അല്പം ഇവിടെ വിഹരിക്കുക!

മാലി: പത്മിനിയുടെ കടം തീക്കേണ്ടേ?

അംശു: ഇപ്പോഠം തീത്തുകളയാം.

പദം 45. ഹിന്തുസ്ഥാനി ബിഹാക്ക്=പഞ്ചാരി

പല്ല: പന്തടിക്കുക പത്മിനി! പന്തണിസ്തനി!നാമിനി

---

പാരന്തിപൂജ=പാര്=കാണ്ക! അന്തിപൂജ=സന്ധ്യാപൂജ. പാരന്തി=തെച്ചിപ്പൂ.

ചര: പന്തിനിരന്നുകാന്തികലൻ
ചന്തമാസ്വന്നിങ്ങന്തികേനിന്നു
കുന്തൽമിനുക്കിചീന്തിമുറുക്കി
ഭ്രാന്തിയൊതുക്കി ക്ലാന്തിയിളക്കി
പൂന്തുകിൽബന്ധിച്ചു ചന്തത്തിൽസന്ധിച്ചു
സന്തോഷിച്ചുമടിസന്ത്യജിച്ചുപാടി -പന്തടി-

പത്മി: പാട,ളിവേണി! പാട്ടുനീ
പാടലാധരി!മാലിനി!
ആടിക്കുഴഞ്ഞു, പേടിയൊഴിഞ്ഞു,-
മോടിപൊഴിഞ്ഞു, കൊണിഞ്ഞുകനിഞ്ഞു
ചാട്ടമാധുരികൂട്ടുംചാതുരി-
യൊട്ടും,തേൻചൊരിഞ്ഞീടുംമാതിരി
പാടിയുംതോടിയുംപന്തുവരാടിവ-
രാടിയുംകൂടിയുംമോടിതേടി -പാടളി-

മാലി: ആട്ടമാടുക! നാംപ്രിയേ!
വാട്ടംകൂടാതെന്നിന്നായേ!
വട്ടത്തിൽനിന്നിഷ്ടത്തിൽ രസം-
കൂട്ടി താളത്തിൽതട്ടികൈകൊട്ടി;
വട്ടണിസ്തനമൊട്ടനങ്ങീടും-
മട്ടിണങ്ങിയിരട്ടിയിൽഭംഗി-
കൂട്ടിയീദൃഷ്ടികളൊട്ടിളക്കിലോകം
ഞെട്ടീടുംമട്ടിലുരുട്ടിയാട്ടിവിട്ടു -ആട്ടമാടു-

അംശു: ആ പർവ്വതത്തിന്റെ താഴ്വരയിൽ നല്ല വിശാലതയുണ്ട്. അവിടെചെന്നു് നാം യഥേഷ്ടം വിഹരിക്കുക!

പത്മി: തരക്കേടില്ല.

അംശു: രുദ്രവീണ, തുംബുരു, മൃദംഗം ഇവയൊക്കെയും ഇങ്ങട്ടു എടുത്തുകൊള്ളുവിൻ!- പോക (എന്നു പോയി.)

(അനന്തരം പർവ്വതത്തിന്മേൽ ധർമ്മഗുപ്തനും, ശുചിവ്രതനും പ്രവേശിക്കുന്നു.)

ശുചി: തുമ്പിതുളച്ച മുളകളിൽനിന്നു നല്ല സ്വരം കേൾക്കുന്നുണ്ടല്ലോ!!

ധർമ്മ: അല്ല, ഇതു തുമ്പിതുളച്ച മുളകളിലെ സ്വരം അല്ല. (താഴ്വരയിൽനോക്കി പരിഭ്രമത്തോടെ) സഖേ! നോക്കു! അതാ! അതാ!

പദം 46. മനോരഞ്ജിനി—രൂപകം

പല്ലവി: കളമൊഴികുലലീലകാണ്കൊണ്മണേ!വിമല! -കള-

അ: പ: കളവല്ലസുമതേ! തെളിവില്ലിതിലയി!തേ -കള-

ചരം: തളിരിൻരുചികേളിതേടി വളരെ-
മോടിയോടിതാ! പല-
നളിനമിഴികൾനീളെയഴകിൽകളി-
യാടിപ്പാടിനില്പതു -കള-
വലയരവങ്ങൾപൊങ്ങിഭംഗിമങ്ങിമയ-
ങ്ങിടാതിവരിത!
മുലകൾകുലുങ്ങിയിണങ്ങിവണങ്ങിവിള-
ങ്ങിക്രീഡിച്ചിടുന്നിതാ! -കള-

---

വലയരവങ്ങൾ=വളകളുടെ ശബ്ദങ്ങൾ.

ആ തമാശയെയൊന്നു നല്ലവണ്ണം കണ്ടു രസിപ്പാൻ നാം അങ്ങട്ടു ചെല്ലുക. (എന്നു ധൎമ്മഗുപ്തൻ പോവാൻ ഭാവിക്കുമ്പോൾ ചെന്നു പിടിച്ചിട്ട്)

ശുചി: പദം 47. ബലഹരി—ത്രിപട

പല്ല: ദുഃഖസന്തതികേൾക്കപെൺതതി
നില്ലെടോ! വടോ!

ചര: ഇതുപാൎക്കുംകൃതികൾക്കുമതിദുഃഖമധികിക്കും
കളിച്ചുചില്ലികൾചുളിച്ചുകണ്ണൊടിവളച്ചുപുരുഷ-
രൊടിളിച്ചിവർവലച്ചിട്ടും -ദുഃഖ-
ഇണങ്ങീട്ടുപിണങ്ങീട്ടും ഗുണങ്ങളിപ്പിണങ്ങൾക്കു
കൊണ്ടിഞ്ഞുകൊണ്ടിവരണഞ്ഞുപുരുഷരിൽ
കനിഞ്ഞുപുഞ്ചിരിചൊരിഞ്ഞിടിലെരിഞ്ഞിട്ടും
-ദുഃഖ-
മുലമൊട്ടും, തലകെട്ടും, പാലപിട്ടും, ചിലപാട്ടും,
നടപ്പുമിവരുടെനടിപ്പും പുരുഷരെ-
പ്പിടപ്പിച്ചെരിക്കുംതീയടുപ്പേപോലടുപ്പിനാൽ
-ദുഃഖ-

ധൎമ്മ: മനസ്സിന്നുറപ്പുണ്ടെങ്കിൽ എവിടെയാണ് ചെന്നുകൂടാത്തത്?

ശുചി: (ചിരിച്ചുകൊണ്ടു) ഉറപ്പു വേണ്ടുവോളം ഉണ്ടല്ലോ!! അതുകൊണ്ടല്ല ഇത്ര ഇളക്കംതട്ടിയത്. ഉറപ്പുണ്ട് സംശയമുണ്ടോ!!

---

അടുപ്പിനാൽ=ചെയ്യയാൽ

ധൎമ്മ: ഉറപ്പുള്ളതുകൊണ്ടാണ് പോകേണമെന്നു തീൎച്ചയാക്കിയത്തു്.

"വികാരഹേതൌസതിവിക്രിയന്തേയേഷാംനചേതാംസിതഏവധീരാഃ" എന്നല്ലേ ഞാൻ ഒന്നു ചെന്നു കണ്ടുവരട്ടേ!!

ശുചി: കേൾക്കു! പങ്കപ്രക്ഷാളനന്യായം സ്വീകരിക്കു!!

ശ്ലോ: 30.

പാട്ടും, മന്ദസ്മിതവുമിടയിൽക്കൂട്ടമിക്കാമദാസി—
ക്കൂട്ടം, കാണുംപുരുഷധൃതിയേകഷ്ടമേ!നഷ്ടമാക്കും
ഓട്ടംചെയ്യുംഹരിണതതിയിൽ കൊട്ടമായ്ദീപ്രദീപം-
കാട്ടുംദുഷ്ടപ്രകൃതിമണിനായാട്ടിലേമട്ടിലയ്യോ!!

ധൎമ്മ: .....എന്നാൽ വരുന്നതുവരട്ടേ!! എന്നേ അവർ വിഴുങ്ങിക്കളയട്ടേ!! ഇത്ര സാമൎത്ഥ്യം അവൎക്കുണ്ടോ എന്നു പരീക്ഷിക്കുകയുംചെയ്യാമല്ലോ!

ശുചി: അപ്രവൃത്തി നമുക്കെന്തിന്നാണ്. നമ്മുടെ പ്രവൃത്തിക്കു തീരേ വിപരീതമാണിപ്രസംഗം.

ധൎമ്മ: എനിക്കവിടെ ഒന്നു ചെന്നല്ലാതെ മനസ്സമാധാനം വരികയില്ല.

ശുചി: ശരി മനസ്സമാധാനത്തിന്നു സ്ത്രീസേവയാണ് വേണ്ടതു്. ആശ്ചൎയ്യം! വട്ടം!! എന്നാൽ ഇനി ശിവസേവ വേണ്ട. സ്ത്രീസേവയാവട്ടെ!!

ധൎമ്മ: വേണ്ടുന്നതേതാണെന്നു തീൎച്ചപ്പെടുത്താമല്ലോ!!

ശുചി: തരക്കേടില്ല. എന്നാൽ

പദം 48. ചെഞ്ചുരുട്ടി—ആദി

പല്ലവി: വേണ്ടതെന്തുരതേസുമതേ! വേണ്ടതെന്തുരതേ!

ചരണം: വണ്ടണിക്കുഴൽമതിവദനതാനോ,ശിതി—
കണ്ഠനോപതിക്കേണ്ടതുതവഹൃദി -വേണ്ട-
പരമചിദാനന്ദപ്പൊരുൾരസമോ, നിന്ദാ—
കരമായ്‌വിലസുംതരുണിയെയോമന്ദ!? -വേണ്ട-
കഴൽസേവിപ്പോർക്കലമഴൽപോക്കീടുംലീല
പൊഴിവോൻശിവൻ, മലക്കുഴിതാനിസ്ത്രീബാല!
-വേണ്ട-

ധർമ്മ: അവരെ സേവിപ്പാനാണോ ഞാൻ പോകുന്നതു്. ആ തമാശ ഒന്നു കണ്ടുവരാൻ മാത്രമാണു്.

ശുചി: സ്ത്രീദർശനം നമുക്കു പാടില്ലാത്തതാണു്. അവരുടെ അടുത്തു പെട്ടുപോയാൽ:—

ശ്ലോ: 31. തന്നീട്ടമിങ്ങുംഗജശാസനത്താ—
ലിന്നാരിമാരപ്രിയതാപകൃത്യം
സന്നദ്ധരായ്ചെയ്യുവതിന്നുപാരി—
ലിന്നാരിമാരപ്രിയതാപകൃത്യം

ധർമ്മ: കാമാന്തകദാസന്മാരെ കാമനെന്തുചെയ്യും? ഭവാൻ ഇവിടെ ഇരിക്കുക!! ഞാൻ ഒന്നു പോയ്‌വരുന്നു!

---

നിന്ദാകരം=നിന്ദക്കു് ഇരിപ്പടം.

ഇന്നാരിമാരപ്രിയതാപകൃത്യം=ഇന്നാരിമാർ=ഈ സ്ത്രീകൾ. അപ്രിയത്തിനും താപത്തിനും ഉള്ള കൃത്യത്തെ തന്നിടും.— ഇന്നാരി...കൃത്യം.=ഇന്നു് കാമദേവന്റെ ഇഷ്ടഭാവത്തെ തടുത്തുനിർത്താൻ സന്നദ്ധരായിട്ടാരു്?

ശുചി: ഞാൻ ഈ ദേവദാരുവിൻെറ ചുവട്ടിലിരിക്കാം ഭവാൻ ചെന്നുവരികതന്നെ! സർവ്വമംഗളാസഹചരൻ സർവ്വവും മംഗളമായ്വരുത്തട്ടെ!! (എന്നു രണ്ടുപേരും പോയി)

(അനന്തരം അംശുമതിയും സഖിമാരും ഒരു പർവ്വത താഴ്വരയിൽ പ്രവേശിക്കുന്നു)

പത്മി: പദം 49. ഹംസധ്വനിരാഗം=ഏകതാളം

കണ്ണികൾ:

1. നിനനീട്ടുന്നോന്ത തളരുന്നിതൊനീചാരേ-
ല്യംനൽകുചഭാരഭരതാന്തേ! ..നിനീട്ടു-

മാലി: 2. എന്തിതോമലേ!സഖി! പന്തടിതന്നാലേ —
ഞാൻതളർന്നിടുമോബാലേ! -എന്തിതോ-

അംശു: 3. കാങ്കേ!കാമിനിമണേ! പങ്കജാക്ഷി!നീ
ഞാൻകളിപ്പാനു പത്മിനി! -കാങ്കേ!കാ-

പത്മി: (അംശുമതിയോടു) ഭവതിക്കല്പം തളർച്ചയുണ്ടെന്നു തോന്നുന്നു.

അംശു: ഞാൻ ഈ കല്ലിന്മേൽ കയറി ശീതളമായ കാറേറവുംകൊണ്ടു അല്പം ഇരിക്കട്ടെ

പത്മി: തരക്കേടില്ല - ഞങ്ങൾ ഇവിടെ ഇരുന്നു വീണാതന്ത്രിയുടെ സ്വരം ശരിയാക്കാം. (എല്ലാവരും അങ്ങിനെ ചെയ്തുകൊണ്ടിരിക്കുന്നു)

അംശു: (എഴുനീററു ചുററും നോക്കിക്കൊണ്ടു ധർമ്മഗുപ്തനെ കണ്ടു പരിഭ്രമത്തോടും ആത്മഗതം) കണ്ടു! കണ്ടു!

ആ ഗിരിയുടെ മുകൾപരപ്പിൽ സുന്ദരനായ ഒരാൾ നില്ക്കുന്നുണ്ട്. (പിന്നേയും സൂക്ഷിച്ചുനോക്കീട്ട്) തുല്യ വയസ്സന്മാരായ രണ്ടു യുവാക്കന്മാരുണ്ടല്ലോ ശങ്കരീ! ജഗദീശപതീ!!

പദം 50. നാട്ടക്കുറിഞ്ഞി രാഗം—രൂപകം താളം

കണ്ണികം:

തത്രനിന്നീടുംമർത്ത്യർമൂട്ടുംമുശല്യ,രാരിവർ
പാർത്തിടുമ്പോ,ളാർത്തിശംഭോ! പിത്തിടുന്നമ്പോ!!
രണ്ടുപേരിലേകൻപാരിൽ തണ്ടാർസായകൻ
കണ്ടനാരിപിത്താതാരിന്നിങ്ങൽദായകൻ
സുന്ദര,നാരിന്നാരനങ്ങുന്നിൽ നിൽക്കുന്നോൻ
ഒന്നിവിടെനിന്നവിടെ ചെന്നുനോക്കുന്നോൻ! -തത്ര-

മറേറ ആളെ കാണുന്നില്ല - ആ ത്രൈലോക്യമദനൻ ഇങ്ങോട്ടാണ് വരുന്നത്. അദ്ദേഹംതന്നെയായിരിക്കുമോ? ആ വൃക്ഷച്ചുവട്ടിലിരുന്നു. ആരെങ്കിലുമാവട്ടെ!! അവിടെ ഒന്നു ചെന്നുവരികതന്നെ. (പ്രകാശം) സഖിമാരെ! നിങ്ങൾക്കു ദാഹിക്കുന്നുവോ!

പത്മി: ഇല്ല.

അംശു: ആ സരസ്സിൽചെന്നു ഞാനല്പം വെള്ളംകുടിച്ചു വരട്ടെ!

മാലി: ഏതു സരസ്സിൽ!

അംശു: ഈ ഗിരിയുടെ താഴ്വരയിൽ ഒരു വിശേഷമായ താമരപ്പൊയ്ക കാണുന്നില്ലേ? അതിൽ.

പദം 51. ചെഞ്ചുരുട്ടി=ചതുരശ്രജാതിത്രിപുട

പല്ല: ത്രിഭുവനീപാവനീ താനീപത്മിനി!

അ: പ: കാങ്കെ!കനിഞ്ഞിതുനീ കൃതിനീ! -ത്രിഭുവ-

ചര: കൊതിജനിപ്പിക്കുംമുനിമതിതന്നിക്കും,കാണ്മാ,നി-

സ്ഥിതി, മനീഷിണിമാലിനി! -ത്രിഭുവ-

മതിതെളിഞ്ഞുമധൂളീമദമിളിതമായ്മൂളി,

മലർകളിലൊളിയുന്നളി -ത്രിഭുവ-

അമൃതരീതിമാധുരി അതുഭരിപ്പോരിവാരി

ശ്രമപരിഹാരീ സുന്ദരീ!

മാലി: ഭവതി വേഗം ചെന്നു വെള്ളംകുടിച്ചുവരൂ!! ദാഹിച്ചിരിക്കേണ്ട!! അല്പം തളച്ച്യുണ്ടെന്നുതോന്നുന്നു.

പത്മി: ശ്ലോ: 32.

പുതിയ"ശുചിരസം" നിറഞ്ഞു "സൂര്യ-
ദ്യുതി"തടവിസ്ഫുട "പത്മവക്ത്ര"കാന്ത്യാ;
മധുരതയൊടിരിക്കുമിത്തടാകം-
മതിമുഖി! നിൻസകലാം"ഗജാ"ത്തിതീക്കും

പോയി വേഗം വരു! ഞങ്ങൾ ഈ വള്ളിക്കുടിലിൽ ചെന്നു അല്പം വിശ്രമിക്കാം. പോക. (എന്നു എല്ലാവരും പോയി.)

രംഗാങ്കുരം എന്ന നാലാംഅങ്കം കഴിഞ്ഞു.

---

ശുചിരസം=ശുചിയായ. വെള്ളം—ശൃംഗാരരസം എന്നും സൂര്യദ്യുതി=വെയിൽ. സൂര്യനെപോലെയുള്ള ശോഭ എന്നും സ്ഫുടപത്മവക്ത്രം=ഉയന്ന താമരയാകുന്ന മുഖം—താമരപോലെ ഉള്ള മുഖം എന്നും അംഗജാത്തി=മെയ്ത്തളച്ച. കാമാത്തി എന്നും—താമരപ്പൊയ്കയുടെ വർണ്ണനായാ...പക്ഷത്തേയും ധ്വനിപ്പിക്കുന്നു. ശ്ലിഷ്ടരൂപകം.

## അഞ്ചാം അങ്കം.

(ആനന്ദനിർവൃതി)

ദണ്ഡകം: "കതകിടചെമന്തി ധാതകിപാരന്തി
പദം 52. ചൂതാദിതൻകാന്തി വീതദയം ചിന്തി
ചൂതായുധൻതീപെയ്തീടുംപന്തിചെയ്തീടുന്നൊന്തി
ചേതസ്സിലെഴുന്തി ചൈതന്യത്തിൽശാന്തി

(ഇങ്ങിനെ ചൊല്ലിക്കൊണ്ടു ധർമ്മഗുപ്തൻ പ്രവേശിക്കു ന്നു) (പുറവും നോക്കിക്കൊണ്ടു) ഒരു ശബ്ദംപോലും കേൾപ്പാനും ആരേയും കാണ്മാനും ഇല്ല. (പിന്നേയും നോക്കീട്ട്) എന്തൊരു തേജസ്സാണീകാണുന്നത്? (പരിഭ്രമിച്ചുനോക്കീട്ട്) ശിവ! ശിവ!! ഇതെന്തൊരു പ്രകാശമാണ്!! (സൂക്ഷിച്ചുനോക്കീട്ട്)

ശ്ലോ: 33. പിന്നിൽപേടിച്ചുക്കൂട്ടം തിമിരവു, മമൃത-
സ്യന്ദവും, ചന്ദ്രനും, താ-
നിന്നിക്കാണുന്നതല്ലല്ലിതു തലമുടിതാൻ,-
മന്ദഹാസം, മുഖംതാൻ
കുന്നിൽധാതുദ്രവംപോലൊളിയുമിതു കുച-
ദ്വന്ദ്വസിന്ദൂര,മെന്നാൽ;
പൊന്നിൻവല്ലീവിലാസം തടവുമിതൊ,രുനൽ
കന്യതാനന്യമല്ല.

ത്രൈലോക്യമോഹനമായ ആ സ്ത്രീരത്നമഹാമാല്യത്തി

ൻെറ ഒരു നായകമണിയാണിക്കാണുന്നവരം. ഇങ്ങട്ടു വരുന്നുണ്ട്. ഞാൻ ഇവിടെ ഇരിക്കട്ടെ. (ഇരുന്നിട്ട്) അടുത്തു നല്ലവണ്ണം കാണുന്നുണ്ട്. അവിടെ നിൽക്കയാണിപ്പോൾ. എന്തൊരു സൌന്ദൎയ്യമാണ് ശിവശിവ!

പദം 53. ബിഹാക്ക്=രൂപകം

പല്ല: കാന്തിത്ധരിചൊരിയുമൊരിബന്ധുകാധരി-
യിവരം ഏതൊരുനാരി -കാന്തി-

ചര: 1. കാന്തരൂപംകനകദീപം കുന്തൽഭാരമന്ധകാരം
ഹന്ത!കണ്ടാൽ ഭ്രാന്തിയുണ്ടാം
സിന്ധുരമന്ധരചാരിണി യെന്തൊരുബന്ധുരരൂ-
[പിണി -കാന്തി-

2. മിന്നൽമാലതന്നെലീലവന്നുകോലുമെന്നമാല്യ
തോന്നിപ്പിച്ചുനന്ദിപ്പിച്ചു നിനാരുളൊന്നൊരു-
കന്നരുതന്നിരുളൊന്നരുകുന്നരു -കാന്തി-

(സൂക്ഷിച്ചുനോക്കീട്ട്) ഇപ്പോൾ കാണ്മാനില്ലല്ലോ (വീണ്ടും നോക്കീട്ട്) അതാ വരുന്നു.

പദം 55. ബിഹാക്ക്=ഏകതാളം

പല്ല: ആരീവരുംനാരീ

അ: പ: കാലിൻകനകവളകളലാപനിക്കേളിയൊ -ടാരീവ-

ചര: 1. ബാലസൂൎയ്യനെന്നപോലെ വിലസിക്കുന്ന
ഫലഫലരുചിപൊങ്ങി തിളങ്ങിവിളങ്ങിക്കൊ-
-ണ്ടാരീവ-

2. തങ്കക്കുടോപമകൊങ്കകളിളകവേ

ശങ്കകലരുമങ്കുരിതസ്മിതലവ -മാരിവ-

(എന്നു നോക്കിയുംകൊണ്ടു നിൽക്കുന്നു)

(അംശു: പ്രവേശിച്ചു ധർമ്മഗുപ്തനെ ദൂരെനിന്നു നോക്കീട്ടു)

ശ്ലോ: 34. ഇതെന്തൊരമൃതാഞ്ജനംമിഴിയിണ
കണ്ണേയ്ക്കുന്നാ, തീ-
വിധംതപമതെന്തുചെയ്തതഹ
മിത്രയെൻഹൃത്തിനു
ഹിതംതടവിട്ടന്നാരൂപമിനി
ദുർല്ലഭംഭാനുമാൻ
മദംതളരുമാറിതത്ര വില-
സുന്നാരം സുന്ദരം

ധർമ്മഗുപ്തൻ ഇവൻതന്നെയായിരിക്കുമോ?

(ആപാദചൂഡം നോക്കീട്ട്) ശിവ! ശിവ!

പദം 55. ഹിന്ദുസ്ഥാനിതോടി= തിസ്രജാതിരൂപകം

പല്ലു: ആരിപ്പുമാൻകാന്തിമാൻ

അ: പ: പാരിനുഭൂഷണമാ............... -മിവനാ-

ചര: 1. സുരനരരതിലൊരു പുരുഷനിവനെ തിരു-
ചേരുകില്ലവിമലം..........
ചേരുകില്ലവിമലം വിജിതകമലം മുഖമിതതുലം
വധൂഹൃദിപാരമാർത്തി പൂരപൂർത്തിചേർത്തിടു
-മാരി-

2. തടിവുപെരുകുമതിവടിവൊടുവിലസതി-
മോടിതേടിനഗളം...........

മോടിതേടിനഗളം പിരികയുഗളം യുവതിനിഗളം
സ്മരൻശര,ലീലയോട്ടുലോലചാട്ടുലോചന -നാരി-

3. ത്രപയിലണയുമൊരു ജപയൊടിടയുമുരു
ശോഭശോണിമധരം............
ശോഭശോണിമധരം സ്മരിതമധരം സരസമധുരം
സ്മിതഭചിതിതേടിമിന്നിമോടിമിന്നിനില്പവ -നാരി-

(മെല്ലെ അടുത്തുചെന്ന് ധർമ്മഗുപ്തനെ കണ്ടു നാണിച്ചു പിന്നോട്ടു മാറിനില്ക്കേ)

ധർമ്മ: പദം 56. ശങ്കരാഭരണം=ത്രിപട

പല്ല: വിലാസവിധിലോലേ! വിശദശിലേ,
പേശലാംഗിയകലേ ഭ്രമിച്ചോമലേ!
പോകരുതുബാലേ! നില്ക്ക! പെണ്മാലേ!
ഭ്രമിച്ചോമലേ! പോകരുതുബാലേ! -വിലാ-

അ: പ: വിലോലമാന്മിഴിമധുനേർമൊഴി കേൾ
വിമലേ! ചാരുകുമാരി! സുമാധുരി —
ലോലകാന്തി തതിചിന്തിയുലകിലുന്തി
നീന്തിലസിച്ചുനിൽപൊരു -വിലാ-

ചര: 1. നാളീകാമിഴി ലോളീതശ്രുതി
പാളീകുണ്ഡലലസിതമുഖി!
ഗളനാളിയാൽ ശ്രുതിമൂളിമേളിക്കമാളി —
പാളി കേളിശാലിനി! -വിലാ-

2. ഭംഗിമാധുരിപൊങ്ങീട്ടുന്നനതാംഗി
നീയെന്തിങ്ങവരെവിട്ടു

വന്നൊത്തുങ്ങിനിന്നു പത്തുങ്ങിയിങ്ങുമയങ്ങി
മങ്ങിത്തങ്ങിനിൽപത്തു -വിലാ.

അംശു: (ആത്മഗതം)

ശ്ലോ: 35. പ്രേമംനടിച്ചെന്നിൽവിട്ടം കടാക്ഷ—
ത്തുമന്ദഹാസാദികൾകൊണ്ടുകാംക്ഷ
ആ,മെന്നുറച്ചീടിനൊരെൻറചിന്ത—
പോമെന്നതാമീവചനേനഹന്ത!

എങ്ങിനെയെന്നാൽ, ആദ്യത്തെ ഈ കുശലപ്രശ്നം പ്രേമരസത്തെ സ്ഫുരിപ്പിക്കുന്നില്ലല്ലോ നീ എന്താണിവിടെ വന്നത് എന്നല്ലേ ചോദിച്ചത്! ഇതിനെന്താണുത്തരം പറയേണ്ടത് വല്ലതും പറയാതിരുന്നാൽ മുഷിഞ്ഞു പോയ്ക്കുളഞ്ഞുവെങ്കിലോ! ഇങ്ങിനെ പറയുകതന്നെ.

പദം 57. കല്യാണി=രൂപകം

പല്ല: ഭൂരികാരുണ്യഭരിതരാംപുണ്യപൂരുഷാഗ്രഗണ്യ!

അ: പ: നാരിമാർചിത്തമാരവിത്തെ
വേറീടുംസൌഭഗത്തെ
നിരവധിധരിച്ചമൂർത്തെ!
വീരമൌലിമുത്തെ! -ഭൂരികാരു-

ചര: 1. സുരഭിലതസകലമാണ്ടു
സാരമാംസുമമൊന്നുണ്ടു
മരുവീടുന്നിങ്ങതിനെക്കണ്ടു
മോഹമാകകൊണ്ടു -ഭൂരികാരു-

2. സഖികൾകളിയത്തുപിരിഞ്ഞു

സൌരഭംകൊതിച്ചു "മഞ്ജു—
മുഖ" മലരിതിന്നാലഞ്ഞു
മാഴ്കിയിങ്ങണഞ്ഞു -ഭൂരികാരു-
മധുരിമയാൽമലരിതാകും
മാനസംമയക്കിത്തീക്കും
മതിയിൽകൊതിയിതിന്നെനിക്കും
മാലിതെന്നുനീക്കും -ഭൂരികാരു-

ധമ്മ: (ആത്മഗതം) അത്ഥഗാംഭീയ്യംവഹിക്കുന്ന ഇവളു ടെ വാക്കുകൾ ശ്രോത്രങ്ങൾക്കു മാധുയ്യംതന്നെയാണ്.

ശ്ലോ: 36. അലംകാമ്യമാമി"പ്പദത്തോട്ടുകൂടി—
കലൎന്നുള്ള" ഭാവദ്ധ്വനിസ്ഫൂത്തിചൂടി;
"അലങ്കാര"മോടീവചക്കേളിമോടി
വിളങ്ങുന്നിവൾക്കൊപ്പമായ്ശ്ലാഘതേടി.

എനിക്കു അപരിചിതയാണെങ്കിലും ഇവളെ പരിച യിച്ചമാതിരി തോന്നിപ്പോകുന്നു. എന്നു മാത്രമല്ല

ശ്ലോ: 37. കിഴവനെയുവാവാക്കും വാക്കും
തിലപ്രസവപ്രഭ-
ക്കുഴലനുദിനം മൂക്കും, മൂക്കും,
മിനുത്തൊരുഗണ്ഡവും
മിഴികളടിയാലാക്കും ലാക്കും
തകപ്പൊരുകാറണി—
ക്കുഴലിയിവൾതൻനോക്കും നോക്കും
തരുന്നൊരുകൌതുകം

സ്ത്രീസല്ലാപം നമുക്കു വിപരീതമാണെങ്കിലും ഇവളുടെ വിവരം അറിയുന്നതിലെന്താണൊരു വൈഷമ്യം വരാനുള്ളത്! (പ്രകാശം)

പദം 58. യമുനകല്യാണി=തിസ്രജാതിരൂപകം

പല്ലി: ഹേരമണീതരുണീകരിണീ ചാരിണീഹീരിണീ!

അ: പ: ആരയിന്നീ നയനാമൃതദായിനി
ഭാരതിയോരതിയോ ഹരസതിയോ? -ഹേരമ-

ചര: തളിരൊളിതടവിനലളിതമിപ്പദം വന
സ്ഥലിയിലടനവിധികോലുംകാലം;
തളരുന്നില്ലയോചൊൽ നിൻതലയതിലിതല്ലയോ
വളരെനൽസുമം പിന്നെന്തലരിൽവന്നതുകാമം!
ചൊല്ലുക! മല്ലികമുല്ലയിതല്ലയി -ഹേരമ-

അംശുമ: (കാമപാരവശ്യത്തോടെ നോക്കിക്കൊണ്ടാത്മഗതം)

ഇദ്ദേഹംതന്നെയായിരിക്കണം സൌഭാഗ്യം തുളുമ്പുന്ന എന്റെ ഭാഗ്യപുരുഷൻ. ഇദ്ദേഹത്തെ ലഭിക്കുന്നതുതന്നെയാണ് എന്റെ ജന്മത്തിന്റെ വിജയം എന്നാൽ എന്റെ ഈ അഭിഷ്ടം പെട്ടെന്ന് ഈ ഗംഭീരഹൃദയനെ വെളിവായി അറിയിച്ചാൽ ഒരുപക്ഷെ അനുകൂലിച്ചിട്ടില്ലെങ്കിൽ വലിയ ലജ്ജയാസ്പദവുമല്ലോ! അറിയിക്കാതിരുന്നാൽ ഇദ്ദേഹത്തിന്റെ ഭാവം എങ്ങിനെയാണറിയുന്നത്! ആയിട്ടില്ല. ഇതുമാത്രം ഒന്നു പ്രസ്താപിച്ചുനോക്കുകതന്നെ. (പ്രകാശം)

പദം 59. ചെഞ്ചുരുട്ടി=രൂപകം

പല്ല: സുമസായകസമമൂർത്തേ! ശ്രീമൻസൽഗുണപൂർത്തേ!

അ: പ: സുമമിതുകണ്ടിട്ടഭ്രകാമം

കേമമാസ്സുന്നാതെൻചിത്തേ -സുമ-

ചര: ഈമലർകയ്യിൽവരാഞ്ഞു താമസിക്കുന്നേനിതിൽനീ

കനിഞ്ഞുവെങ്കിൽകഴിഞ്ഞു ഈമാലൊഴിഞ്ഞു

ഹൃത്തലിഞ്ഞുറഞ്ഞുനാമവുംതരാംപറഞ്ഞു -സുമ-

ധമ്മ:- (ആത്മഗതം) ഇവളുടെ വാക്കിൻസാമത്ഥ്യം അത്ഥം വെളിപ്പെടുത്താതെ വെളിപ്പെടുത്തി ശ്രോത്രേന്ദ്രിയത്തെ കൃതാത്ഥമാക്കിത്തീക്കുന്നു. അത്രമാത്രമല്ല.

ശ്ലോ. 38. നാണംകൊണ്ടിഞ്ഞഞ്ജിതമഞ്ജുനേത്ര—

ക്കോണംകനിഞ്ഞിങ്ങണയുന്നതെത്ര

ക്ഷീണംതരുന്നിങ്ങിതു മന്മഥാസ്ത്ര—

പ്രാണംകലന്നുള്ളതു സത്യമത്ര.

(പ്രകാശം.) എനിക്കു പാട്ടുള്ളകാര്യമാണെങ്കിൽ അതിന്നൊന്താണ്വിരോധം. എന്നാൽ ആയതു വ്യക്തമായി പറയാഞ്ഞാലെങ്ങിനെയാണ് അറിയുന്നതു്. മടിക്കേണ്ട. എന്താണൊരു പരിഭ്രമം!

ശ്ലോ: 39. ഭ്രമമിനിവിടാമല്ലേ മല്ലേക്ഷണേ!

തവ താതനാ—

ര,മലരുചിവൻപാലേ പാലേമിഴി—

ക്കരുളും ശുഭേ!

കമലമുഖി! നേർചൊല്ലേ! ചൊല്ലേറുമേ—
തുകലത്തിൽ നീ
കമനികൾശിരോമാലെ! മാലേതുപു-
ഷ്പമതിൽതവ

ഭവതി പുഷ്പത്തെ ആഗ്രഹിക്കുന്നതും ആശ്ചര്യമാണ്. എന്തെന്നാൽ

പദം 60. ബലഹരി = രൂപകം.

പല്ല: ഈരൂപം ചാരുസൂനസാരാഭം താൻമുഗ്ദ്ധ!

അ. പ: നേത്രമബ്ജ, മേവചെമ്പരത്തി, താമ്രമോഷ്ഠ-
[ബിംബം. (ഈരൂ)

ചര: കുന്ദംരദമായ്നിൽപൂ മിന്നുംനാസികയെൾപൂ
സുന്ദരാംഗി പിന്നെഭംഗിചേർന്നതേതു സൂനമോ
[തു! (ഈരൂ)

അംശു:- (ആത്മഗതം) ഭാവരസംകാണുമ്പോൾ അനുരാഗമുണ്ടെന്നാണ് തോന്നുന്നത്. തുറന്നുപറയുകതന്നെ.

പദം 61. (പ്രകാശം) അമീർകല്യാണി = രൂപകം.

പല്ല: കാമമായതുമിതേ മമകോമളസുമതെ

അ. പ. രാമമാരിൽ കാമലഹരികേമിപ്പോരീവായ്മലരിൽ
(കാമ)

ചര. മധുവിപിനമതുനിൻവദനമതനുമോഹനം
മധുരതരം മുഗ്ദ്ധമധരം ഭ്രാന്തികരം പൂന്തേൻസാ
[രം. (കാമ)

ധമ്മ:— (ആത്മഗതം) ഇവളിൽ എനിക്കു വളൎന്നുവരുന്ന പ്രേമപാരവശ്യം ഒതുക്കിവെക്കാതിരുന്നാൽ ശാണ്ഡില്യമഹൎഷിയുടെ ശാസനക്കു ഭംഗംവരുമല്ലൊ അതുകൊണ്ടു് എൻെറവിവരമൊക്കെയും പറഞ്ഞ് ഈ കുമാരിയെ ആശ്വസിപ്പിക്കുകയാണ് നല്ലതു്.

(പ്രകാശം)

പദം 62. മോഹനം=തിസ്രജാതി രൂപകം.

പല്ല. ചീത്തരസംനീ ചൊല്ലുന്നതെനി
ക്കോൎത്താൽകാമിനി! ഇത്തരമോതാ
യ്കയ്യോ നീയിനി. (ചീത്ത)

ചരണ. ഇത്രദാരിദ്ര്യത്തിലെത്തിപ്പാൎത്തരുളും മൎത്ത്യരു
വാൎത്തപോലും പാൎത്തലത്തിൽ [ടെ
പാൎത്താലില്ലെന്നോൎത്താലുംനീ
കഷ്ടമതിഗതികെട്ട പുരുഷനി
ലിഷ്ടമിട്ടിതോ..................
എന്തിതോമലെ ഹന്തതോന്നിയി
ഭ്രാന്തിതോഴിചൊൽ............. (ചീത്ത)

അംശു:- (അല്പം ലജ്ജിച്ചു കാൽവിരൽകൊണ്ടു വരഞ്ഞുകൊണ്ടു) ദാരിദ്ര്യം ഇത്രകണ്ടുണ്ടാവുമെന്ന് അങ്ങയുടെ ഈ മഹാപുരുഷലക്ഷണംതന്നെ വെളിപ്പെടുത്തുന്നുണ്ടു അഥവാ പെട്ടെന്നു് വല്ലവിധേനയും വന്നുകൂടിപ്പോയിട്ടുണ്ടെങ്കിൽതന്നെ അതിന്നു നിവൃത്തിയും ഉണ്ടു്.

ധമ്മ:- ശ്ലോ. 40.

ആട്ടേവിടിക്കിക്കുലനാമധേയം
കേട്ടേസ്സഖിക്കു ഹൃദയംമദീയം
തൂട്ടേ കെടപ്പാനിഹ ശീതതോയം
കിട്ടേണമെന്നാൽ മധുവോവിധേയം.

അംശു:- ഞാൻ ഒരു കുലസ്ത്രീതന്നെയാണ്.

പദം 63. ചെഞ്ചുരുട്ടി = രൂപകം.

പല്ല:- സംശയമെന്തിനഹോ! പ്രാംശുരമ്യജാന-
[ബാഹോ!

ചര: 1. വംശംവൈണികീയം നാമമംശുമതിയെന്നമമ
ധീരമതെ! ചാരുനീതെ! അരുനീ, തെ-
പേരുമോതെ (സംശ)

ച: 2. പോരിനേൽക്കാൻപോരുന്നോക്കേൻ-
നേരമൃഷ്കൻമാരന്തു കൺ
പീഡയേറീവാട്ടംനാരിയോട്ടതേ-
റീടാത്തോനാരി! (സംശ)

ധമ്മ:- സാധാരണ ഒരു സ്ത്രീയല്ലെന്ന് ഞാൻ കണ്ടപ്പോ
ഠംതന്നെ തീച്ചപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഭവതി
ഏതൊരു ഭാഗധേയനിധിയുടെ മളാണെന്നാണ് ഇനി
അറിയേണ്ടതു്.

അംശു:- പരമേശ്വരസേവകചൂഡാമണിയായ ദ്രമിളൻ
എന്ന ഗന്ധർവ്വൻെറ മകളാണ് ഞാൻ.

ധമ്മ:- എന്നിട്ടാണോ ഇൗവക വങ്കത്തംക്ഷണിക്കുന്നതു്!

പദം 64. കല്യാണി = തിസ്രജാതി രൂപകം.

പല്ല: ചിന്തയിതെന്തമലെ ചന്തമോമലെ!

അ: പ: നാംതമ്മിലെങ്ങനെ സന്ധിപ്പതംഗനെ
എന്തൊരുഭ്രാന്താണിതിങ്ങനെ (ചിന്ത)

ചര: 1. ഹന്ത! നിയോധന്യ സന്തതസമ്മാന്യ
ഗന്ധൎവ്വപുംഗവൻതൻകന്യ (ചിന്ത)

2. അച്ഛനമില്ലെനിക്കച്ചിതാനും ജനി
പ്പിച്ചു മരിച്ചിതു മാനിനീ! (ചിന്ത)

3. പിച്ചയിരപ്പോരു തച്ഛനെപ്പോയ്ചേരു-
മിച്ഛ, മെച്ചമമ്പോ! രംഭോരു! (ചിന്ത)

4. പിച്ചളക്കമണിചേൎച്ചയാമോനാണി-
പ്പിച്ചീടായ്കച്ഛനെത്തേൻവാണി! (ചിന്ത)

5. പോററിയബ്രാഹ്മണി പെററവനമാണി
ങ്ങററവരെനിക്കകാൎവ്വേണി! (ചിന്ത)

അംശു:— ഈ ആകൃതിക്കും വാക്കുകൾക്കും പരസ്പരം സംബന്ധം കാണുന്നില്ലല്ലൊ ഇതെന്തൊരു വിശേഷ വിധി. (പ്രകാശം) അങ്ങയുടെ കുലനാമങ്ങളെ ഒന്നു കേട്ടാൽകൊള്ളാമായിരുന്നു.

ധൎമ്മ:- ഞാൻ വിദൎഭവംശത്തിൻെറ ഒരങ്കുരമാണ് ഞാൻ ജനിക്കുന്നതിന്നു തലേദിവസം

ശ്ലോ: 41. അല്ലണിക്കുഴലി! സത്യരഥാഖ്യൻ
കല്യനെൻ ജനകനത്തമമുഖ്യൻ

സാലപനോട്ട പൊരുതസ്സമരോൽക്കൻ
ശല്യമേററു യമധാമനിപുക്കാൻ

അംശു:- ശങ്കരീ! ജഗദീശ്വരീ! കഷ്ടം! കഷ്ടം!

ധമ്മ:- അപ്പോൾ പരിഭ്രമത്തോടുംകൂടി,

ശ്ലോ: 42. പത്താംമാസം തികഞ്ഞോരുദരമുടയ തൽ-
പത്നിയാമെൻസവിത്രീ
ചിത്താതങ്കത്തൊടും പോയിരുളിലടവിയിൽ
സത്വരം ചെന്നുചേൻ
ക്ഷുത്താൽപീഡിച്ചു പെററാളുഷസിസുമുഖിയി
പ്പുത്രനേയുഷ്ണയാപോയ്-
ചത്താൾ വെള്ളത്തിനുള്ളന്നൊരു മുതലകടി-
ച്ചുത്തമേ! സത്യമാണേ!

അംശു:- ഭവാനി! മൃഡാനി! ഈവിധം ആക്ഷേം വരുത്തരുതെ.

ധമ്മ:- അപ്പോൾ ഉഷയെന്ന ഒരു ബ്രാഹ്മണി അവിടെ വന്ന് എന്നെ എടുത്ത് തൻെറമകനായ 'ശുചിവ്രതൻ' എന്ന കുട്ടിയോടുകൂടി ഭിക്ഷാടനംചെയ്തു രക്ഷിച്ചു ഈനിലക്കെത്തിച്ചു. എൻെറപേര് ധമ്മഗുപ്തൻ എന്നാണ് ഇത്ര മോശപ്പെട്ടവനായ എന്നെയാണോ ഭവതി ഭത്താവായി തിരഞ്ഞെടുപ്പാനൊരുങ്ങന്നതു്?

അംശു:- (തലകുലുക്കി ആത്മഗതം) ഹാവു ജയിച്ചുപോയി. ഇദ്ദേഹം മറെറാരാളായിരുന്നുവെങ്കിൽ കുലവധൂധമ്മത്തിങ്കൽനിന്നു ഞാൻ സ്ഖലിച്ചുപോകുമായിരു

ന്നു. ഇനി ഇദ്ദേഹത്തെ ഞാൻ വിടുകയില്ല. ഇത്ര സു
ന്ദരൻ ഏതുകുലത്തിലാണുള്ളതു്!

ശ്ലോ: 43. സരസവാഗ്ഗുണമെന്നതുമന്നുഞാൻ
കരുതി,യിന്നിവനേബ്ഭതകാങ്കയാൽ
വിരുതിഹ പ്രഹസന്നവചസ്സതിൽ
കുറയുമേറയുമേവമുറച്ചുഞാൻ.

ഏത്രയോദിവസമായിട്ടു ഇദ്ദേഹത്തെ കാണ്മാൻ ഞാനാഗ്രഹിച്ചുകൊണ്ടിരിക്കുന്നതു് ഇന്നു ജഗദീശ്വരി സാധിപ്പിച്ചു. ഇനിയുമുള്ള മോഹവും അതേ അനുഗ്രഹത്താൽ സാധിക്കുമായിരിക്കും. (പ്രകാശം) ഇനിയിപ്പുകിട്ടൊന്നും പയറേറണമെന്നില്ല. ക്ഷത്രിയകുമാരനായ ഭവാൻതന്നെയാണ് എന്റെ ഭർത്താവായിരിപ്പാൻ യോഗ്യൻ. അത്രയുമല്ല പ്രഹസവിഹസന്മാരെന്ന ദ്വന്ദ്വചാരികളായ ഗന്ധർവ്വന്മാർ പണ്ടേതന്നെ ഭവാനെപ്പററി എന്നോടു പറഞ്ഞിട്ടുണ്ടു്. അന്നുതന്നെ ഭവാനെ ഞാൻ മനസ്സുകൊണ്ടു വരിച്ചുപോയിരിക്കുന്നു. അതു്കൊണ്ടു്

പദം 65. തോടി = ഏകതാളം.

പ: കനിയേണംഭവാനിക്ഷണം ഇപ്പെണ്ണിൽ (കനി)

അ: പ: ഇനിക്കുറവുചൊല്ലാതനുസരിക്കല്ലോ
തനുഗ്രഹിപ്പാൻ വല്ലാതുനമിങ്ങൊന്നില്ല. (കനി)

ധർമ്മ:- ശരിയാണ് അനേകം ഊനമാണിങ്ങുള്ളതു് ഒന്നല്ല.

അംശു:- ച: 1. ഉന്നതം തവകുലം ചന്ദ്രനിതിൻമൂലം
പിന്നെവേണ്ടുംബലം വന്നുകൂട്ടുമലം (കനി)
ചര: 2. പൊന്നിൽപതിഞ്ഞ മണിതൻനിറംനാമണി-
ഞ്ഞനുഭവംവാഴാം കൊണിഞ്ഞെന്നിൽചേക്കി-
[പ്പോണി (കനി)

ധർമ്മ - എത്രപറഞ്ഞിട്ടും ഭവതി എന്താണ് തത്വംമനസ്സിലാക്കാത്തതു് കുളികഴിഞ്ഞിട്ടും ശൌചംകഴിഞ്ഞില്ലെന്നാണോ പറയുന്നതു്! കഷ്ടം!

അംശു:- തത്വംമനസ്സിലാക്കീട്ടുതന്നെയാണ് ഞാൻ പറയുന്നതു്. ചന്ദ്രവംശദീപമായ ഭവാനെ ഞാൻ കാമിക്കുന്നതു് അനുചിതമാണോ?

ധർമ്മ.- പദം. 66. ഹിന്ദുസ്ഥാനി തോടി = രൂപകം.
പല്ല: സാരസാരസാരസത്വസാധകാദ്രനേത്രേ!
അ. പ: നൃപതിക്കുണ്ടാം നീണ്ടകൃമിയാമോ സ്വാമി! (സാ)
ചര: നീരസമത്രെ നിരുപമകീർത്തേ ഈരസമോർത്താൽ തേ
നരരുംസുരർകിന്നരരും നിന്ദചെയ്യും.
നിന്നെയിഹകേളെന്നെവേൾക്കിൽ (സാര)

അംശു:- കൃമിയും മകനും ഒരുപോലെയാണോ എന്താണിപ്പറയുന്നതു്! കഷ്ടം!

ധർമ്മ:- ഭവതി ആലോചിക്കരുതെ! എന്റെ അവസ്ഥ ഒരു കൃമിയുടേതിനേക്കാൾ കഷ്ടമല്ലെ! ഞാൻ എങ്ങിനെയാണിപ്പോൾ കഴിച്ചുകൂട്ടുന്നതു്!

പദം. 67. കണ്ണി: ഹിന്തുസ്ഥാനി തോടി = ചായ്പ്.

അംശു:- ഇച്ഛിതവസ്തുക്കളെല്ലാമ-
ച്ഛനോടുവാങ്ങിനല്ല
ദുശ്ച്യവനൻപോലെയല്ലാസാൽ-
ചിരംവാഴ്കല്ലലില്ല.
ആനതേർമുമ്പാമനേക സൈനി-
കങ്ങളിങ്ങ നൽകാ-
മൂനമെന്ന്യേനമ്മൾ മാഴ്കാ-
താനന്ദത്തോടൊത്തുവാഴ്ക.

ശ്ലോ: 44.

ധമ്മ:- ദാരിദ്ര്യം ഭാൎയ്യപോയ്തൻജനകനുടെമന-
സ്താരതിൽതീരെയേററി
ഭൂരിദ്രോഹംകൊടുത്തിട്ടണയുമൊരുപണം
സൈ്വരവാസാൎത്ഥമാക്കി;
നേരത്തെപ്പോക്കി ഭാൎയ്യക്കടിമയിലരുള്ള-
ന്നോരുവീരൻ പുമാൻതൻ
ചാരുസ്മേരാമൃതത്തിന്നനിശമിഹസലാം
കോലന്നം നീലവേണി!

ഹേ കല്യാണി! ഭവതി എന്തിനാണീവിധം അനുചിത കൎമ്മങ്ങളിൽ ബുദ്ധി പ്രവേശിപ്പിക്കുന്നതു്! കാഞ്ഞിരത്തെ ചന്ദനമാക്കിത്തീൎക്കേണ്ടുന്ന ബുദ്ധിമുട്ടു ഭവതിക്കെന്തിനാണ്! ഭവതി ആവശ്യപ്പെട്ടാൽ മഹേന്ദ്രൻതന്നെ ഓടിവരുമല്ലൊ?

പദം 68.  കാമോദരി = തിസ്രജാതി രൂപകം.

വേഠംക്കാനമ്മഹേന്ദ്രൻ വീരനുണ്ടു പൂണ്ടുകൊണ്ടു
നിൽക്കാമിക്കഴൽതാൻ ദേവർകൂപ്പും മോടിതേ
ഊക്കേറുംഗജേന്ദ്രൻ രത്നപട്ടമത്രചിത്ര- [ടി
മേൽക്കാനായ്കരഭം പാത്രമാമൊചാരുഭീരു
പട്ടിണിവിടാനായ് സിംഹനാരിപോയിനായി-
ക്കുട്ടിയെത്തൊടുവാൻ നാണിക്കില്ലെ തെല്ലുചൊ
ചത്താലും നിജാഭിജാത്യഹാനി നല്ലതല്ല. [ല്ലു!
ചീത്തപ്പേർവന്നെത്തുമൽപസൌഖ്യമോർത്തു-
[പേർത്തും. (വേഠം)

അംശു:- ദേവേന്ദ്രനിലാഗ്രഹം ശചീദേവിക്കാണ്, എനി ക്കു ഭവാനിലും, അതനുചിതമായാലും ഉചിതമായാലും വേണ്ടില്ല. എൻെറ ഹൃദയം മറെറാന്നിലും കടന്നിട്ടി ല്ല ഇനി കടക്കുകയും ഇല്ല.

ധർമ്മ:- ഭവതികേഠംക്കണം എൻെറ യഥാൎത്ഥവിവരം:- ശാണ്ഡില്യമഹർഷിയുടെ ശാസനപ്രകാരം ഞാൻ പ്ര ദോഷോപവാസംചെയ്തുവരുന്നുണ്ടു ഭവതിയുടെ ആഗ്ര ഹം അതിന്നു വിരുദ്ധമാണ് അതുകൊണ്ടു്,

ശ്ലോ: 45.  വ്രതഭംഗകൃത്യമൊഴിയേ മൊഴിയെ
സതിചൊൽകി; തോതുകരുതേ! കരുതേ!
അതിധന്യരിങ്കൽവരണേ! വരണേ-
കൊതിതെ, യിതത്ഭുതകൃതീ തകൃതീ!

അംശു:- (കാമപാരവശ്യത്തോടെ വ്യസനിച്ചു)

ശ്ലോ: 46. എന്നോമാരനിണക്ക-
ന്നേററംനിന്നോട്ട നൃപകുമാരനിണക്കും
ഒരുകനിവണയാതെന്തേ
കഷ്ടം താ, നിത്തവണയാതംതെ

കഷ്ടം ഭവാനെ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ എനിക്കി ക്കഷ്ടപ്പാടിന്നിടവരികയില്ലായിരുന്നു.

ധർമ്മ:- കഴിഞ്ഞതുപറഞ്ഞിട്ട പ്രയോജനം ഇല്ല. എന്നാൽ ഇനിക്കാണേണമെന്നില്ല. ഞാൻ പോയ്ക്കൊളയാം.

അംശു:- കഷ്ടമേ! എന്താണിങ്ങിനെയൊക്കെ പറയുന്നതു്.

ശ്ലോ: 47. ഇത്തരമോതരുതേ! തരുതേ ചു-
ണ്ടത്തലറുക്കണമേ! കണമേന്മേൽ;
വീഴ്ത്തീട്ടമന്മഥനാം മദനാന്തം
ചേർത്തിട്ടകൻപുണരെപ്പുണരെന്നെ.

(എന്നു് പിടിക്കാനടുത്തപ്പോൾ)

ധർമ്മ:- (അല്പം ദൂരെ മാറിനിന്നിട്ട) പ്രദോഷോപവാസം കൊണ്ടു പരമശിവനെസേവിച്ചുവരുന്ന ഈ ദരിദ്ര മനുഷ്യനെത്തന്നെ വരിക്കേണമെന്നുള്ള നിർബ്ബന്ധം ഭവതിക്കെന്തിനാണ്. ഞാൻ യഥാർത്ഥംപറഞ്ഞില്ലേ!

അംശു:- കഷ്ടമേ! (ദീർഘനിശ്വാസത്തോടും)

പദം 69. ഹിന്തുസ്ഥാനി തോടി = തിസ്രജാതി രൂപകം

പല്ല: അഴലേകന്നൊന്തിന്ന ഓരോന്നചൊന്ന

അ. പ: ആഴിഗംഭീര! പോരും അഴലിനിക്കേററംപോരും
ഗീരുംഭാവവുമേരുംതാപത്താൽ താരുന്നുത്താരും
(അഴ)

ച: ഓമനമൂത്തെ! വല്ലാതൊഴികഴിവേവം ചൊല്ലാ-
യ്ക്കി, ല്ലാധീരതനില്ലാന്നിങ്ങനെകല്യ!ചെയ്യൊല്ല (അ)
ചൂടെനിക്കയ്യോ മല്ലീശരാകൃതെ! തവനല്ലീ
ചില്ലിത്തൻകൊടിസല്ലീലംതരും തല്ലിനാലല്ലീ (അ)
(എന്ന ദീഘ്ഘനിശ്വാസത്തോടും ചുണ്ടുകടിച്ചുകൊ
ണ്ടു ധമ്മഗുപ്തനെ നോക്കുന്നു)

ധമ്മ:- (ആത്മഗതം)

ശ്ലോ: 48. ഇടക്കൊന്നു ചുണ്ടുകടിച്ചിങ്ങിന്നങ്ങി-
കടക്കണ്ണിനാലെന്നെയിന്നിമ്മലാംഗി
അടിക്കുന്നനേരത്തു ചിത്തംമയങ്ങി-
ത്തടുക്കാവതല്ലാഞ്ഞഹോ! ഞാൻ കുഴങ്ങി.

എന്തുതന്നെയായാലും പ്രദോഷവ്രതഭംഗം വരുത്തുന്ന
തു് മഹാദോഷമായ്‌വരും ഇനിയും ഒന്നുകൂടി യഥാ
ത്ഥം ഇവളോടു പറഞ്ഞുപോയ്ക്കളയാം എന്റെ കുശ
ലകാംക്ഷിയായ ശുചിവ്രതൻെറഹിതംവിട്ടു ഞാൻ ഇ
വിടെവന്നതു് വിഡ്ഢിത്തംതന്നെ. (പ്രകാശം)

പദം 70. ഹനുമത്തോടി = ത്രിപട.

കണ്ണി: 1· മാരഹരൻ പദസാരസസേവയിൽ
മാരവിഹാരരസം..............തീരേ

ദ്ദൂരേവവിടണം ഗുരുമതമിദമിതി
തേറുകനീ സരസം.

2. നാരികൾതന്നനുസാരികളീവ്രത
വൈരികളെന്നറിക...............നേരേ
ആരോമലെക്കേളരുതിതുമമനാം
ക്രൂറൊടെനിപിരികാ..........

3. വാരണഗാമിനി ഹാരിണി; മൽപ്രിയ-
നാരണനുണ്ടകലേ.............ബാലെ!
പോരുംവഴിയിൽ മിഴികളുംചലിപ്പിച്ചു
മരുവുന്നാങ്ങഴലാലെ.
സാരസനേത്ര്മിഴി സൂനൃതമീമൊഴി
നീരസമെന്നിഹതേ ചിത്തേ
ഓരാതിരിപ്പാൻ കനിയണമുടനെഞാൻ
പോരുവൻ തവസവിധെ.

എന്നാൽ അങ്ങിനെയാവട്ടെ ഞാൻ പോയിവരട്ടെ
(പോകാൻ ഭാവിക്കുമ്പോൾ)

അംശു:- (പരിഭ്രമത്തോടും മുമ്പിൽചെന്നിട്ടു)

പദം 71. ഘണ്ടാരം = ചായ്പ്

പല്ല: പ്രാണംപോമീനേരമോവ്രത
ത്രാണംചെയ്യുന്നയ്യോ ബത!

അ. പ: അണിമയിൽ തുണമയി—
കാണിക്കവേണമയി (പ്രാണം)

ചര: പ്രാണനാഥ! നീപോകിലോ പ്രാ—

ണംമമപോം കൃപാലോ

കാണികനിയുന്നെങ്കിലൊ—

വാണിടുംഞാനല്ലെങ്കിലോ.

ക്ഷണമിയുടലതുപിണമായി—

ഹ തവകാണുമേ ശൃണു! =പ്രാണം=

(എന്ന് ദീഘനിശ്വാസത്തോടും മുലചൊറിഞ്ഞു കാമ പാരവശ്യത്തോടും അധോമുഖിയായിനിന്നു ധമ്മഗുപ്ത നെനോക്കുന്നു.)

ധമ്മ: (ആത്മഗതം)

ശ്ലോ: 49. ദീഘംനിശ്വസിതംകഴിച്ചു ചൊറിവാൻ

നീക്കുംമുലക്കച്ചയേ

ശീഘ്രംതത്രമറച്ചു നമ്രമുഖിയായ്

നില്ക്കുന്നൊരകന്യകാ

വായ്ക്കുംപ്രേമഭരത്തൊടെങ്കില്വ,മഹോ!

ചിക്കെന്നുദഷ്ടോഷ്ഠയായ്

നോക്കിന്നുണ്ടകണക്കിടയ്ക്കിടവിട്ടും

നോക്കെന്നുമേല്ക്കാൻപണി.

(ഇരുന്നു കാമപാരവശ്യത്തോടും പ്രകാശം)

പദം 72. മുഖാരി=ചായ്പു

കണ്ണികൾ:

ദ്രമിളകന്യകേ! കേൾക്കധന്യേകാമ

മമലേയില്ലമേ നിന്നിലെന്യേ

സുമസായകനല്ലേ! സമൎത്ഥനെയ്യേൻമല്ലേ
ശമിപ്പിക്കുന്നതിങ്ങില്ലേ ക്ഷമയൊന്നുംവല്ലേ -ദ്രമി-
ഹരസേവകഭംഗംവരുത്തുമീവധൂസംഗം
എരിയുന്നൊന്നന്തരംഗം അരുതിപ്രസംഗം -ദ്രമി-
ഇനിയെന്തുഞാൻചെയ്‌വൂ! ജനിമാർമണേ!നോവൂ
എനിക്കാണേററവുംമേവുന്നനഘേ! ഹാഹാവൂ!
-ദ്രമി-

(എന്നു കാമപരവശനായി തലക്കു കയ്യുംവെച്ചു ദീൎഘ നിശ്വാസത്തോടും അധോമുഖനായിരിക്കുന്നു.)

അംശു: (ആത്മഗതം) ഇനി ഇദ്ദേഹത്തോടു പറഞ്ഞ് പ്രയോജനം ഇല്ല. ശ്രീ. പാൎവ്വതിയോടപേക്ഷിക്കുകതന്നെ. എന്നിട്ടും ഇക്കാൎയ്യം സാധിക്കാത്തപക്ഷം ഈ പ്രാണനെ ജഗദീശ്വരിയിൽ ചേൎത്തു ഈ ഗാത്രത്തെ ഞാൻ ഉപേക്ഷിക്കുന്നുണ്ട്.

(ഇരുന്നു തൊഴുകൈപിടിച്ച്)

ശ്ലോ: 50. എന്നുമീട്ടവനംനിറഞ്ഞൊളി—
യുന്നചിത്സുഖസാന്ദ്രമാ-
കുന്നവസ്തുവെഭിന്നമാക്കിയ
തൊന്നുപോലുമിഷയത്തിന്നേ;
തിന്നുപീഡകലൎന്നുതാണരു—
ളുന്നതന്ന്യമൊടൊത്തുപോയ്
ചേൎന്നുമീതെയിരുന്നുകണ്ടുര—
സിച്ചിടുംപരചിന്മയി!

51. നിന്നപാംഗമതെന്നിലൊന്നണ—
യുന്നകാലമതെന്നായേ!
എന്നെയെന്തിനുഖിന്നയാക്കി വല—
ച്ചിടുന്നുമഹോദയേ!
ഇന്ദിരാരമണേന്ദ്രമുഖ്യ സു—
രാച്ച്യമാനപദദ്വയെ!
തന്നിടെന്നിലൊരിത്തിരികൃപ
ചന്ദ്രചൂഡഹിതപ്രിയേ?

52. ധമ്മഗുപ്തനൊടൊത്തിരിപ്പതി—
നംബ!സമ്മതമേകുനീ
നിമ്മലാംഗിയതെന്നിയെന്തിനു
ജന്മമിങ്ങഘനാശിനി!
ചിന്മയി!ത്രിപുരേ! ഭവച്ചര—
ണാംബുജത്തെനിനച്ചിനി—
ജ്ജന്മനാശമതിന്നുഞാൻ മുതി—
രുന്നുസജ്ജനപാലിനി!

(എന്നു പ്രാത്ഥിച്ചു പ്രാണവായുവെ കയററാനായി തു
ടങ്ങിയപ്പോൾ അണിയറയിൽ)

ശ്ലോ: 53. കൈക്കൊള്ളു കംശ്രുമതിയേ
മതിയേവിചാരം
ചേക്കുന്നുഞാൻശിവ,നിതാ
വനിതാവരൻനീ

സൌഖ്യംനിണക്കിനിവരും
നിവരുംയശസ്സും
മൈക്കണ്ണിയോടുമവനീ
മവനീചിരായ.

ധമ്മ: (പരിഭ്രമിച്ചെഴുന്നീററ് വീഴാൻഭാവിക്കുന്ന അംശു മതിയെ ചെന്നു താങ്ങിനിത്തീട്ട്)

പദം 73. കാംബോധി=തിസ്രജാതിരൂപകം

കണ്ണികൾ:

ദ്രമിളജേ!ചതിക്കായ്കയേ! ദിവ്യേ'മൽപ്രിയേ!
ഹേമനികാശകായേ' ഹേമനീഷിണി!ജായേ! -ദ്രമി-
കമനിനീതുറക്കിമ്മിഴി കാണ്കെന്നെത്തോഴി!
ഓമനത്തേന്മൊഴി മാന്മിഴിയൊന്നുപൊഴി! -ദ്രമി-
പേശലത്തളിരുതന്നാലെ വീശുമേന്മേലെ
നീശയിക്കപൈങ്കമാലെ! ആശ്വസിക്കെന്നോമലെ!
-ദ്രമി-
നിൻകരപീഡനമതിന്നുശങ്കരൻവന്നു
എൻകലനജ്ഞതന്നു സങ്കടമിനിത്തീൻ. -ദ്രമി-

അംശു: (മെല്ലെ നോക്കി സന്തോഷാശ്രുക്കളോടും ധമ്മ ഗുപ്തനെ ആലിംഗനംചെയ്തുകൊണ്ടു)

പദം 74. ചെഞ്ചുരുട്ടി=രൂപകം

ഗിരിവരസുതാ ഗൌരീനാഥാശൌരിക്രുപ്പംപാദാ
കാത്ത്യായിനിപ്രീത്യായെന്നെയാത്താദരംകാത്താൾ
-ഗിരി-

കഠിനമെന്താണിതുകാന്ത! കാട്ടിയെന്നിൽഹന്ത!
ചെന്താർശരകാന്താകൃതെ എന്താണൊരുചിന്ത!
-ഗിരി-
വരണമിനിവേഗമെനിക്കരുളിടേണംനീ
ലോലമുത്തുമാലയിത്! മാലാൽവാഴ്വാൻവേല -ഗിരി-
(എന്നു കഴുത്തിലുള്ള ഒരു മുത്തുമാല എടുത്ത് ധമ്മഗു
പ്തന്റെ കഴുത്തിലിടാൻ ഭാവിക്കുമ്പോൾ)
ധമ്മ: പദം 75. കമാശ്=രൂപകം
പല്ല: എന്തിനുതെമനസികാന്തെ! ഭ്രാന്തിതുശാന്തേ!
ചിന്തയേവെടിഞ്ഞീടുകിനി പന്തണിസ്തനി!
-എന്തിനു-
ചര: കുലജകാമിനീനിലയെ മാനിച്ചലസിടാതിനി
കലയെവേളികലിതകേളി, ഫലിതംതവകളീ
-എന്തിനു-
പിതുരനുമതിയതുവരാതിവിധിയനൌചിതി
അതിനിക്കാലെഗതിചെയ്യാലെമതിയാവൂബാലെ!
-എന്തിനു-
അല്പാതെ വെടിപ്പുണ്ടോ! അച്ഛന്റെ അനുജ്ഞയോടു
കൂടി ഒരുദിവസത്തേക്കു നിശ്ചയിച്ചാൽ ഞാൻ ആയതു
ചെയ്തുകൊള്ളാം അമ്മയുടേയും ശുചിവ്രതന്റേയും
അനുമതി എനിക്കും വേണ്ടതാണെല്ലോ!! ഇപ്പോൾ
നമ്മൾ പോക!
(എന്നതിന്നു അംശുമതി നല്ല സന്തോഷംനടിക്കാതെ

നാണിച്ചുകൊണ്ടു കുഴഞ്ഞും നിലത്തു കാൽവിരൽ വരഞ്ഞും നില്ക്കെ)

ധമ്മ: (നോക്കി ആത്മഗതം)

ശ്ലോ: 54.

നെഞ്ചിൽപ്രേമംനിറഞ്ഞും നിലയതിലിളകി-
ച്ചഞ്ചലാപോലൊളിഞ്ഞും
കൊഞ്ചികൊഞ്ചികൊണിഞ്ഞും കുളിർമുലവലുതായ്
കഞ്ചുളീകംമുറിഞ്ഞും
പുഞ്ചേലക്കത്തഴിഞ്ഞും ഭുവിപദനഖര-
പ്രാഞ്ചലത്താൽ വരഞ്ഞും
പഞ്ചാസ്രൂൻമാൽ,പിണഞ്ഞും പരമിവൾവിലസു-
ന്നഞ്ചിലജ്ജിച്ചലിഞ്ഞും

(അംശുമതിയെ ചെന്നാശ്ലേഷിച്ചുകൊണ്ടു) അച്ഛൻെറ അനുമതിവാങ്ങി ഭവതി എന്നാണ്‌വരുന്നത്.

അംശു: നാലാനാൾരാവിലെ ഇവിടെവരാം

ധമ്മ: ആ വിവരം ഞാൻ എങ്ങിനെ അറിയും!

അംശു: തലേദിവസം അറിയിക്കാം

ധമ്മ: തീച്ചതന്നേയല്ലെ!

അംശു: പദം 76. ബിഹാക്ക്=ത്രിസ്രജാതിരൂപകം.

കണ്ണികൾ: ജനകനോടൊത്തന്നേക്കെത്തീടുന്നേൻ

ധമ്മ:- ഞാനതിനായ്തന്നെകാത്തുനിൽക്കുന്നേൻ

അംശു: ദീനയാക്കിത്തീക്കായ്കെന്നെ

ധമ്മ: മാനസേമകീടുന്നേൻ

അംശു:- കനിവരുളേണമെ കേവലംമെ

ധമ്മ:- ജനികുലദീപമെ! നോക്കസുഖിക്കാമെ

അംശു:- ഇനിയഴലില്ലേതുമെ

ധമ്മ:- ആനന്ദം വരുമെ

(അണിയറയിൽ) മാലിനി! അംശുമതിയെക്കൂട്ടി വേഗം വരു!

അംശു:- സഖിമാർ എന്നെ അന്വേഷിച്ചു വരുന്നുണ്ട്. എന്നാൽ ഇപ്പോഠം പിരിയുകയല്ലെ ?

ധമ്മ:- അങ്ങിനെ തന്നെ. ശുചിവ്രതൻ എന്നെയും കാത്തവിടെ നില്ക്കുന്നുണ്ട്. ബദ്ധപ്പെടുന്നുണ്ടായിരിക്കാം പോക.

(രണ്ടുപേരും പോയി.)

(അനന്തരം ശുചിവ്രതൻ പ്രവേശിച്ചു ഇരുന്നു തൊഴുതും കൊണ്ട്)

പദം 77 നാട്ട=തിസ്രജാതിരൂപകം.

പല്ല. ഫാലാക്ഷ! ജയശംഭൊ! പാലിച്ചീടനിശംഭോ!

അ. പ. ബാലനിശാകരശാലിജടാധര
ലോലഫണീശപരമാല! മയി വിഹര! -ഫാലാ-

ചരണം: ഗരിതനയാവര! സദയവരികവരം തരികവരം
ഹരിവിധി ഹരിമുഖസുരലോക! പരസുഖ-
മരുളംവാനന്മുഖ ചരിതത്ര്യംബക! -ഫാലാ

(ഭ്രമിച്ചെഴുനീററ് പടിഞ്ഞാറുഭാഗം നോക്കീട്ട്)

ഏതൊരു ഭ്രാന്തനാണിയാൾ നേരം വൈകിയല്ലൊ! ധമ്മ ഗുപ്താ ഹേ! ഹേ!

ശ്ലോ. 55. എന്തിക്കമാരനന്നയാത്തു വരു! വരു! ഹോ!
ചിന്തിക്ക! ദന്തുരമതീ വനമാഗ്ഗമല്ലോ!
അന്തിക്കമുമ്പിലിനിയില്ല മണഞ്ഞിടാഞ്ഞാൽ
സന്ധിക്കയില്ല, പിഴവല്പതു മമ്മകാട്ടം
(തിരിഞ്ഞുനോക്കുമ്പോൾ)

ധമ്മ: (ബദ്ധപ്പെട്ടു പ്രവേശിക്കുന്നു.)

ശുചി: കണ്ടിട്ടു ഹാസ്യത്തോടും ഹാ! ഹാ! രസികൻ തന്നേയാന്, ആൾ. അല്പം ദ്വേഷ്യത്തോടെ സ്ത്രീ സല്ലാപം മുഴുത്തില്ലെന്നുണ്ടോ! എന്താണിത്രവേഗംവന്നതു്.

ധമ്മ: അതൊക്കെയും സാവകാശം പറഞ്ഞറിയിക്കാം.

ശുചി: സംശയമുണ്ടോ! ഓഹോ! ശരി! ശരി! സവിസ്തരം പറഞ്ഞുകേൾക്കേണ്ടുന്ന ഒരു ചരിത്രമാണല്ലൊ! ശിവകഥയല്ലെ! അതിരിക്കട്ടെ ഇനിയെങ്കിലും ഇല്ലത്തുക ചെല്ലുകയല്ലെ! എന്താണ് വേണ്ടതു!

ധമ്മ: ഭവാന്റെ അനുഗ്രഹംകൊണ്ടു വേണ്ടതൊക്കെയും നമുക്കു വന്നുകൂടട്ടെ. അതിന്നുവേണ്ടി

ഭരതവാക്യം

ശ്ലോ. ശൈലേന്ദ്രാത്മജ തങ്കമങ്കതടിതൻ
മേവേന്തിട്ടും കാന്തിത-
ന്നാലേപാലനരാത്ര മോഷധിമഹ-
സ്സാലേവിരാജത്തമം
പ്രാലേയാചല ഭംഗി പൊങ്ങിവിലസും
ബാലേന്ദുചൂഡന്റെ തൃ-
ക്കാലേക്രുപ്പുക! നാം "പ്രിയാപ്തി"യതിനി-
ക്കാലേ വിശാലേച്ഛയാ.

ആനന്ദനിർവ്വതി എന്ന അഞ്ചാം അങ്കം കഴിഞ്ഞു.

ഒന്നാംഭാഗം സമാപ്തം.

## മംഗളം.

പദം 98. ഭൂപാളം=മുറിയടന്ത

പുരഹരശങ്കര! മംഗളം
തരികിങ്ങലം . . . . .
പരിഹൃതപാതകസംകുലം
പാഹിവിഭോ ശ്രീശംഭോ!
ജനിമൃതിജലനിധിനാവിക! പദസേവക-
ജനജനിതാഖിലഭാവുക! —പാഹി—
മതിയതിൽമമജഗൽകാരണ! സുരചാരണ-
നത!വിലസണംനിൻകാൽത്താരിണ —പാഹി—
ചരണമരുണമിഹവന്ദേഹം, ഗതസന്ദേഹം
കരുണവരണമെന്നിലനഘഹം —പാഹി—

ശുഭം.

# മനോഹരങ്ങളായ

# സ്വൎണ്ണാഭരണങ്ങൾ.

## ഫേൻസി ഝൂലറി വൎക്ക്സ്,

തലശ്ശേരി.

വാങ്ങുവിൻ! അലങ്കരിക്കുവിൻ!



മാന്യ സമ്പന്നന്മാൎക്കു നല്ലൊരവസരം. ഇതാ പോലീസ്സ് സ്റ്റേഷ്യന്നുസമീപം ഞങ്ങളുടെ ഷാപ്പിൽ കല്ലുപതിച്ചതും പതിക്കാത്തതും ആയ രമണീയ കനകാഭരണങ്ങൾ വില്പനക്കു തെയ്യാറാക്കിയിരിക്കുന്നു.

കൃത്യസമയം, ആദായനിരക്ക്, കൂടാതെ ശുദ്ധ വെള്ളിത്തബ്ലർ, പ്ലൈററ്, മെഡിൽസ്, ടീ പോട്ട്, സ്പൂൺ മുതലായ നിത്യോപയോഗസാധനങ്ങളും തയ്യാർ.

പ്രൊപ്രൈററർ: **എം. കെ. ആചാരി**

തലശ്ശേരി.

Registered No. M. 4173 June 19


# കുട്ടമത്തു് കുന്നിയൂര്
# സാഹിത്യസമുച്ചയം

ദ്വിതീയവർഷം

മഹാകവി കുട്ടമത്തിന്റേയും പൂർവ്വീകന്മാരുടേയും കവ
ഗ്രന്ഥങ്ങൾ പ്രതിമാസം പ്രസിദ്ധീകരിച്ചുവരുന്നപു
സ്തകങ്ങൾക്കു കൊല്ലത്തിൽ വരിസംഖ്യ 3ക.
(മൂന്നുറുപ്പിക മാത്രം) മുൻകൂർ.

ഒന്നാം വർഷത്തിലെ 12 ലക്കം ൮ പുസ്തകങ്ങളും കുട്ടമത്തിന്റെ "കാളീയമർദ്ദനം", "ഭാഷായമകം" മുതലായ ഇതര ഗ്രന്ഥങ്ങളും വില്പനയ്ക്കു് തെയ്യാറുണ്ടു്

പ്രസാധകൻ,

കുട്ടമത്തു് കുന്നിയൂര് സാഹിത്യസമുച്ചയം,

പോസ്റ്റ്—തലശ്ശേരി.

---

# എ. കെ. ഔഷധാലയം,—പുന്നാട്.

കൊളാരി രാമുണ്ണി വൈദ്യരുടെ മേൽനോട്ടത്തിൽ സ്ഥാപിച്ച "എ. കെ. ഔഷധാലയ"ത്തിൽ എല്ലാവിധ തൈലങ്ങൾ, ഗുളികകൾ, ദ്രാവകങ്ങൾ, പൊടികൾ, അരിഷ്ടങ്ങൾ കൂടാതെ വിശേഷിച്ചു

1. പതിനെട്ടുപസ്മാരങ്ങൾക്കും പാററുന്ന പച്ചില പെരുമാളാദിതൈലം
2. വസ്തിപ്രമേയാന്തകം ഗുളിക.
3. നവസാമരസം. 4. കഞ്ഞുണ്ണി ആവർത്തനം, 5. ശുദ്ധബല ആവർത്തനം. 6. ക്ഷീരബല ആവർത്തനം. 7. മർമ്മ ഗുളികകൾ. 8. സർവ്വ വിഷനാശിനി ഗുളിക. 9. വലിയ നിമ്മാദിതൈലം.

ഇവകളും വില്പനക്കു് തെയ്യാറുണ്ടു്.

മേൽവിലാസം: എ. കെ. കുഞ്ഞികൃഷ്ണക്കുറുപ്പു്,

എ. കെ. ഔഷധാലയം,

പുന്നാട്,—ഇരു

കുട്ടമത്ത് കുന്നിയൂര് സാഹിത്യസമുച്ചയം
ദ്വിതീയവർഷം നമ്പ്ര് 4.

# അംശുമതി ധർമ്മഗുപ്തം

(സംഗീതനാടകം)

ഒന്നാംഭാഗം

116

കുഞ്ഞമ്പുക്കുറുപ്പ്

Printed at the Sri Narayana Press,—Tellicherry.
and
Published by K. K. Narayana Kurup, Tellicherry.